# നവോത്ഥാന നായകർ-1

## സി.വി.കുഞ്ഞുരാമൻ (1871-1949)

741. കൊല്ലം ജില്ലയിലെ മയ്യനാട്ട് പാട്ടത്തിൽ കുടുംബത്തിൽ കുഞ്ഞിച്ചാളിയുടെയും ഞാറയ്ക്കൽ വേലായുധന്റെയും മകനായി 1871-ൽ സി.വി.കുഞ്ഞുരാമൻ ജനിച്ചു.
742. മയ്യനാട്ട് ധർമപ്പള്ളിക്ക ൂടത്തിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് കൊല്ലത്തെ സർക്കാർ ഹൈസ്കൂളിൽ ചേർന്നു. എന്നാൽ, പഠനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.
743. എട്ടാം ക്ലാസിൽ പഠിത്തം നിർത്തിയ കുഞ്ഞുരാമൻ മയ്യനാട്ട് തുടങ്ങിയ ചില സമുദായ പരിഷ്കരണ ശ്രമങ്ങളിൽ പങ്കുചേർന്നു.
744. പരവൂർ വി.കേശവനാശാന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന സുജനാനന്ദിനിയിൽ അദ്ദേഹം പദ്യങ്ങളും ലേഖനങ്ങളും എഴുതിയിരുന്നു.
745. 1893-ൽ കുഞ്ഞുരാമന് കൊല്ലത്ത് എക്സൈസ് ഓഫീസിൽ ഗുമസ്തനായി ജോലി ലഭിച്ചു.
746. മയ്യനാട്ടുകാർ പണം ശേഖരിച്ച് സ്ഥാപിച്ച വെള്ളമണൽ സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്ററായി സി.വിയെ നിയമിച്ചു.
747. പിന്നീടദ്ദേഹം കൊല്ലം ഇംഗ്ളീഷ് ഹൈസ്കൂളിൽ മുൻഷിയായി. ഒരുമാസം കഴിഞ്ഞ് തിരികെ വെള്ളമണൽ സ്കൂളിലെത്തിയ അദ്ദേഹം കടയ്ക്കാവൂർ, കായിക്കര, പരവൂർ എന്നിവിടങ്ങളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു.
748. സുജനാനന്ദിനിയിൽ ഉപപത്രാധിപരായിരിക്കുമ്പോൾത്തന്നെ സ്വന്തമായി ഒരു പത്രം എന്ന സ്വപ്നം സി.വി.ക്ക് ഉണ്ടായിരുന്നു.
749. 1911-ൽ അത് സാക്ഷാത്കരിച്ചുകൊണ്ട് കേരള കൗമുദി പ്രതിവാരപത്രമായി ആരംഭിച്ചു. മൂലൂർ എസ് പത്മനാഭപ്പണിക്കരായിരുന്നു പത്രാധിപർ.
750. സർക്കാരുദ്യോഗസ്ഥനായിരുന്നതിനാൽ പത്രത്തിന്റെ ഉടമ താനാണെന്ന് പുറത്തറിയിക്കാൻ സി.വിക്ക് കഴിഞ്ഞില്ല.
751. തീയൻ, സിംഹളൻ, ഭാഷാഭിമാനി, പി.കെ. എന്നീ വ്യാജനാമങ്ങളിലായിരുന്നു സി.വി. കേരള കൗമുദിയിൽ എഴുതിയിരുന്നത്.
752. 1913-ൽ ഉദ്യോഗം രാജിവച്ചതോടെ സി.വി.ക്ക് പത്രാധിപത്യം പരസ്യമാക്കാൻ കഴിഞ്ഞു.
753. ക്ഷേത്രപ്രവേശനവാദത്തിന്റെ നേതാവായി അറിയപ്പെടുന്നത് ടി.കെ.മാധവനാണെങ്കിലും അതിനു തുടക്കം കുറിച്ചത് സി.വിയാണ്.
754. മാധവന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ദേശാഭിമാനിയിൽ ഞങ്ങൾക്കും സർക്കാർ ക്ഷേത്രങ്ങളിൽ ഒന്ന് എന്ന ലേഖനം സി.വി. എഴുതിയതോടെ പ്രശ്നം സജീവമായി.
755. 1936-ൽ അദ്ദേഹം നയിച്ച മതപരിവർത്തനപ്രക്ഷോഭം ക്ഷേത്രപ്രവേശന വിളംബരത്തിന് കാരണമായി.
756. ഈഴവരുടെ മതപരിവർത്തനസംരംഭം എന്ന പേരിൽ സി.വി.എഴുതിയ ചെറുപുസ്തകം ലക്ഷക്കണക്കിനു പ്രതികൾ വിൽക്കപ്പെട്ടു.
757. കോട്ടയത്തെ സിഎംഎസ് ബിഷപ്പ് മൂർസായ്വിനെ സി.വി. ചെന്നുകണ്ടത് ഈഴവർ ക്രിസ്തുമതത്തിൽ ചേരുമെന്ന പ്രചാരണം ശക്തമാക്കി. ഇത് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കാൻ ഭരണാധികാരികളെ പ്രേരിതരാക്കി.
758. ഈഴവസമുദായത്തെ ആധുനികവത്കരിക്കുന്നതിന് സമാജങ്ങൾ സ്ഥാപിച്ചും വിശദീകരണ പ്രസംഗങ്ങൾ നടത്തിയും സി.വി. ആത്മാർഥമായി പരിശ്രമിച്ചു.
759. 1904-ൽ പരവൂരിൽവച്ചുനടന്ന സമുദായ പരിഷ്കാരസഭയുടെ സൂത്രധാരൻ സി.വി.കുഞ്ഞുരാമനായിരുന്നു.
760. താലികെട്ട്, തിരണ്ടുകുളി എന്നീ അടിയന്തരങ്ങൾ അനാവശ്യമാണെന്നും വിവാഹരീതി പരിഷ്കരിക്കപ്പെടണമെന്നും ശ്രീനാരായണഗുരു പരസ്യമായി പ്രഖ്യാപിച്ചത് ഈ സദസ്സിൽ വച്ചാണ്.
761. നിരവധി സാഹിത്യകൃതികളാലും പത്രങ്ങളിലും ആനുകാലികങ്ങളിലും പ്രസിദ്ധീകരിച്ച അസംഖ്യം ലേഖനങ്ങളാലും മലയാളഭാഷയെ സമ്പന്നമാക്കാനും സി.വി..യത്നിച്ചു.
762. സംസ്കൃതത്തിന്റെ പിടിയിൽനിന്ന് മലയാളത്തെ മോചിപ്പിച്ച പ്രധാനികളിലൊരാളായി സി.വി. വിലയിരുത്തപ്പെടുന്നു.
763. തിരുവിതാംകൂറിൽ ഉത്തരവാദഭരണം അനുവദിച്ചുകിട്ടാൻ പ്രക്ഷോഭണം സംഘടിപ്പിക്കുന്നതിന് സ്റ്റേറ്റ് കോൺഗ്രസ് എന്നൊരു സംഘടന രൂപവത്കരിക്കുന്നതിന് 1938 ഫിബ്രവരി 23ന് തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചത് സി.വി.കുഞ്ഞുരാമനായിരുന്നു.
764. യോഗത്തിൽ പട്ടം താണുപിള്ള പ്രസിഡന്റായും പി.എസ്.നടരാജപിള്ളയും കെ.ടി.തോമസും സെക്രട്ടറിമാരായും തിരഞ്ഞെടുക്കപ്പെട്ടു.
765. കേരള കൗമുദി പത്രാധിപരെന്ന നിലയിൽ പ്രശസ്തനായ കെ.സുകുമാരൻ രണ്ടാമത്തെ മകനായിരുന്നു. മകൾ വാസന്തിയുടെ ഭർത്താവ് സി.കേശവനായിരുന്നു.
766. 1949 ഏപ്രിൽ പത്തിന് 78-ാം വയസ്സിൽ സി.വി.കുഞ്ഞുരാമൻ അന്തരിച്ചു.

## വക്കം അബ്ദുൾ ഖാദർ മൗലവി (1873-1932)

767. പഴയ തിരുവിതാംകൂറിലെ തിരുവനന്തപുരം ജില്ലയിലെ വക്കത്ത് 1873 ഡിസംബർ 28-ന് വക്കം മൗലവി ജനിച്ചു.
768. സാമൂഹിക പരിഷ്കർത്താവ്, മികച്ച എഴുത്തുകാരൻ, ഇസ്ലാംമത പണ്ഡിതൻ,പത്രപ്രവർത്തകൻ, സ്വാതന്ത്ര്യസമരസേനാനി, പത്രമുടമ എന്നീ കർമമേഖലകളിൽ തിളങ്ങിയ വ്യക്തിത്വത്തിനുടമയായിരുന്ന വക്കം മൗലവി കേരളത്തിലെ ഇസ്ലാമിക നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.
769. മതപരിഷ്കരണ സംരംഭങ്ങളിൽ അദ്ദേഹത്തിന്റെ നിഗമനങ്ങൾ ജനങ്ങൾക്ക് ഒരു പുതുജീവിതത്തിന്റെ വെളിച്ചം പകർന്നുനൽകി. ശരി അത്ത് നിയമങ്ങളെക്കുറിച്ച് മൗലവി പറഞ്ഞ കാര്യങ്ങൾ യുക്തിക്ക് നിരക്കുന്നതും ശാസ്ത്രീയവുമായിരുന്നു.
770. കേരളത്തിലെ മുസ്ലിങ്ങൾക്കിടയിൽ സാമൂഹിക മാറ്റത്തിനും യുക്തിചിന്തയ്ക്കും എതിരായിനിന്ന യാഥാസ്ഥിതിക ശക്തികളെ തകർത്ത് മുസ്ലിം സമൂഹത്തിലെ ജീർണതയ്ക്കെതിരെ പോരാടിയ മൗലവി തിരുവിതാംകൂർ ഭരണകൂടത്തിന്റെ അനീതികളെയും അഴിമതികളെയും നഖശിഖാന്തം എതിർത്തു.
771. മുസ്ളിങ്ങൾക്കിടയിൽ അറിവിന്റെ വെളിച്ചം പകർന്ന് അവരെ നവോത്ഥാന പാതയിലെത്തിക്കുവാൻ വേണ്ടി വക്കം മൗലവി ആരംഭിച്ച മാസികയായിന്നു മുസ്ലിം.
772. രാജവാഴ്ചയുടെ പൊള്ളത്തരങ്ങൾ വെളിച്ചത്തുകൊണ്ടുവരാൻ അദ്ദേഹം 1905-ൽ ആരംഭിച്ച പത്രമാണ് സ്വദേശാഭിമാനി.
773. അഞ്ചുതെങ്ങിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന പത്രത്തിന്റെ ആദ്യ എഡിറ്റർ സി.പി.ഗോവിന്ദപ്പിള്ളയായിരുന്നു.
774. പിന്നീട് കെ.രാമകൃഷ്ണപിള്ള പത്രാധിപരാകുകയും (1906) പത്രമോഫീസും പ്രസും തിരുവനന്തപുരത്തേക്ക് മാറ്റുകയും ചെയ്തു(1907).
775. സർക്കാരിനെ എതിർക്കുന്ന പത്രത്തിന്റെ നിലപാടിൽ രോഷംപൂണ്ട അധികാരികൾ 1910-ൽ പത്രം കണ്ടുകെട്ടുകയും പത്രാധിപരായിരുന്ന കെ.രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു.
776. പ്രസ് മടക്കിക്കിട്ടുന്നതിന് ഗവൺമെന്റിനെ സമീപിക്കാൻ പലരും മൗലവിയെ ഉപദേശിച്ചു. എന്നാൽ, തന്റെ പ്രിയപ്പെട്ട പത്രാധിപരെ കൂടാതെ തനിക്ക് പത്രത്തിന്റെയുംപ്രസിന്റെയും ആവശ്യമില്ലെന്നായിരുന്നു മൗലവിയുടെ നിലപാട്.
777. നവോത്ഥാനത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ മൗലവി അവലംബമാക്കിയ പ്രസിദ്ധീകരണങ്ങളാണ് അദ്ദേഹത്തിന്റെ അൽ-ഇസ്ലാം (1918)എന്ന അറബി മലയാള പത്രവും ദീപികയും (1931).
778. തന്റെ പ്രസിദ്ധീകരണങ്ങളിലൂടെ മതപരിഷ്കരണത്തിന്റെയും വിദ്യാഭ്യാസത്തിന്റയും ആവശ്യകതയെക്കുറിച്ച് ഇസ്ലാം മതസ്ഥരെ ബോധവത്കരിക്കാൻ അദ്ദേഹം ശ്രമിച്ചു.
779. ചിറയിൻകീഴ് താലൂക്ക് മുസ്ലിം സമാജം, ആലപ്പുഴയിലെ ലജ്നത്തുൽ മുഹമ്മദീയ സംഘം, കൊടുങ്ങല്ലൂരിലെ മുസ്ലിം ഐക്യസംഘം എന്നിവ മൗലവിയുടെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ ആശയം കേരളത്തിലെമ്പാടും എത്തിക്കുന്നതിൽ മുൻകൈയെടുത്തു.
780. മാറ്റങ്ങൾ, വേണ്ടിടത്ത് വേണ്ടപ്പോൾ വേണം എന്ന മൗലവിയുടെ നിലപാട് അന്നത്തെ സമുദായ നേതാക്കളെ അമ്പരപ്പിച്ചു.
781. മൗലവിയുടെ പരിഷ്കരണ പ്രസ്ഥാനങ്ങളെ ശക്തമായി എതിർത്ത മുസ്ലിം യാഥാസ്ഥിതിക വിഭാഗം അദ്ദേഹത്തെ കാഫിർ എന്ന് പരിഹാസപൂർവം വിശേഷിപ്പിച്ചിരുന്നു.
782. യാഥാസ്ഥിതിക നിലപാടുകളെ വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ടുപോയ മൗലവിയുടെ പരിശ്രമഫലമായി മുസ്ലിം കുട്ടികളുടെ വിദ്യാഭ്യാസ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറബി ഭാഷാ പരിഷ്കരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കപ്പെട്ടു.
783. കൊടുങ്ങല്ലൂർ ആസ്ഥാനമായി രൂപം കൊണ്ട മുസ്ലിം ഐക്യസംഘത്തിന്റെ പ്രഥമ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് വക്കം മൗലവിയായിരുന്നു.
784. അഖില തിരുവിതാംകൂർ മുസ്ലിം മഹാജനസഭ സ്ഥാപിച്ചത് വക്കം മൗലവിയാണ്.
785. മുസ്ലിം സമുദായത്തെ ബാധിക്കുന്ന മതപരവും സാമുദായികവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദിയായി ഈ പ്രസ്ഥാനം പ്രവർത്തിച്ചു.
786. തിരുവിതാംകൂർ സർക്കാരിന്റെ മുസ്ലിം ബോർഡിന്റെ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു.
787. 1931-ൽ മൗലവി ഇസ്ലാമിക് പബ്ലിഷിങ് ഹൗസ് സ്ഥാപിച്ചു.
788. 1932 ആഗസ്ത് 23-ന് വക്കം മൗലവി അന്തരിച്ചു.

## ആനന്ദതീർഥ സ്വാമികൾ (1905-1987)

789. തലശ്ശേരിയിലെ ഒരു ഗൗഡസാരസ്വത കുടുംബത്തിൽ റാവുസാഹിബ്-ദേവൂഭായി ദമ്പതികളുടെ മകനായി 1905 ജനുവരി രണ്ടിന് ജനിച്ച ആനന്ദ ഷേണായിയാണ് പിൽക്കാലത്ത് ആനന്ദതീർഥനായത്.സവർണനായി ജനിച്ചെങ്കിലും ബാല്യകാലത്തുതന്നെ ജാതിവ്യവസ്ഥയുടെ ക്രൂരമായ ചില ദുരനുഭവങ്ങൾ അദ്ദേഹത്തിനുണ്ടായി.
790. തലശ്ശേരി ബ്രണ്ണൻ സ്കൂൾ, ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം മദ്രാസ് പ്രസിഡൻസി കോളേജിൽനിന്ന് രണ്ടാം റാങ്കോടെ ബി.എ.ഓണേഴ്സ് പാസായി.
791. സ്വാതന്ത്ര്യസമരത്തോടൊപ്പം അയിത്തത്തിനെതിരെയും പടപൊരുതാൻ ആനന്ദൻ നിശ്ചയിച്ചുറച്ചു. ഭാരതീയ സാമൂഹിക പരിഷ്കർത്താക്കളുടെ രചനകൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു.
792. സി.രാജഗോപാലാചാരിയുടെ അനുഗ്രഹാശിസ്സുകളോടെ 1926 സെപ്തംബർ പത്തിന് പാലക്കാട്ടെ ശബരി ആശ്രമത്തിലെ അന്തേവാസിയായി. എന്നാൽ, അവിടെ ജാതിവിവേചനം ഉണ്ടെന്ന് കണ്ടപ്പോൾ അതിനെതിരെ കലാപമുണ്ടാക്കി.
793. പാലക്കാട്ടുനിന്ന് അന്നത്തെ ബോംബെ പ്രവിശ്യയിലെ സബർമതി ആശ്രമത്തിലേക്കുള്ള അദ്ദേഹത്തിന്റെ പദയാത്ര ഏറെ ശ്രദ്ധിക്കപ്പെട്ടു.
794. 1928 ആഗസ്ത് മൂന്നിന് ശിവഗിരിയിലെ ശാരദാ ക്ഷേത്രത്തിൽവച്ച് ആനന്ദ ഷേണായി, ആനന്ദതീർഥനായി. ശ്രീനാരായണഗുരുവിന്റ അവസാനത്തെ ശിഷ്യനാണദ്ദേഹം. തുടർന്ന് അയിത്തോച്ചാടന പ്രവർത്തനങ്ങളിൽ അദ്ദേഹം കൂടുതൽ സജീവമായി.
795. അവശസമുദായങ്ങൾക്കുവേണ്ടിയുള്ള തന്റെ പ്രവർത്തനം അദ്ദേഹം തമിഴ്നാട്ടിലേക്കും വ്യാപിപ്പിച്ചു. ഹരിജനങ്ങളെക്കൂട്ടി അമ്പലത്തിൽ കയറുക, പൊതുകുളത്തിൽ കുളിക്കുക, അയിത്താചാരണങ്ങളെ വെല്ലുവിളിക്കുക തുടങ്ങിയ പരിപാടികളിലൂടെ അദ്ദേഹം അനാചാരങ്ങൾക്കെതിരെ പോരാടി. ഇതുകാരണം അദ്ദേഹത്തിന് നിരവധി പ്രാവശ്യം സവർണരിൽനിന്ന് മൃഗീയ മർദ്ദനം ഏൽക്കേണ്ടിവന്നു.
796. സിവിൽ ആജ്ഞാലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി തമിഴ്നാട്ടിലെ വേദാരണ്യത്ത് സി.രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുകുറുക്കൽ സമരത്തിൽ ആനന്ദതീർഥനും പങ്കെടുത്തു. അറസ്റ്റുചെയ്യപ്പെട്ട അദ്ദേഹം മൂന്നുമാസം ജയിലിൽ കഴിഞ്ഞു. പിന്നീട് സജീവ രാഷ്ട്രീയം ഉപേക്ഷിച്ചു.
797. ഗുരുവായൂർ സത്യാഗ്രഹത്തിൽ നേതൃത്വപരമായ ഒരു പങ്ക് ആനന്ദതീർഥനും വഹിച്ചു. 1931 നവംബർ 21-ന് പയ്യന്നൂരിൽ ശ്രീനാരായണ വിദ്യാലയം സ്ഥാപിച്ച അദ്ദേഹം വിദ്യാഭ്യാസ മേഖലയിലും സജീവമായ പ്രവർത്തനങ്ങൾ നടത്തി. 1931-ൽ സ്ഥാപിച്ച ജാതിനാശിനി സഭയിലൂടെ ആനന്ദതീർഥൻ മിശ്രവിവാഹവും മിശ്രഭോജനവും പ്രോത്സാഹിപ്പിച്ചു.
798. തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ അഹിന്ദുക്കൾക്കും പ്രവേശനം ആവശ്യപ്പെട്ടുകൊണ്ടുള്ള സത്യാഗ്രഹം (1978), ഗുരുവായൂർ ക്ഷേത്രത്തിലെ ഊട്ടുപുരയിൽ അബ്രാഹ്മണർക്കും പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സത്യാഗ്രഹം (1982) എന്നിവ ആനന്ദതീർഥന്റെ ജീവിതത്തിലെ നാഴികക്കല്ലുകളാണ്.
799. ശിവഗിരി ട്രസ്റ്റ് അംഗം, ശ്രീനാരായണ ധർമസംഘത്തിന്റെ അധ്യക്ഷൻ, ശിവഗിരി മഠാധിപതി എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള താമ്രപത്രം നൽകി 1972-ൽ രാജ്യം അദ്ദേഹത്തെ ആദരിച്ചു.
800. ആനന്ദതീർഥ സ്വാമികൾ 1987 നവംബർ 21-ന് സമാധിയായി.

# നവോത്ഥാന നായകർ-2

## വി.ടി.ഭട്ടതിരിപ്പാട് (1886-1982)

401. പൊന്നാനി താലൂക്കിൽ മേഴത്തൂർ വെള്ളിത്തിരുത്തി മനയിൽ 1886 മാർച്ച് 24-ന് വി.ടി.ഭട്ടതിരിപ്പാട് ജനിച്ചു.പിതാവ് തുപ്പൻ ഭട്ടതിരിപ്പാട്, മാതാവ് ശ്രീദേവി അന്തർജനം.

402. വെള്ളിത്തിരുത്തി താഴത്തുമനയിൽ രാമൻ ഭട്ടതിരിപ്പാട് എന്നാണ് വി.ടി.യുടെ പൂർണനാമം.

403. നമ്പൂതിരി സമുദായ പരിഷ്കർത്താവ്, സാമൂഹിക പ്രവർത്തകൻ,എഴുത്തുകാരൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രതിഭ തെളിയിച്ച വി.ടി.യെ ചരിത്രം വിലയിരുത്തുന്നത് നമ്പൂതിരിയെ മനുഷ്യനാക്കിയ സാമൂഹിക പരിഷ്കർത്താവായിട്ടാണ്. നിസ്തുലമായ സംഭാവനയാണ് നമ്പൂതിരി സമുദായത്തിന്റെ പുരോഗതിയ്ക്കായി വി.ടി. അർപ്പിച്ചത്.

404. ചെറുപ്പകാലത്ത് വിദ്യാഭ്യാസം നടത്താൻ വി.ടി.ക്ക് അവസരം ലഭിച്ചില്ല. ഉപജീവനാർഥം ഷൊർണൂരിനടുത്ത് മുണ്ടമുക ശാസ്താക്ഷേത്രത്തിൽ ശാന്തിക്കാരനായെങ്കിലും (1913) പണി ഉപേക്ഷിച്ച് വിദ്യാലയത്തിൽ ചേർന്നു. നമ്പൂതിരി വിദ്യാലയത്തിലെ വിദ്യാർഥി എന്ന ദ്വൈമാസികയുടെ പ്രവർത്തനങ്ങളിലേർപ്പെട്ടു.

405. അഹമ്മദാബാദ് കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുക്കാൻ പോയെന്ന (1921) കാരണത്താൽ സമുദായം വി.ടി.ക്ക് ഭ്രഷ്ട് കൽപിച്ചു.

406. 1931-ൽ തൃശ്ശൂർ മുതൽ കാസർകോട് ചന്ദ്രഗിരിപ്പുഴവരെ വി.ടി. യാചനാപദയാത്ര നടത്തി തുക സംഭരിച്ചു. ഇതിന്റെ ലക്ഷ്യം ദരിദ്രവിദ്യാർഥികൾക്ക് പഠിക്കാനുള്ള സാഹചര്യമൊരുക്കി സമുദായ പുരോഗതി കൈവരിക്കുക എന്നതായിരുന്നു.

407. 1908-ൽ സ്ഥാപിതമായ നമ്പൂതിരിമാരുടെ സംഘടനയായ യോഗക്ഷേമ സഭയിലൂടെയാണ് വി.ടി. സംഘടനാ പ്രവർത്തനം ആരംഭിച്ചത്.

408. 1908 മാർച്ചിൽ ശിവരാത്രിദിവസം ആലുവ, ചെറുമുക്ക് വൈദികന്റെ ഇല്ലത്തുവച്ച് ദേശമംഗലം ശങ്കരൻ നമ്പൂതിരിപ്പാടിന്റെ അധ്യക്ഷതയിൽചേർന്ന യോഗമാണ് യോഗക്ഷേമസഭയ്ക്ക് നേതൃത്വം നൽകിയത്.

409. സഭയിൽ ഉൽപതിഷ്ണു വിഭാഗത്തിന്റെ നേതാവായിരുന്നു വി.ടി. 1919-ൽ ഈ വിഭാഗക്കാർ നമ്പൂതിരി യുവജനസംഘം എന്നൊരു സംഘടന രൂപവത്കരിച്ചു. ഉണ്ണി നമ്പൂതിരി എന്ന പേരിൽ ഒരു മുഖപത്രവും ആരംഭിച്ചു.

410. യോഗക്ഷേമ സഭയുടെ പത്രമായ മംഗോളോദയത്തിൽ പ്രൂഫ് റീഡറായി വി.ടി.ജോലിനോക്കിയിട്ടുണ്ട്.

411. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്കൊപ്പം ദേശീയ പ്രസ്ഥാനത്തിലും വി.ടി.ഭട്ടതിരിപ്പാട് സജീവമായിരുന്നു.

412. വിജാതീയ ബന്ധ ബഹിഷ്കരണം, അന്തർജനങ്ങളുടെ വേഷപരിഷ്കരണം, കുടുമ മുറിക്കൽ, മിശ്രഭോജനം തുടങ്ങിയ സമുദായ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി.

413. ബഹുഭാര്യാത്വത്തെ നിരോധിക്കുക, വൃദ്ധവിവാഹം തടയുക, വിധവാവിവാഹം നടപ്പാക്കുക എന്നിവ യോഗക്ഷേമസഭ ഇക്കാലത്ത് ഉയർത്തിയ മുദ്രാവാക്യങ്ങളാണ്. ഒരു കുടുംബത്തിലെ മൂത്തമകൻമാത്രം സ്വജാതിയിൽനിന്ന് വിവാഹം കഴിക്കുക എന്ന അനാചാരത്തിനെതിരെയും സഭ ശബ്ദമുയർത്തി.

414. ഉണ്ണി നമ്പൂതിരി, യോഗക്ഷേമം, പാശുപതം, ഉദ്ബുദ്ധകേരളം തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്നു വി.ടി.


415. 1929-ൽ നമ്പൂതിരി യുവജനസംഘത്തിന്റെ സെക്രട്ടറിയായി വി.ടിയെ തിരഞ്ഞെടുത്തു. ഇതിന്റെ സമ്മേളനത്തിൽ അന്തർജനസമാജം രൂപവത്കരിക്കപ്പെട്ടു. അന്തർജന സമാജത്തിന്റെ പ്രവർത്തനഫലമായി നമ്പൂതിരി സ്ത്രീകൾ ഓട്ടുവളയ്ക്കുപകരം സ്വർണാഭരണങ്ങൾ അണിയാനും , ബ്ലൗസും റൗക്കയും ധരിക്കാനും തുടങ്ങി.

416. നമ്പൂതിരി സമുദായത്തിലെ യാഥാസ്ഥിതികരെപ്പോലും ഉണർത്തിയ അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് 1920-ൽ ഉണ്ണി നമ്പൂതിരിയിൽ പ്രസിദ്ധീകരിച്ചു. 1929-ലെ യോഗ ക്ഷേമസഭാ സമ്മേളനത്തിൽ ഈ നാടകം അരങ്ങേറി. അങ്ങനെ പുരുഷന്റെ നേതൃത്വത്തിലുള്ള സ്ത്രീവിമോചന പ്രസ്ഥാനം ജനശ്രദ്ധയാകർഷിച്ചു.

417. യോഗക്ഷേമസഭയുടെ 26-ാം വാർഷിക യോഗത്തിൽ വിധവാവിവാഹപ്രമേയം പാസാക്കിയത് ഏറെ ശ്രദ്ധിക്കപ്പെട്ടു.

418. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പ്രസംഗിക്കുക മാത്രമല്ല, പ്രവർത്തിച്ച് മാതൃക കാട്ടുക കൂടി ചെയ്ത സാമൂഹിക പരിഷ്കർത്താവാണ് വി.ടി.

419. വിധവയായ ഭാര്യാസഹോദരി ഉമയെ എം.ആർ.ബിയ്ക്ക് വിവാഹം കഴിച്ചുകൊടുക്കു



ന്നതിനു മുൻകൈയെടുത്തതും (1935) സ്വന്തം സഹോദരി വി.ടി.പാർവതിയെ ഇല്ലത്തുവച്ച് പി.കെ.രാഘവപ്പണിക്കർ എന്ന നായർ സമുദായംഗത്തിന് മിശ്രവിവാഹം കഴിച്ചുകൊടുത്തതും (1940) ഭാര്യയുടെ മറ്റൊരു സഹോദരിയെ തീയ സമുദായക്കാരന് വിവാഹം കഴിച്ചുകൊടുത്തതും അക്കാലത്ത് വിപ്ലവം തന്നെയായിരുന്നു.

420. വി.ടി.ഗുരുവായൂർ ക്ഷേത്രപ്രവേശന പ്രചാരണജാഥയിൽ പങ്കെടുക്കുകയും അയിത്തോച്ചാടനത്തിന് ഇനി നമുക്ക് തീ കൊളുത്തുക എന്ന ലഘുലേഖ ഉണ്ണിനമ്പൂതിരിയിൽ പ്രസിദ്ധീകരിച്ചതിന്റെ പേരിൽ കുറ്റക്കാരനാകുകയും ചെയ്തു. മാസിക കൊച്ചീ സർക്കാർ നിരോധിച്ചു.

421. ഇതിന്റെയൊക്കെ ഫലമെന്നോണം 1940-ൽ വി.ടി.യുടെ അച്ഛൻ മരിച്ചപ്പോൾ ശവസംസ്കാരത്തിന് ബന്ധുക്കൾപോലും സഹകരിച്ചില്ല.

422. ലളിതാംബിക അന്തർജനത്തിന്റെ കഥകൾ, പ്രേംജിയുടെ ഋതുമതി എന്ന നാടകം, എം.ആർ.ഭട്ടതിരിപ്പാടിന്റെ മറയ്ക്കുടക്കുള്ളില മഹാനരകം എന്ന നാടകം, മുത്തരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ അഫ്ഫന്റെ മകൾ എന്ന ആഖ്യായിക എന്നിവ നമ്പൂതിരി സമുദായത്തിലെ പരിഷ്കരണ പ്രവർത്തനങ്ങളുടെ ഗതിവേഗം വർധിപ്പിച്ചു.

423. വി.ടിയുടെ പ്രവർത്തനങ്ങളെ ഓർമയുടെ നൂലിൽകോർത്ത് പുനരാഖ്യാനം ചെയ്ത കണ്ണീരും കിനാവും ആണ് വി.ടി.ഭട്ടതിരിപ്പാടിന്റെ ആത്മകഥ. 1970-ൽ ഈ കൃതി കേരള സാഹിത്യ അക്കാദമി അവാർഡിനർഹമായി.

424. രജനീരംഗം, പോംവഴി, സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു, വെടിവട്ടം എന്നിവ വി.ടിയുടെ രചനകളാണ്.

425. 1968-ൽ തന്റെ 72-ാം വയസ്സിൽ മിശ്രവിവാഹ പ്രചാരണത്തിനായി വി.ടി. കാഞ്ഞങ്ങാട്ടുനിന്ന് ചെമ്പഴന്തിവരെ സാമൂഹിക പരിഷ്കരണജാഥ നയിച്ചു.

426. 1982 ഫെബ്രുവരി 12-ന് വി.ടി.ഭട്ടതിരിപ്പാട് അന്തരിച്ചു.

## ഡോ.അയ്യത്താൻ ഗോപാലൻ (1861-1948)

427. ഉത്തരമലബാറിലെ തലശ്ശേരിയിൽ 1861 മാർച്ച് മൂന്നിന് ജനിച്ച അയ്യത്താൻ ഗോപാലൻ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത് ബ്രണ്ണൻ സ്കൂളിലും മിഷൻ സ്കൂളിലുമായിട്ടാണ്.

428. മദ്രാസ് മെഡിക്കൽ കോളേജിൽനിന്ന് അലോപ്പതിയിൽ ബിരുദം നേടി ഡോക്ടറായി.

429. ജാത്യാചാരങ്ങളും ജാതിവ്യത്യാസങ്ങളും പാലിക്കുന്നതിൽ വിമുഖനായിരുന്ന അദ്ദേഹത്തിന് ജാത്യാഭിമാനത്തിന്റെ പ്രതീകമായിരുന്ന കുടുമ മുറിച്ചുകളഞ്ഞതിന്റെ പേരിൽ മാതൃഗൃഹത്തിൽനിന്ന് പുറത്താക്കി.

430. 1888-ൽ അദ്ദേഹം സർക്കാർ സർവീസിൽ പ്രവേശിച്ചു.

431. രാജാറാം മോഹൻ റോയിയുടെ ബ്രഹ്മസമാജത്തിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായിരുന്ന അദ്ദേഹം 1898 ജനുവരിയിൽ കോഴിക്കോട്ട് ബ്രഹ്മസമാജത്തിന്റെ ശാഖ സ്ഥാപിച്ചു.

432. ബ്രഹ്മസമാജത്തിന്റെ ബൈബിൾ എന്നറിയപ്പെടുന്നതും 1849-ൽ ദേവേന്ദ്രനാഥ ടാഗോർ രചിച്ചതുമായ ബ്രഹ്മധർമ അദ്ദേഹം മലയാളത്തിലേക്ക് തർജമ ചെയ്തു.

433. 1924-ൽ ആലപ്പുഴയിൽ ബ്രഹ്മസമാജത്തിന്റെ ശാഖ സ്ഥാപിക്കുന്നതിൽ അയ്യത്താന്റെ സഹകരണം ഉണ്ടായിരുന്നു.

434. വിഗ്രഹാരാധനയെ എതിർക്കുക, സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക,അയിത്താചരണവും ജാതിവ്യവസ്ഥയും നിർമാർജനം ചെയ്യുക എന്നീ പ്രവർത്തനങ്ങൾക്ക് അയ്യത്താൻ ഗോപാലൻ നേതൃത്വം നൽകി.

435. കോഴിക്കോട്ടും പരിസരപ്രദേശങ്ങളിലും നിരവധി മിശ്രവിവാഹങ്ങൾ നടത്തിയ അദ്ദേഹം മിശ്രഭോജനത്തെയും പ്രോത്സാഹിപ്പിച്ചു.

436. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളെ മുൻനിർത്തി ബ്രിട്ടീഷ് സർക്കാർ അയ്യത്താൻ ഗോപാലന് റാവു സാഹേബ് ബഹുമതി നൽകി ആദരിച്ചു.

437. സാരഞ്ജിനി പരിണയം, സുശീലാദു:ഖം എന്നീ നാടകങ്ങളുടെ രചനയിലൂടെ സാഹിത്യരംഗത്തും സാന്നിധ്യമറിയിച്ച ഡോ. അയ്യത്താൻ ഗോപാലൻ 1948 മെയ് രണ്ടിന് അന്തരിച്ചു.

438. ദീനാനുകമ്പയും കൈപ്പുണ്യവുമുള്ള ഭിഷഗ്വരനായും വ്യവസ്ഥിതിയുടെ ജീർണതകളുടെ ഉന്മൂലനത്തിന് നിതാന്തപരിശ്രമം നടത്തിയ നവോത്ഥാന സാരഥിയായും കേരളചരിത്രം ഡോ.അയ്യത്താൻ ഗോപാലനെ രേഖപ്പെടുത്തുന്നു.

# കേരള നവോത്ഥാനം


## സഹോദരൻ അയ്യപ്പൻ (1889–1968)

1. എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിലെ ചെറായി കുമ്പളത്തുപറമ്പിൽവീട്ടിൽ ഈഴവസമുദായ ഗമായ കൊച്ചാവു വൈദ്യന്റെയും ഉണ്ണൂലിയുടെയും ഒമ്പത് മക്കളിൽ ഏറ്റവും ഒടുവിലത്തെതായി 1889 ആഗസ്ത് 21-ന് സഹോദരൻ അയ്യപ്പൻ ജനിച്ചു.
2. സാമൂഹിക പരിഷ്കർത്താവ്, ചിന്തകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധി നേടിയ അദ്ദേഹം ശ്രീനാരായണഗുരുവിന്റെ ശിഷ്യൻ ആയിരിക്കുമ്പോഴും നാസ്തികനും മതനിഷേധിയും ആയിരുന്നു.
3. ബാല്യത്തിൽത്തന്നെ പിതാവ് മരിച്ചു. ജ്യേഷ്ഠനായ അച്യുതൻ വൈദ്യരാണ് അദ്ദേഹത്തെ വളർത്തിയത്.
4. ചെറായി, വടക്കൻ പറവൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിന് ചെന്നൈയിൽ പോയെങ്കിലും പൂർത്തിയാക്കാതെ മടങ്ങി.
5. ശ്രീനാരായണഗുരുവിന്റെയും കുമാരനാശാന്റെയും പ്രോത്സാഹനത്താൽ ചരിത്രത്തിൽ ബിരുദം നേടി. പിന്നീടദ്ദേഹം തിരുവനന്തപുരം ലോ കോളേജിൽനിന്ന് നിയമബിരുദവും നേടി.
6. സഹോദരൻ അയ്യപ്പൻ ചെറായിയിൽ സ്ഥാപിച്ച വിദ്യാപോഷിണി എന്ന സാംസ്കാരിക സംഘടനയായിരുന്നു പൊതുപ്രവർത്തനത്തിൽ മികവാർജിക്കാൻ അദ്ദേഹത്തെ പ്രാപ്തമാക്കിയത്.
7. സഹോദര പ്രസ്ഥാനത്തിന്റെ സ്ഥാപകനാണ് സഹോദരൻ അയ്യപ്പൻ(1917). കേരളസമൂഹത്തിൽ വേരോടിയിരുന്ന അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടലായിരുന്നു അതിന്റെ ലക്ഷ്യം. ഈഴവസമുദായത്തിലെ യാഥാസ്ഥിതികരും ഉൽപതിഷ്ണുക്കളും തമ്മിലുള്ള സംഘർഷത്തിന് ഈ സംഘടനയുടെ രൂപവൽക്കരണം തുടക്കം കുറിച്ചു.
8. ജാതി നശീകരണമായിരുന്നു പ്രസ്ഥാനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച പത്രമാണ് സഹോദരൻ. ഇതൊടെ അദ്ദേഹം സഹോദരൻ അയ്യപ്പൻ എന്നറിയപ്പെട്ടുതുടങ്ങി.
9. മിശ്രഭോജനം എന്ന സമ്പ്രദായം ആവിഷ്കരിച്ച അയ്യപ്പൻ ജാതിവ്യവസ്ഥയുടെ കാർക്കശ്യങ്ങൾക്കെതിരെ പ്രതികരിച്ചു.
10. വ്യത്യസ്തജാതിക്കാർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന രീതിയാണ് മിശ്രഭോജനം. 1917-ൽ ചെറായി എന്ന സ്ഥലത്താണ് ഇതിനു തുടക്കമിട്ടത്. ഇതിൽ അസഹിഷ്ണുത പൂണ്ട യാഥാസ്ഥിതികർ, അയ്യപ്പനെ പുലയൻ അയ്യപ്പൻ എന്ന് കളിയാക്കിവിളിച്ചു.
11. മതം ഒരു വ്യക്തിയുടെ സ്വകാര്യവിഷയമാണെന്ന് കരുതിയിരുന്ന അയ്യപ്പൻ മതവിശ്വാസത്തിന് എതിരായിരുന്നില്ല. എന്നാൽ, അദ്ദേഹം ജാതിവ്യവസ്ഥയെ അതിശക്തമായി എതിർത്തു. അതിനെ വിമർശിച്ചുകൊണ്ട് അദ്ദേഹം നിരവധി ലേഖനങ്ങൾ എഴുതി.
12. ശ്രീനാരായണ ഗുരുവിന്റെ 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ഉപദേശം ഗുരുവിന്റെ അനുമതിയോടെ, സഹോദരൻ അയ്യപ്പൻ 'ജാതി വേണ്ടാ മതം വേണ്ടാ മനുഷ്യന്' എന്ന് ഭേദഗതി ചെയ്തു.



13. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും അയ്യപ്പൻ പ്രയത്നിച്ചു.
14. കോഴിക്കോട് ആസ്ഥാനമായ ആത്മവിദ്യാസംഘവുമായും സഹോദരൻ അയ്യപ്പൻ സഹകരിച്ചു.
15. 1928-ൽ എറണാകുളത്ത് ആരംഭിച്ച യുക്തിവാദി മാസികയുടെ സ്ഥാപകരിൽ പ്രമുഖനായിരുന്നു സഹോദരൻ അയ്യപ്പൻ. മാസികയുടെ ആപ്തവാക്യ ശ്ലോകം അയ്യപ്പനാണ് രചിച്ചത്. ഇപ്രകാരമാണത്-*യുക്തിയേന്തി മനുഷ്യന്റെ/ബുദ്ധി ശക്തി ഖനിച്ചതിൽ/ലഭിച്ചതില്ലായൊന്നും/ലോക വിജ്ഞാന രാശിയിൽ.*
16. അയ്യപ്പൻ ആരംഭിച്ച മറ്റൊരു പ്രസിദ്ധീകരണമാണ് വേലക്കാരൻ.
17. പിന്നീട് രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായ അയ്യപ്പൻ കൊച്ചീരാജ്യത്തെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവായി.
18. കൊച്ചീരാജ്യത്ത് ഉത്തരവാദഭരണവും പ്രായപൂർത്തിവോട്ടവകാശവും നേടിയെടുക്കാൻ വിശ്രമില്ലാതെ പ്രവർത്തിച്ച സഹോദരൻ അയ്യപ്പൻ 1928-ൽ കൊച്ചിൻ ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.പിന്നീട് 21 വർഷക്കാലം അദ്ദേഹം ഈ സ്ഥാനത്ത് തുടർന്നു.
19. കൊച്ചിൻ ലജിസ്ലേറ്റീവ് കൗൺസിലംഗമെന്ന നിലയിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കരംതീരുവയുടെ അടിസ്ഥാനത്തിൽ വോട്ടവകാശം നൽകുന്നതിനെതിരെയും കൊച്ചീരാജ്യത്ത് ഉത്തരവാദ ഭരണകൂടം സ്ഥാപിക്കുന്നതിനുവേണ്ടിയും ശക്തിയുക്തം വാദിച്ച നേതാവാണ് സഹോദരൻ അയ്യപ്പൻ. പ്രായപൂർത്തി വോട്ടവകാശം നേടിയെടുക്കാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു.
20. 1936-ൽ ടി.കെ.നായർ രൂപവത്കരിച്ച, കൊച്ചീരാജ്യത്തെ ആദ്യത്തെ രാഷ്ട്രീയ പാർട്ടിയായ കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതാക്കളിലൊരാളായിരുന്നു അയ്യപ്പൻ.
21. 1938-ൽ സഹോദരൻ അയ്യപ്പൻ എസ്എൻഡിപി യോഗം പ്രസിഡന്റായി. ഇതേവർഷംതന്നെ അദ്ദേഹം സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപംനൽകി.
22. പനമ്പിള്ളി ഗോവിന്ദമേനോൻ, സി.ആർ.ഇയ്യുണ്ണി, ടി.കെ.നായർ എന്നിവർക്കൊപ്പം 1946 ഡിസംബർ ഒമ്പതിന് സഹോദരൻ അയ്യപ്പനും കൊച്ചീരാജ്യത്ത് മന്ത്രിയായി സ്ഥാനമേറ്റു. കേരള ചരിത്രത്തിലെ ആദ്യത്തെ ജനകീയ മന്ത്രിസഭയാണിത്. എന്നാൽ, ഇതിന് മുഖ്യമന്ത്രിയോ പ്രധാനമന്ത്രിയോ ഉണ്ടായിരുന്നില്ല,
23. സ്വാതന്ത്ര്യാനന്തരം കൊച്ചിയിൽ ഉത്തരവാദഭരണം സ്ഥാപിച്ചതിനുശേഷം 1947സെപ്തംബർ ഒന്നിന് പനമ്പിള്ളി ഗോവിന്ദമേനോൻ പ്രധാനമന്ത്രിയായി ചുമതലയേറ്റ മന്ത്രിസഭയിലും സഹോദരൻ അയ്യപ്പൻ മന്ത്രിയായി.
24. കൊച്ചീ രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയ രാജേന്ദ്രമൈതാനം സംഭവത്തോടെ അതുവരെ പ്രജാമണ്ഡലത്തിൽനിന്ന് അകന്നുനിന്നിരുന്ന സഹോദരൻ അയ്യപ്പൻ ഉൾപ്പെടെ പല നേതാക്കളും അതിൽ ചേർന്ന് പാർട്ടിയ ശക്തിപ്പെടുത്താൻ തീരുമാനിച്ചു.
25. 1948-ൽ കൊച്ചിയിൽ ചുമതലയേറ്റ ഇക്കണ്ടവാര്യർ മന്ത്രിസഭയിലും അയ്യപ്പൻ അംഗമായിരുന്നു.
26. 1949-ലെ തിരു-കൊച്ചി രൂപവത്കരണശേഷം അദ്ദേഹം പറവൂർ ടി.കെ.നാരായണ പിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലും അംഗമായി. ആരോഗ്യകാരണങ്ങളാൽ പിന്നീട് അയ്യപ്പൻ മന്ത്രിപദം രാജിവച്ചു (1950). ക്രമേണ അദ്ദേഹം സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളിൽനിന്ന് പിൻവാങ്ങി.
27. 1968 മാർച്ച് ആറാം തീയതി സഹോദരൻ അയ്യപ്പൻ അന്തരിച്ചു.
28. ചെറായിയിലാണ് സഹോദരൻ അയ്യപ്പൻ സ്മാരകം.

# കേരള നവോത്ഥാനം



## കെ.കേളപ്പൻ (1890–1971)

55. ഒരിക്കൽ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച നാടിനെ അടിമത്തത്തിന്റെയും അനാചാരങ്ങളുടെയും ഇരുണ്ടയുഗത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും വെളിച്ചത്തിലേക്ക് നയിച്ച ആധുനിക കേരളത്തിലെ സാമൂഹ്യപരിഷ്കർത്താക്കളിൽ പ്രാതഃസ്മരണീയമാണ് കെ.കേളപ്പൻ എന്ന നാമം. സത്യവും അഹിംസയും സ്നേഹവും ഈശ്വര സാക്ഷാത്കാരത്തിനായുള്ള മാർഗങ്ങളായി കരുതുകയും ഭീരുത്വത്തെ വെറുക്കുകയും പരാജയത്തെക്കാൾ നല്ലത് മരണമാണെന്ന് വിശ്വസിക്കുകയും ചെയ്ത ഗാന്ധിജിയുടെ ദർശനങ്ങൾ മുറുകെപ്പിടിച്ചാണ് അനീതിയ്ക്കും അടിമത്തത്തിനുമെതിരെയുള്ള സന്ധിയില്ലാസമരത്തിൽ അദ്ദേഹം മുന്നേറിയത്.
56. പയ്യോളിക്കടുത്ത് മൂടാടിയിൽ 1890 സെപ്തംബർ 9–ന് ജനിച്ച കേളപ്പൻ കൊയിലാണ്ടി, തലശ്ശേരി എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസവും കോഴിക്കോട്ടും മദ്രാസിലുമായി കോളേജ് വിദ്യാഭ്യാസവും പൂർത്തിയാക്കി.
57. 1914–ൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്ത് അദ്ദേഹം മന്നത്തു പത്മനാഭനെ പരിയചപ്പെട്ടു.
58. അക്കാലത്ത് രൂപം കൊണ്ട നായർ ഭൃത്യജന സംഘം (പിൽക്കാലത്ത് നായർ സർവീസ് സൊസൈറ്റി) ത്തിന്റെ സ്ഥാപക പ്രസിഡന്റ് സ്ഥാനം കേളപ്പൻ വഹിച്ചു.
59. 1920–ൽ കേളപ്പൻ നിയമവിദ്യാഭ്യാസത്തിന് ബോംബെയ്ക്ക് പോയെങ്കിലും നിസ്സഹകരണ പ്രസ്ഥാനത്തിനുള്ള ഗാന്ധിജിയുടെ ആഹ്വാനത്തെത്തുടർന്ന് വിദ്യാഭ്യാസം പൂർത്തിയാക്കാതെ മടങ്ങി.
60. പൊന്നാനി താലൂക്കിലെ കോൺഗ്രസ് സെക്രട്ടറിയായി രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയ അദ്ദേഹം 1921–ൽ മലബാറിൽ പൊട്ടിപ്പുറപ്പെട്ട മാപ്പിള ലഹള ശമിപ്പിക്കുന്നതിന് സജീവമായി ഇടപെട്ടു.
61. 1924–ൽ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് കേളപ്പൻ ജയിൽവാസം വരിച്ചു.
62. 1927ൽ കോഴിക്കോട് പാറൻ സ്ക്വയറിൽ ഗാന്ധിജിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപവത്കൃതമായ കേരള അന്ത്യജോദ്ധാരണസംഘത്തിന്റെ ആദ്യ സെക്രട്ടറി കെ.കേളപ്പനായിരുന്നു. പി.കൃഷ്ണനായിരുന്നു പ്രസിഡന്റ്.
63. 1929–ൽ  കേളപ്പൻ മാതൃഭൂമി യുടെ പത്രാധിപരായി.
64. 1930–ൽ കോഴിക്കോട്ടു നിന്നും പയ്യന്നൂർക്ക് ഉപ്പുസത്യാഗ്രഹ ജാഥ നയിച്ച കേളപ്പൻ അതോടനുബന്ധിച്ച് കേരളത്തിൽ നടന്ന സമരപരിപാടികൾക്ക് നേതൃത്വം നൽകി.
65. പാലക്കാട്ടുനിന്ന് ടി.ആർ.കൃഷ്ണസ്വാമി അയ്യരും പൊന്നാനിയിൽനിന്ന് മൊയ്തു മൗലവിയും സമാന്തരമായി ഉപ്പു സത്യാഗ്രഹജാഥകൾ നടത്തിയെങ്കിലും പൊലീസിന്റെ അടിച്ചമർത്തലുകൾ ഏറ്റവും ക്രൂരമായി അനുഭവിച്ചത് കേളപ്പന്റെ നേതൃത്വത്തിലുള്ള ജാഥാംഗങ്ങളായിരുന്നു.
66. മലബാറിലെ തീണ്ടൽ ജാതിക്കാരുടെ സഞ്ചാരം, സ്കൂൾ പ്രവേശനം തുടങ്ങിയ മൗലികസ്വാതന്ത്ര്യങ്ങൾക്കുവേണ്ടി അദ്ദേഹം നിരവധി പോരാട്ടങ്ങൾ നടത്തി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കേളപ്പനും സ്വാമി ആനന്ദതീർത്ഥനും ചേർന്നു നയിച്ച കല്യാശ്ശേരി സമരം.
67. ഗുരുവായൂർ ക്ഷേത്രത്തിൽ തീണ്ടൽ ജാതിക്കാർക്കു പ്രവേശനം ലഭിക്കുന്നതിനു വേണ്ടി 1931–ൽ കേളപ്പൻ ഒരു സത്യാഗ്രഹത്തിനു നേതൃത്വം നൽകി. പത്തുമാസം നീണ്ടുനിന്ന സമരം ഗാന്ധിജി ഇടപെട്ടാണ് അവസാനിപ്പിച്ചത്.
68. ഗുരുവായൂർ ക്ഷേത്രത്തിലെ പ്രവേശനം സംബന്ധിച്ച പൊതുജനാഭിപ്രായം അറിയാൻ ഹിതപരിശോധന നടത്തിയ താലൂക്ക് പൊന്നാനിയാണ്.
69. 1934 മേയിൽ കോഴിക്കോട്ട് കേളപ്പന്റെ അധ്യക്ഷതയിൽ ചേർന്നയോഗം കേരള സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. സി.കെ.ഗോവിന്ദൻ നായർ പ്രസിഡന്റും പി.കൃഷ്ണപിള്ള സെക്രട്ടറിയുമായി.
70. 1936–ൽ കേളപ്പൻ വീണ്ടും മാതൃഭൂമി പത്രാധിപരായി. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രഥമാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1938–ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ആദ്യത്തെ പ്രസിഡന്റായി.
71. 1940–ൽ ഗാന്ധിജി വ്യക്തി സത്യഗ്രഹത്തിന് ആഹ്വാനം നൽകിയപ്പോൾ ആദ്യത്തെ സത്യഗ്രഹിയായി തെരഞ്ഞെടുക്കപ്പെട്ട കേളപ്പൻ, കൊയിലാണ്ടിയിൽ വച്ച്  നിയമലംഘനം നടത്തി അറസ്റ്റു വരിച്ചു (ദേശീയതലത്തിൽ വിനോബാ ഭാവെ ആയിരുന്നു ആദ്യത്തെ വ്യക്തി സത്രഗ്രഹി).
72. വിദേശവസ്ത്ര ബഹിഷ്കരണം, ഖാദി പ്രചരണം, മദ്യഷാപ്പു പിക്കറ്റിംഗ്, അയിത്തോച്ചാടനം എന്നിവയും അദ്ദേഹം തന്റെ കർമപരിപാടിയിൽ പെടുത്തിയിരുന്നു.
73. 1942–ലെ ക്വിറ്റിന്ത്യാ സമരത്തിന് പങ്കെടുത്ത് ശിക്ഷയനുഭവിച്ച് പുറത്തു വന്നതിനുശേഷം അദ്ദേഹം വീണ്ടും കെ.പി.സി.സി. പ്രസിഡന്റായി (1945–50) ആ പദവിയിലിരിക്കെ സ്വാതന്ത്ര്യലബ്ധിക്കു സാക്ഷ്യം വഹിച്ച അദ്ദേഹം ഐക്യ കേരള രൂപവത്കരണ കമ്മിറ്റി അധ്യക്ഷനായും പ്രവർത്തിച്ചു.
74. 1951–ൽ കോൺഗ്രസിൽ നിന്നും രാജിവച്ച അദ്ദേഹം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, കിസാൻ മസ്ദൂർ പ്രജാ പാർട്ടി എന്നിവയുടെ നേതാവായി.
75. 1952–ൽ അദ്ദേഹം പൊന്നാനിയിൽ നിന്നും ലോക്സഭാംഗമായി. 1953–ൽ രൂപം കൊണ്ട പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവായും അദ്ദേഹം സേവനമനുഷ്ഠിച്ചു.
76. 1955–ൽ രാഷ്ട്രീയത്തിൽ നിന്നും വിരമിച്ച കേളപ്പന്റെ പിന്നീടുള്ള ജീവിതലക്ഷ്യം ഗാന്ധിയൻ ആദർശങ്ങൾ പ്രാവർത്തികമാക്കുക എന്നതായിരുന്നു.
77. തുടർന്ന് സർവോദയ പ്രസ്ഥാനത്തിൽ ചേർന്നു പ്രവർത്തിച്ചു. അദ്ദേഹം തവനൂരിൽ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു.
78. പത്മശ്രീ നൽകി ആദരിക്കാൻ സർക്കാർ ശ്രമിച്ചെങ്കിലും ആ ബഹുമതി അദ്ദേഹം നിരസിക്കുകയാണുണ്ടായത്.
79. എം.പി.മന്മഥൻ രചിച്ച കേളപ്പന്റെ ജീവചരിത്രത്തിന് 1987–ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.
80. 1971 ഒക്ടോബർ 6 ന് കെ.കേളപ്പൻ അന്തരിച്ചു.

## എ.കെ. ഗോപാലൻ (1902–1977)

81. പാവങ്ങളുടെ പടത്തലവൻ എന്ന അപരനാമത്തിലറിയപ്പെട്ട എ.കെ.ജി എന്ന എ.കെ. ഗോപാലൻ സുദീർഘകാലത്തെ ധന്യമായ പൊതുജീവിതത്തിലൂടെ കേരള രാഷ്ട്രീയത്തിൽ ചിരസ്മരണീയമായ വ്യക്തിത്വത്തിനുടമയാണ്.
82. ആദ്യ ലോക്സഭയിലെ പ്രതിപക്ഷഗ്രൂപ്പിന്റെ നേതാവായ എ.കെ.ജി മികച്ച പാർലമെന്റേറിയൻ എന്ന നിലയിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ തന്റെ സാന്നിധ്യമറിയിച്ചിട്ടുണ്ട്. എ.കെ.ജി. ലോക്സഭയിൽ പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കാൻ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്രു കാണിച്ചിരുന്ന താല്പര്യം പ്രസിദ്ധമാണ്.
83. 1902 ജൂലൈയിൽ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ മാവിലായിയിൽ ആയില്യത്ത് കുറ്റ്യേരി മാധവിയമ്മയുടെയും വെള്ളുവകോണത്ത് രൈരു നമ്പ്യാരുടെയും മകനായിട്ടാണ് ഗോപാലൻ ജനിച്ചത്.
84. ഉൽപതിഷ്ണുവായ അച്ഛന്റെയും മൂത്ത സഹോദരന്റെയും സ്വാധീനത്തിൽ വളർന്ന ഗോപാലൻ ഏഴാം ക്ലാസിനുശേഷം അധ്യാപകനായി.  ഒഴിവുസമയങ്ങളിൽ പൊതുപ്രവർത്തനത്തിൽ മുഴുകാൻ അദ്ദേഹം താല്പര്യം കണ്ടെത്തി.
85. ഏഴുവർഷത്തോളം പെരളശ്ശേരിയിലും കോഴിക്കോട്ടും എ.കെ.ജി. അധ്യാപകനായി ജോലി ചെയ്തു.  മദ്യവർജനപ്രവർ



ത്തനം, ഖാദി പ്രചാരണം, ചർക്ക പ്രചാരണം, വിദേശ വസ്ത്ര ബഹിഷ്കരണം എന്നീ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

86. സിവിൽ ആജ്ഞാലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ 1930-ൽ കെ.കേളപ്പന്റെ നേതൃത്വത്തിൽ ഉപ്പുസത്യാഗ്രഹജാഥ പുറപ്പെട്ടപ്പോൾ പയ്യന്നൂരിൽ സ്വീകരണം നൽകിയത് എ.കെ.ഗോപാലന്റെ നേതൃത്വത്തിലായിരുന്നു.

87. തുടർന്ന് അധ്യാപകജോലി രാജിവച്ച കെ.കേളപ്പൻ കോഴിക്കോട്ട് എത്തി നിയമലംഘനം നടത്തി അറസ്റ്റുവരിച്ചു. എ.കെ.ജിയുടെ ആദ്യ ജയിൽവാസമായിരുന്നു അത്.

88. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗുരുവായൂർ സത്യാഗ്രഹം തുടങ്ങിയപ്പോൾ പ്രചാരണത്തിനായി കണ്ണൂരിൽനിന്ന് പുറപ്പെട്ട ക്ഷേത്ര സത്യാഗ്രഹജാഥയുടെ നേതാവ് സുബ്രമണ്യൻ തിരുമുമ്പും ജാഥാ ക്യാപ്റ്റൻ എ.കെ.ജിയുമായിരുന്നു.

89. ഗുരുവായൂർ സത്യാഗ്രഹ സമരത്തിന്റെ വോളണ്ടിയർ ക്യാപ്റ്റനായിരുന്ന എ.കെ.ജി. യാഥാസ്ഥിതികരുടെ ക്രൂരമർദ്ദനത്തിനിരയായി.

90. നിയമലംഘന പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയുന്ന സമയത്ത് നേതാക്കളുമായി അടുക്കാൻ കൂടുതൽ അവസരം ലഭിച്ചു.

91. സോഷ്യലിസത്തെക്കുറിച്ച് പുതിയൊരു ബോധവുമായി ജയിലിൽനിന്നിറങ്ങിയ ഒരു സംഘം യുവാക്കൾ തൊഴിലാളികളെ സംഘടിപ്പിച്ച് സ്വാതന്ത്ര്യസമരത്തിന് പുതിയൊരു ദിശാബോധം നൽകുക എന്ന തീരുമാനമെടുത്തു.

92. 1935-38 കാലയളവിൽ എ.കെ.ജി.യുടെ പ്രവർത്തനം കേന്ദ്രീകരിച്ചത് കോഴിക്കോട്ടും പരിസര പ്രദേശങ്ങളിലും തൊഴിലാളി സംഘടനകൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തിലാണ്.

93. 1934-ൽ രൂപവത്കൃതമായ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ എ.കെ.ജി. പ്രധാന പ്രവർത്തകരിലൊരാളായി. മുഴുവൻ സമയവും തൊഴിലാളികളികൾക്കിടയിൽ പ്രവർത്തിക്കാൻ താല്പര്യപ്പെട്ട എ.കെ.ജി. അവർക്കൊപ്പം ഉണ്ടും ഉറങ്ങിയും അവരിലൊരാളായി മാറി.

1935ഫെബ്രുവരിയിലെ പ്രശസ്തമായ തിരുവണ്ണൂർ കോട്ടൺ മിൽ സമരത്തിന് എ.കെ.ജി. നേതൃത്വം നൽകി. മലബാറിനെ 1930-കളിൽ ഇളക്കി മറിച്ച നിരവധി തൊഴിലാളി സമരങ്ങൾ എ.കെ.ജി. നയിച്ചു.

94. 1936-ൽ മദ്രാസ് പ്രൊവിൻസിന്റെ ആസ്ഥാനമായ ചെന്നൈയിലേക്ക് കണ്ണൂരിൽനിന്ന് പുറപ്പെട്ട കാൽനടജാഥ നയിച്ചത് എ.കെ.ജിയാണ്. പട്ടിണിജാഥ എന്ന് കേരളചരിത്രത്തിൽ അറിയപ്പെടുന്ന ഈ ജാഥ കേരളത്തിൽ സോഷ്യലിസം പ്രചരിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. 32 പേരാണ് ഈ ജാഥയിൽ എ.കെ.ജിയെ അനുഗമിച്ചത്.

95. പിന്നീട്, തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭത്തിൽ അനുഭാവം പ്രകടിപ്പിക്കാൻ കെ.പി.സി.സി. തീരുമാന പ്രകാരം കോഴിക്കോട്ടുനിന്ന് തിരുവിതാംകൂറിലേക്ക് മലബാർജാഥ നയിച്ചതും എ.കെ.ജിയാണ്. 28 പേർ അടങ്ങുന്ന ജാഥ കോഴിക്കോട്ട്നിന്ന് 1938 സെപ്തംബർ 10ന് പുറപ്പെട്ടു. സെപ്തംബർ 16ന് ജാഥ എറണാകുളത്തെത്തി. ജാഥയെ ആലുവയിൽ തടഞ്ഞ് നേതാക്കളെ അറസ്റ്റ് ചെയ്ത് (സെപ്തംബർ19) ആലപ്പുഴ ജയിലിലടച്ചു.

96. തിരുവിതാംകൂർ ദിവാൻ സി.പി.യ്ക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ എ.കെ.ജി. തിരുവിതാംകൂറിലെത്തി. ആലപ്പുഴയിൽ അദ്ദേഹം തൊഴിലാളികളെ സംഘടിപ്പിക്കാനാരംഭിച്ചു.

97. ചരിത്രപ്രസിദ്ധമായ 1938-ലെ ആലപ്പുഴ തൊഴിലാളി സമരത്തിന് എ.കെ.ജി. നേതൃത്വം നൽകി.

98. പ്രഭാതം എന്ന പേരിൽ സ്വാതന്ത്ര്യസമരത്തെ സഹായിക്കാനാരംഭിച്ച പത്രത്തിന്റെ മാനേജരായും അദ്ദേഹം പ്രവർത്തിച്ചു.

99. പ്രക്ഷോഭങ്ങൾക്കിടയിൽ പല തവണ അറസ്റ്റ് ചെയ്യുപ്പെട്ട എ.കെ.ജി. ഒളിവുജീവിതത്തിനിടയിലും തിരുച്ചിറപ്പള്ളി ഗോൾഡൻ റോക്ക് റെയിൽവെ തൊഴിലാളികളെ സംഘടിപ്പിച്ചു.

100. തിരുച്ചിറപ്പള്ളിയിൽ ഒളിവിൽ കഴിയവേ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. കുറച്ചു മാസങ്ങൾക്കുശേഷം ജയിൽചാടി രക്ഷപ്പെട്ട അദ്ദേഹം ഒളിവിൽ കഴിഞ്ഞുകൊണ്ടുതന്നെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ മുഴുകി.

101. 1944-ൽ കേരള കമ്യുണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

102. അഖിലേന്ത്യാ കിസൻ സഭയുടെ അധ്യക്ഷനും കോഫി ബോർഡ് യൂണിയന്റെ അഖിലേന്ത്യാ നേതാവുമായും അദ്ദേഹം പ്രവർത്തിച്ചു. എ.കെ.ജി.യുടെ സംഘാടനമികവിന്റെ മികച്ച ഉദാഹരണമാണ് അദ്ദേഹം സ്ഥാപിച്ച ഇന്ത്യൻ കോഫി ഹൗസ് സംരംഭം.

103. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ എ.കെ.ജി. കണ്ണൂർ ജയിലിൽ തടവറയിലായിരുന്നു. ബ്രിട്ടീഷ് സർക്കാർ സ്വാതന്ത്ര്യസമരത്തിനെതിരെ ഉണ്ടാക്കിയ അതേ നിയമമനുസരിച്ച് സ്വാതന്ത്ര്യത്തിനുശേഷം എ.കെ.ജി.യെ വിചാരണ ചെയ്തത് ബഹുജനരോക്ഷം പൊട്ടിപ്പുറപ്പെടുന്നതിനിടയാക്കി.

104. കരുതൽ തടങ്കൽ നിയമപ്രകാരം അറസ്റ്റു ചെയ്യപ്പെട്ട എ.കെ.ജി. ആ നിയമത്തിനെതിരെ സുപ്രീം കോടതിയിൽ സ്വയം വാദിച്ച് ജയിച്ച സംഭവം ചരിത്രപ്രസിദ്ധമാണ്.

105. 1952-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ കമ്യുണിസ്റ്റ് സ്ഥാനാർഥിയായി കാസർകോട് മണ്ഡലത്തിൽ മത്സരിച്ച എ.കെ.ജി. കോൺഗ്രസ് നേതാവ് സി.കെ.ഗോവിന്ദൻ നായരെ പരാജയപ്പെടുത്തി.

106. 1952 സെപ്തംബറിൽ എ.കെ.ജി. വിവാഹിതനായി. വയലാർ സ്റ്റാലിൻ എന്നറിയപ്പെട്ട സി.കെ.കുമാരപ്പണിക്കരുടെ അനന്തരവൾ സുശീലയായിരുന്നു വധു (പിന്നീട് സുശീലാ ഗോപാലൻ കേരളത്തിൽ മന്ത്രിയും പാർലമെന്റംഗവുമായി).

107. 1956-ൽ ഗുജറാത്ത് മഹാപ്രക്ഷോഭത്തിൽ പങ്കെടുത്ത് അറസ്റ്റുവരിച്ചു. പഞ്ചാബിൽ 1958-ൽ നടന്ന നികുതി വിരുദ്ധ സമരത്തിലും സഹകരിച്ചു.

108. എ.കെ.ജിയുടെ മറ്റൊരു സമരമായിരുന്നു 1960-ലെ കർഷക ജാഥ. ഇ.എം.എസ്. സർക്കാർ പാസാക്കിയ കർഷക ബന്ധബിൽ നടപ്പിലാക്കണം എന്നതായിരുന്നു ജാഥയുടെ ആവശ്യം.

109. അമരാവതി സത്യാഗ്രഹം ആരംഭിച്ചത് 1961 ജൂൺ ആറിനാണ്. പ്രായവും അനാരോഗ്യവും അവഗണിച്ചാണ് അദ്ദേഹം സമരത്തെ വിജയത്തിലേക്ക് നയിച്ചത്.

110. 1963-ൽ മുതളി-കീരിത്തോട് കുടിയിറക്കിൽ പ്രതിഷേധിച്ച് അദ്ദേഹം നിരാഹാരം നടത്തി.

111. 1971-ൽ മിച്ചഭൂമി സമരത്തോടനുബന്ധിച്ച് മുടവൻമുഗൾ കൊട്ടാരത്തിൽ നടന്ന സമരത്തിന്റെ ഭാഗമായി അദ്ദേഹം വീണ്ടും അറസ്റ്റിലായി.

112. 1964-ൽ കമ്യുണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ അദ്ദേഹം സി.പി.എമ്മിൽ നിലകൊണ്ടു. ജീവിതകാലം മുഴുവൻ ജനകീയ പ്രവർത്തനങ്ങളിലും സമരങ്ങളിലും മുഴുകിയ അദ്ദേഹം 1977 മാർച്ച് 22-ന് അന്തരിച്ചു.

113. ഇന്ത്യൻ പാർലമെന്റിൽ പ്രതിമ സ്ഥാപിക്കപ്പെട്ട ആദ്യ കമ്യുണിസ്റ്റ് നേതാവാണ് എ.കെ.ജി.

114. എന്റെ ജീവിതകഥയാണ് എ.കെ.ജിയുടെ ആത്മകഥ.

115. സി.പി.എമ്മിന്റെ ദേശീയ ആസ്ഥാനവും (ന്യൂഡൽഹിയിലെ എ.കെ.ജി.ഭവൻ) കേരളഘടകത്തിന്റെ ആസ്ഥാനവും (തിരുവനന്തപുരത്തെ എ.കെ.ജി.സെന്റർ) നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് ഈ നേതാവിന്റെ സ്മരണാർഥമാണ്.

# കേരള നവോത്ഥാനം



## വാഗ്ഭടാനന്ദൻ (1885-1939)

49. വടക്കൻ കേരളത്തിലെ കണ്ണൂരിൽ പാട്യം ഗ്രാമത്തിൽ തിയ്യ സമുദായത്തിൽ 1885-ൽ ജനിച്ച കുഞ്ഞിക്കണ്ണനാണ് പിൽക്കാലത്ത് വാഗ്ഭടാനന്ദൻ എന്ന പേരിൽ പ്രസിദ്ധനായത്.
50. മലബാർ പ്രദേശത്ത് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തങ്ങളുടെ പ്രചാരണത്തിന് അനുയോജ്യമായ പശ്ചാത്തലം ഒരുക്കിയ സാമൂഹിക പരിഷ്കർത്താവാണ് വാഗ്ഭടാന്ദൻ.
51. അധ്യാപകനായ കുഞ്ഞിക്കണ്ണന് (വി.കെ.ഗുരുക്കൾ എന്നാണ് അക്കാലത്ത് അറിയപ്പെട്ടിരുന്നത്) വേദാന്തദർശനത്തിലും സംസ്കൃതത്തിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്നു. തന്റെ പ്രവർത്തനമണ്ഡലം കണ്ണൂരിൽനിന്ന് കോഴിക്കോട്ടേക്ക് മാറ്റിയ അദ്ദേഹം ജീവിതാന്ത്യം വരെ സാമൂഹിക പ്രവർത്തനങ്ങളിൽമുഴുകി അവിടെക്കഴിഞ്ഞു.
52. ആലത്തൂർ ശിവയോഗിയുടെ ശിഷ്യത്വം സ്വീകരിച്ച കുഞ്ഞിക്കണ്ണന് വാഗ്ഭടാനന്ദൻ എന്ന പേരുനൽകിയത് ഗുരു തന്നെയാണ്. അദ്ദേഹത്തിന്റെ വാഗ്മിത്വം പരിഗണിച്ചായിരുന്നു പേരു നൽകിയത്. വാഗ്ഭടാനന്ദൻ സന്ന്യാസം സ്വീകരിച്ചിരുന്നില്ല.
53. തത്ത്വപ്രകാശിക ആശ്രമം എന്ന സംസ്കൃത വിദ്യാഭ്യാസകേന്ദ്രത്തിന്റെ സ്ഥാപകൻ വാഗ്ഭടാനന്ദനാണ്. ശിവയോഗിവിലാസം(1914) എന്ന മാസികയും അദ്ദേഹം ആരംഭിച്ചു (പിൽക്കാലത്ത് ആലത്തൂർ ശിവയോഗിയുമായുള്ള അഭിപ്രായ വ്യത്യാസം കാരണം പേര് ശിവയോഗവിലാസം എന്നു മാറ്റി).
54. കോഴിക്കോട് കേന്ദ്രമായ ആത്മവിദ്യാസംഘം എന്ന പ്രസ്ഥാനം സ്ഥാപിച്ചത് വാഗ്ഭടാനന്ദനാണ് . ആത്മവിദ്യാകാഹളം,അഭിനവ കേരളം എന്നീ വാർത്താപത്രികകളും അദ്ദേഹം ആരംഭിച്ചു. ഇവയെല്ലാംതന്നെ കേരളത്തിലെ സാമൂഹിക പരിഷ്കരണത്തിന്റെ വേഗം വർധിപ്പിച്ചു.
55. ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ/ ക്ഷണമെഴുന്നേൽപ്പിൻ, അനീതിയോടെതിർപ്പിൻ-എന്നത് അഭിനവ കേരളം മാസികയുടെ മുഖവാക്യമായിരുന്നു.
56. ആത്മവിദ്യാസംഘത്തിന്റെ അടിസ്ഥാന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന വാഗ്ഭടാനന്ദന്റെ കാവ്യമാണ് സ്വതന്ത്രചിന്താമണി.
57. വാഗ്ഭടാനന്ദൻ 1925-ൽ ആത്മവിദ്യ എന്ന ഗ്രന്ഥവും 1932-ൽ ആത്മവിദ്യാലേഖമാല എന്ന ഗ്രന്ഥവും രചിച്ചു.
58. 1929-ൽ ആത്മവിദ്യാസംഘത്തിന്റെ മുഖപത്രമായി ആത്മവിദ്യാകാഹളം ആരംഭിച്ചു. സി.പി.രാമനായിരുന്നു പത്രാധിപർ.
59. 1932-ൽ ഗാന്ധിജി ഉപവാസ സമരം ആരംഭിച്ചപ്പോൾ ആത്മവിദ്യാകാഹളത്തിൽ ഗാന്ധിജിയുടെ ആത്മാവിനെ രക്ഷിക്കുക എന്ന മുഖപ്രസംഗം എഴുതിയത് വാഗ്ഭടാനന്ദനാണ്.
60. യജമാനൻ എന്ന മാസിക വാഗ്ഭടാനന്ദനാണ് ആരംഭിച്ചത്.
61. ബഹുദൈവാരാധനയെ കഠിനമായി വിമർശിക്കുകയും ഒരു ദൈവം മാത്രമേയുള്ളുവെന്ന് പ്രഖ്യാപിക്കുകയും ചെയ്ത വാഗ്ഭടാന്ദൻ തന്റെ ആശയങ്ങൾക്ക് അടിസ്ഥാനം ഇതിഹാസങ്ങളിലും പുരാണങ്ങളിലും കണ്ടെത്തി.
62. ജാതിസമ്പ്രദായം ഹിന്ദുമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾക്ക് വിരുദ്ധമാണെന്ന് അദ്ദേഹം വിലയിരുത്തി. ജാതി സമ്പ്രദായത്തിനും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പോരാടലാണ് ഒരു അദ്വൈതാനുയായിയുടെ പ്രാഥമിക ചുമതല എന്നദ്ദേഹം പ്രഖ്യാപിച്ചു.
63. സ്നേഹവും സാഹോദര്യവുമാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് എന്നതിനാൽ മതംമാറ്റം അപ്രസക്തമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു.
64. നിരവധി ലേഖനങ്ങളിലൂടെ അദ്ദേഹം വിഗ്രഹാരാധനയ്ക്കെതിരെ ജനങ്ങളെ ഉദ്ബോധിപ്പിച്ചു.
65. സാമൂഹിക പരിഷ്കരണത്തോടൊപ്പം സാമ്പത്തിക പരിഷ്കരണത്തിന്റേതായ കാഴ്ചപ്പാടുകൂടി പുലർത്തിയ വാഗ്ഭടനന്ദൻ മലബാറിലെ ജന്മികൾ സാമ്രാജ്യത്വ ശക്തിയുടെ സഹായത്തോടെ കർഷകരെ ചൂഷണം ചെയ്യുന്നതിനെതിരെ തന്റെ വാദഗതികൾ നിരത്തി ജനശ്രദ്ധ പിടിച്ചുപറ്റി. ദാരിദ്യം ഉണ്ടാവുന്നതിൽ സമ്പന്നർക്കും പങ്കുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം.
66. വാഗ്ഭടനാന്ദന്റെ ഉദ്ബോധനങ്ങൾ വടക്കൻ കേരളത്തിൽ ദേശീയ പ്രസ്ഥാനം ശക്തിപ്പെടാൻ സഹായകമായി.
67. പിൽക്കാലത്ത് വാഗ്ഭടാനന്ദൻ ആലത്തൂർ ശിവയോഗിയുടെ വിമർശകനായി മാറി.
68. ബ്രഹ്മാനന്ദശിവയോഗിയുടെ ആശയങ്ങളെ ഖണ്ഡിച്ചുകൊണ്ട് അധ്യാത്മയുദ്ധം എന്ന പുസ്തകം രചിച്ചത് (1927) വാഗ്ഭടാനന്ദനാണ്. അദ്ദേഹത്തിന്റെ മറ്റൊരു രചനയാണ് പ്രാർഥനാഞ്ജലി.
69. 1939 ഒക്ടോബറിൽ വാഗ്ഭടാനന്ദൻ അന്തരിച്ചു.



## കെ.പി.കേശവമേനോൻ (1886-1978)

70. കേരളത്തിൽ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിപ്പോരാളി, മാതൃഭൂമി പത്രത്തിന്റെ സ്ഥാപകൻ,മാതൃഭൂമിയുടെ ആദ്യ പത്രാധിപർ, മാതൃഭൂമി എന്ന പേരിന്റെ ഉപജ്ഞാതാവ്, കേരള സാഹിത്യ അക്കാദമിയുടെ ആദ്യത്തെ ഫെല്ലോ, തുഞ്ചൻ മെമ്മോറിയലിന്റെ ആദ്യത്തെ ചെയർമാൻ, മികച്ച ഗദ്യകാരൻ, ജനപ്രിയനായ കോളമിസ്റ്റ്, ഏറ്റവും കൂടുതൽകാലം മാതൃഭൂമി പത്രാധിപരായിരുന്ന വ്യക്തി -വിവിധ തലങ്ങളിൽ ശോഭിച്ച് മലയാളിക്ക് ചിരസ്മരണീയമായ വ്യക്തിത്വത്തിനുടമയാണ് കെ.പി.കേശവമേനോൻ.
71. പാലക്കാട് രാജവംശത്തിലെ അംഗമായ നടുവിലെടത്തിൽ ഭീമനച്ചന്റെയും കിഴക്കേ പൊറ്റേവീട്ടിൽ മീനാക്ഷി നേത്യാരമ്മയുടെയും മകനായി 1886 സെപ്തംബർ ഒന്നിന് കെ.പി.കേശവമേനോൻ ജനിച്ചു.
72. കുട്ടൻ എന്നായിരുന്നു ഓമനപ്പേര്. നാലാംക്ലാസുവരെ തരൂരിലും പിന്നീട് പാലക്കാട്ടുമായിരുന്നു പഠനം.
73. 1898-ൽ കോഴിക്കോട്ടെത്തി കേരള വിദ്യാശാല(ഇന്നത്തെ ഗുരുവായൂരപ്പൻ കോളേജ്)യിൽ ചേർന്നു. പഠനം എട്ടു വർഷം തുടർന്നു.
74. മെട്രിക്കുലേഷൻ ജയിച്ച ഉടൻതന്നെ 20-ാം വയസ്സിൽ അദ്ദേഹം വിവാഹിതനായി. അതിനുശേഷം ഉപരിപഠനത്തിന് മദ്രാസിലേക്കുപോയി(1906).
75. എഫ്.എയ്ക്ക് ആദ്യവർഷം പ്രസിഡൻസി കോളേജിലാണ് പഠിച്ചത്. രണ്ടാം വർഷം കോയമ്പത്തൂരിലും.
76. ബി.എ.ബിരുദം നേടിയത് (1908) മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്നാണ്.
77. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം വേരുപിടിക്കുന്ന സമയമായിരുന്നു അത്. കേശവമേനോനും അതിലേക്ക് ആകർഷിക്കപ്പെട്ടു.
78. നിയമബിരുദം നേടാനായി 1912-ൽ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറി. മൂന്നുവർഷം ഇംഗ്ലണ്ടിൽ ചെലവിട്ടു. നിയമബിരുദം നേടി ബാരിസ്റ്ററായി.
79. ഇംഗ്ലണ്ടിലെ ജീവിതം അദ്ദേഹത്തെ മാറ്റിമറിച്ചു. ആധുനിക ജനാധിപത്യരീതികൾ കണ്ടുമനസ്സിലാക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു.

80. ഇംഗ്ലണ്ടിലെത്തിയ ഇന്ത്യൻ നേതാക്കളെ കണ്ടറിയാൻ അവസരം ലഭിച്ച അദ്ദേഹം വക്കീൽജോലിയെക്കാൾ അഭികാമ്യം ജന്മനാടിന്റെ മോചനത്തിനുവേണ്ടിയുള്ള ശ്രമമാണെന്ന് തിരിച്ചറിഞ്ഞു.

81. 1915 ജൂലൈയിൽ കേശവമേനോൻ നാട്ടിലെത്തി. ഓഗസ്തിൽ കോഴിക്കോട്ട് അഭിഭാഷകനായി പ്രവർത്തനമാരംഭിച്ചു. അടുത്ത വർഷം ഇംഗ്ലണ്ട് ജീവിതത്തെപ്പറ്റി ബിലാത്തിവിശേഷം എന്ന പുസ്തകം രചിച്ചു.

82. ആനിബസന്റ് സ്ഥാപിച്ച ഹോംറൂൾ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് 1916–ൽ കെ.പി.കേശവമേനോൻ സ്വാതന്ത്ര്യസമരരംഗത്തേക്കിറങ്ങി. ഹോംറൂളിന്റെ മലബാർ ശാഖയുടെ കാര്യദർശിയായി.

83. കെ.പി.സി.സിയുടെ ആദ്യത്തെ അധ്യക്ഷൻ കെ.മാധവൻ നായരായിരുന്നു പ്രസ്ഥാനത്തിൽ കേശവമേനോന്റെ അടുത്ത സുഹൃത്ത്.

84. 1916–ൽ മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനം പാലക്കാട്ട് നടന്നപ്പോൾ ഇന്ത്യക്ക് സ്വയംഭരണം വേണമെന്ന പ്രമേയം അവതരിപ്പിച്ചത് കേശവമേനോനായിരുന്നു. അതേവർഷം ലക്നൗ കോൺഗ്രസ് സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു.

85. 1920–ഓടെ കെ.പി.കേശവമേനോൻ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി. 1918–മുതൽ മദ്രാസിൽ അഭിഭാഷകനായിരുന്ന അദ്ദേഹം കോൺഗ്രസ് വളർത്താനായി കോഴിക്കോട്ടേക്ക് തിരിച്ചു. കെ.മാധവൻനായരുടെ വീടായിരുന്നു കോൺഗ്രസ് ഓഫീസ്.

86. ഗാന്ധിജിയുടെ ആഹ്വാനം ചെവിക്കൊണ്ട് മാതൃഭൂമിയുടെ മോചനത്തിനായി ഇറങ്ങിത്തിരിച്ചവർ അവിടെ ഒത്തുകൂടി. എ.കെ.പിള്ള, കെ.കേളപ്പൻ, മുഹമ്മദ് അബ്ദു റഹ്മാൻ തുടങ്ങിയവരെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ തുടക്കമായിരുന്ന ആ കാലഘട്ടത്തിലായിരുന്നു ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം (1920).

87. കോൺഗ്രസ് നേതൃസ്ഥാനത്ത് കെ.പി. കേശവമേനോൻ സജീവമായി. ഇക്കാലത്താണ് മലബാർ കലാപം ഉണ്ടായത് (1921). കേശവമേനോൻ, കെ.കേളപ്പൻ, മാധവൻ നായർ തുടങ്ങിയവർ ലഹളം ശമിപ്പിക്കാൻ ആവുന്നത്ര പരിശ്രമിച്ചു. പല കോൺഗ്രസ് നേതാക്കളും ജയിലിലടയ്ക്കപ്പെട്ടു.

88. സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ആശയാദർശങ്ങൾ ജനങ്ങളിലെത്തിക്കാൻ ഒരു പത്രം വേണമെന്ന ആശയം കേശവമേനോനുണ്ടായി. അതിന്റെ ഫലമായി സ്ഥാപിതമായതാണ് മാതൃഭൂമി പത്രം.

89. അഞ്ചുരൂപയുടെ 20000 ഓഹരി ശേഖരിച്ച് ഒരു ലക്ഷം രൂപയുടെ മൂലധനവുമായി 1922 ഫിബ്രവരി 15ന് മാതൃഭൂമി പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി രജിസ്റ്റർ ചെയ്തു. കറുപ്പത്ത് കേശവമേനോൻ കോഴിക്കോട്ട് നടത്തിയിരുന്ന എംപ്രസ് വിക്ടോറിയ പ്രസും സ്ഥലവും 1922 നവംബർ 13ന് വിലയ്ക്കു വാങ്ങി.

90. മഹാത്മാഗാന്ധിയുടെ 'യങ് ഇന്ത്യ'യുടെ മാതൃകയിൽ മാതൃഭൂമി 1923 മാർച്ച് 18ന് കോഴിക്കോട്ടുനിന്ന് ത്രൈവാരികയായി ആരംഭിച്ചു. ചൊവ്വ, ശനി, വ്യാഴം ദിവസങ്ങളിലായിരുന്നു പ്രസിദ്ധീകരണം.

91. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് പബ്ലിഷറായി ആരംഭിച്ച മാതൃഭൂമിയുടെ ആദ്യ പത്രാധിപർ കെ.പി.കേശവമേനോനായിരുന്നു. 1930 ഏപ്രിൽ ആറിന് മാതൃഭൂമി ദിനപ്പത്രമായി.

92. വൈക്കം സത്യാഗ്രഹത്തിന്റെ നേതാക്കളിലൊരാളായിരുന്നു കെ.പി. കേശവമേനോൻ. 1924 മാർച്ച് 30–ന് ആരംഭിച്ച സമരം 20 മാസം നീണ്ടുനിന്നു.

93. സത്യാഗ്രഹമനുഷ്ഠിച്ച കേശവമേനോനെ അറസ്റ്റുചെയ്ത് തിരുവനന്തപുരം സെൻട്രൽ ജയിലിൽ അടച്ചു. ബന്ധനത്തിൽനിന്ന് എന്ന പുസ്തകം എഴുതിയത് ഇക്കാലത്താണ്.

94. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാൾ അന്തരിച്ചതോടെ അഞ്ചുമാസത്തെ തടവിനുശേഷം ശ്രീമൂലം തിരുനാൾ മോചിതനായി.

95. തിരിച്ചെത്തിയ കേശവമേനോന് കടുത്ത പ്രതിസന്ധികളെ നേരിടേണ്ടിവന്നു. വീട്ടിലെ കടുത്ത ദാരിദ്ര്യവും ഭാര്യയുടെ മാരക രോഗവും അദ്ദേഹത്തെ വിഷമിപ്പിച്ചു.

96. ക്ഷയം ബാധിച്ച ഭാര്യയുടെ ചികിത്സയ്ക്ക് മദ്രാസിനു പോകുന്നതിനായി കേശവമേനോൻ പത്രാധിപ സ്ഥാനവും കോൺഗ്രസ് സെക്രട്ടറി സ്ഥാനവും ഒഴിഞ്ഞു. മദ്രാസിലെ ചികിത്സ ഫലപ്രദമായില്ല. ഒപ്പമുണ്ടായിരുന്ന ഭാര്യാമാതാവ് വസൂരി പിടിച്ച് മദ്രാസിൽവച്ച് മരിച്ചു.

97. നാട്ടിൽ തിരികെക്കൊണ്ടുവന്നശേഷം ഭാര്യ ലക്ഷ്മിയും മകൾ ചെല്ലമ്മയും ക്ഷയരോഗത്താൽ മരിച്ചു. ദാരിദ്ര്യം വല്ലാതെ ബുദ്ധിമുട്ടിയ അദ്ദേഹം ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ മറ്റു പോംവഴികളെക്കുറിച്ച് ചിന്തിച്ചു.

98. ഭാര്യാസഹോദരിയെ വിവാഹം കഴിച്ച കേശവമേനോൻ 1927 ഓഗസ്ത് 16–ന് മലയായിലേക്ക് പുറപ്പെട്ടു.

99. മലേഷ്യയിലും സിംഗപ്പൂരിലും (അന്ന് അവ ഒരൊറ്റ രാഷ്ട്രമാണ്) അധ്യാപകനായും അഭിഭാഷകനായും കേശവമേനോൻ പ്രവർത്തിച്ചു.

100. ബ്രിട്ടന്റെ നിയന്ത്രണത്തിലായിരുന്ന ആ പ്രദേശം രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജപ്പാൻ കീഴടക്കി.

101. ജപ്പാന്റെ പിന്തുണയോടെ സിംഗപ്പൂരിൽ ആരംഭിച്ച ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിലും കേശവമേനോൻ പങ്കാളിയായി.

102. ലീഗിന്റെ ആക്ഷൻ കൗൺസിലിൽ പ്രചാരണവിഭാഗം തലവനായി അദ്ദേഹം പ്രവർത്തിച്ചു.

103. എന്നാൽ, ജപ്പാന്റെ നയങ്ങളിൽ വിയോജിച്ച് രാജിവച്ച കേശവമേനോൻ 1944–ൽ ജയിലിൽ അടയ്ക്കപ്പെട്ടു. ആറുകൊല്ലമായിരുന്നു ശിക്ഷ.

104. ജപ്പാൻ യുദ്ധത്തിൽ തോറ്റതോടെ മേനോൻ മോചിതനായി. 1946 ഒക്ടോബറിൽ അദ്ദേഹം കുടുംബസമേതം നാട്ടിൽ തിരിച്ചെത്തി. മൂന്നുമാസത്തിനുശേഷം സിംഗപ്പൂരിലേക്ക് മടങ്ങിയ അദ്ദേഹം അവിടെ അഭിഭാഷകനായി പ്രവർത്തിച്ചു.

105. 1948 ജൂലൈയിൽ കേശവമേനോൻ വീണ്ടും നാട്ടിൽ മടങ്ങിയെത്തി. തിരിച്ചെത്തിയ അദ്ദേഹത്തെ മാതൃഭൂമി വിളിച്ചു. ഡയറക്ടർ ബോർഡ് അഭ്യർഥിച്ചതനുസരിച്ച് 1948 ഓഗസ്ത് ഒന്നിന് അദ്ദേഹം വീണ്ടും മാതൃഭൂമിയുടെ പത്രാധിപരായി.

106. 1951–ൽ കേശവമേനോൻ ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയോഗിക്കപ്പെട്ടു. രണ്ടുവർഷത്തിനുശേഷം പദവി രാജിവച്ച് 1952 സെപ്തംബർ ആറിന് കേശവമേനോൻ വീണ്ടും നാട്ടിലെത്തി. പത്രാധിപ സ്ഥാനം വീണ്ടും ഏറ്റെടുത്തു.

107. ഐക്യകേരള പ്രസ്ഥാനത്തിന്റെ സാരഥ്യം കെ.കേളപ്പൻ ഒഴിഞ്ഞപ്പോൾ പകര ം ചുമതലക്കാരനായത് കേശവമേനോനാണ്. 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപംകൊണ്ട ദിവസം എറണാകുളത്തു ചേർന്ന ഐക്യകേരള സമ്മേളനത്തിന്റെ അധ്യക്ഷൻ അദ്ദേഹമായിരുന്നു.

108. 1954 മുതൽ കേശവമേനോന്റെ കാഴ്ചശക്തി നശിക്കാൻ തുടങ്ങിയിരുന്നു. 1959–ൽ ലണ്ടനിൽനടന്ന ശസ്ത്രക്രിയ പരാജയപ്പെട്ടതോടെ അദ്ദേഹം പൂർണമായും അന്ധനായി.

109. തുടർന്ന് ജീവിതത്തിന്റെ രണ്ടുദശകങ്ങളിൽ അന്ധതയിലെ ഉൾവെളിച്ചത്തിലാണ് തന്റെ സാഹിത്യജീവിതം തുടർന്നത്.

110. 1966–ൽ പദ്മഭൂഷൺ ബഹുമതി നൽകി രാഷ്ട്രം കേശവമേനോനെ ആദരിച്ചു. 1978 നവംബർ ഒമ്പതിന് 92–ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

111. നവഭാരത ശിൽപികൾ,ഭൂതവും ഭാവിയും ,യേശുദേവൻ, മഹാത്മാഗാന്ധി എന്നിവ കേശവമേനോന്റ പ്രശസ്ത കൃതികളാണ്. കഴിഞ്ഞ കാലം എന്ന ആത്മകഥ അദ്ദേഹത്തെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിന് അർഹനാക്കി.

# കേരള നവോത്ഥാനം

## സ്വദേശാഭിമാനി
## കെ.രാമകൃഷ്ണപിള്ള (1878–1916)

331. ജീവരക്തം തൂലികയിൽനിറച്ച് ഭരണവർഗത്തിൻെറ ദുഷ്ചെയ്തികൾക്കെതിരെ സധൈര്യം പോരാടുകയും, രാജാധികാരത്തിൻെറ പ്രസക്തിയെ ചോദ്യം ചെയ്തതോടൊപ്പം പ്രജാധിപത്യത്തെക്കുറിച്ചും പൗരാവകാശങ്ങളെക്കുറിച്ചും സാധാരണക്കാരെ ബോധവാന്മാരാക്കാൻ ശ്രമിക്കുകയും ചെയ്ത നിർഭയനായ പത്രപ്രവർത്തകൻ എന്ന നിലയിലാണ് സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള കേരളചരിത്രത്തിൽ ചിരസ്മരണീയനാകുന്നത്.
332. 1878 മെയ് 25 ന് നെയ്യാറ്റിൻകരയിലാണ് രാമകൃഷ്ണപിള്ള ജനിച്ചത്. അദ്ദേഹത്തിന്റെ ജന്മഗൃഹത്തിന്റെ പേര് കൂടില്ലാ വീട് എന്നാണ്.
333. വിദ്യാഭ്യാസകാലത്തുതന്നെ രാമകൃഷ്ണപിള്ള കലാ–സാഹിത്യാദികളിൽ തൽപരനായിരുന്നു.
334. 1901 മുതൽ രണ്ടുവർഷം 'കേരളപഞ്ചിക'യുടെ പത്രാധിപത്യം വഹിച്ച അദ്ദേഹം 1903 ജൂലൈയിൽ കൊല്ലം തങ്കശ്ശേരിയിൽ നിന്ന് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന 'മലയാളി'യുടെ പത്രാധിപരായി സ്ഥാനമേറ്റു. ഇക്കാലത്താണ് 'കേരളൻ' എന്ന തൂലികാനാമത്തിൽ എഴുതിത്തുടങ്ങിയത്.
335. ഉദ്യോഗസ്ഥരോടുള്ള കടുത്ത വിമർശനം കാരണം അദ്ദേഹത്തിന് അധികനാൾ കഴിയുംമുമ്പേ സ്ഥാനമൊഴിയേണ്ടിവന്നു. 1905ൽ രാമകൃഷ്ണപിള്ള തിരുവനന്തപുരത്തുനിന്നും 'കേരളൻ' ആരംഭിച്ചു.
336. രാജാധികാരം പ്രജകളാൽ ദത്തമാണെന്ന് അദ്ദേഹം 'കേരളനി'ലൂടെ പ്രഖ്യാപിച്ചു. കെ നാരായണഗുരുക്കൾ രചിച്ച 'പാറപ്പുറം', 'ഉദയഭാനു' എന്നീ കൃതികൾ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചതിലൂടെ മലയാളത്തിൽ ആദ്യമായി രാഷ്ട്രീയനോവൽ അവതരിപ്പിച്ചത് 'കേരളൻ' ആണ്.
337. 1906 ജനുവരി 17 ന് രാമകൃഷ്ണപിള്ള 'സ്വദേശാഭിമാനി' യുടെ പത്രാധിപത്യം ഏറ്റെടുത്തതോടെ 'കേരളൻ' നിലച്ചു. 1905 ജനുവരി 19 ന് വക്കം അബ്ദുൾ ഖാദർ മൗലവി അഞ്ചുതെങ്ങിൽ ആരംഭിച്ച വാരികയാണ് 'സ്വദേശാഭിമാനി' (ഇതിന്റെ ആദ്യ പത്രാധിപർ സി.പി.ഗോവിന്ദപ്പിള്ളയായിരുന്നു).
338. 1907ൽ പത്രവും അച്ചുകൂടവും തിരുവനന്തപുരത്തേക്ക് മാറ്റി. പത്രാധിപരായ രാമകൃഷ്ണപിള്ളക്ക് എല്ലാവിധത്തിലുമുള്ള സഹകരണവും പിന്തുണയും നൽകുന്നതിൽ മൗലവി ബദ്ധശ്രദ്ധനായിരുന്നു.
339. 'ഭയലോഭകൗടില്യങ്ങൾ വളർക്കില്ലൊരു നാടിനെ' എന്ന പ്രസ്താവന മുൻതാളിലുണ്ടായിരുന്ന 'സ്വദേശാഭിമാനി'യുടെ മുഖപ്രസംഗങ്ങളിലൂടെ ശ്രീമൂലം തിരുനാൾ രാജാവിനെയും ദിവാൻ പി രാജഗോപാലാചാരിയെയും നിശിതമായി വിമർശിച്ച രാമകൃഷ്ണപിള്ളയുടെ പേര് കുറഞ്ഞകാലം കൊണ്ട് 'സ്വദേശാഭിമാനി' എന്നായി.
340. തിരുവിതാംകൂർ സർക്കാരിൻെറയും ദിവാൻെറയും ഭരണവൈകല്യങ്ങളെ നിശിതമായി വിമർശിച്ചെഴുതിയ മുഖപ്രസംഗങ്ങൾ രാമകൃഷ്ണപിള്ളയെ ഭരണകൂടത്തിന് അനഭിമതനാക്കി.
341. തിരുവിതാംകൂറിലെ കൈക്കൂലിക്കാര്യം, രാജസേവകരും തിരുവിതാംകൂർ ഗവൺമെന്റും, തിരുവിതാംകൂർ രാജഭരണം, സർക്കാർ സർവീസ് ദൂഷ്യം, ശങ്കരൻതമ്പിയെ നാടുകടത്തരുതോ, തിരുവിതാംകൂർ ദിവാൻജി, മന്ത്രിജാലം തുടങ്ങി നിരവധി മുഖപ്രസംഗങ്ങളിലെ വിമർശനങ്ങൾ തിരുവിതാംകൂറിലെങ്ങും ശക്തമായ പ്രതികരണങ്ങൾ ഉണർത്തിവിട്ടു.
342. ശ്രീമൂലം പ്രജാസഭയിലേക്ക് നെയ്യാറ്റിൻകരയിൽനിന്ന് രാമകൃഷ്ണപിള്ള തിരഞ്ഞെടുക്കപ്പെട്ടെങ്കിലും ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സർക്കാർ അദ്ദേഹത്തെ ഒഴിവാക്കി.
343. ദിവാൻ പി.രാജഗോപാലാചാരിയുടെ സദാചാര വിരുദ്ധ പ്രവർത്തനങ്ങളെ വിമർശിച്ച് 1910 ഓഗസ്ത് 24–ന് എഴുതിയ ഗർഹ്യമായ നടത്തം എന്ന മുഖപ്രസംഗം ഇങ്ങനെ അവസാനിക്കുന്നു–വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടായിരുന്നു എങ്കിൽ മിസ്റ്റർ ആചാരിയുടെ ഇന്നത്തെ കുറ്റത്തിന്, തിരുമനസ്സിലെ കുതിരക്കാരന്റെ കവുഞ്ചികൊണ്ട് ഈ മന്ത്രിസ്ഥാന വ്യഭിചാരിയുടെ തൊലി പൊളിച്ചുവിടുമായിരുന്നു എന്നുള്ളതിൽ ഞങ്ങൾക്കു സന്ദേഹമില്ല.
344. 1910 സെപ്തംബർ 26ന് സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ളയെ നാടുകടത്തിക്കൊണ്ട് തിരുവിതാംകൂർ സർക്കാരിൻെറ വിളംബരമുണ്ടായി .'സ്വദേശാഭിമാനി' പത്രം നിരോധിച്ച് അച്ചുകൂടവും ഉപകരണങ്ങളും കണ്ടുകെട്ടാനും ഉത്തരവായി.
345. സ്വദേശാഭിമാനിയുടെ നാടുകടത്തലിനോടു സമാനതയുള്ള മറ്റൊരു സംഭവം തിരുവിതാംകൂർ ചരിത്രത്തിലില്ല. ബ്രിട്ടീഷ് മാതൃകയിലുള്ള ഒരു വ്യവസ്ഥാപിത നീതിന്യായ സമ്പ്രദായം നിലനിൽക്കെയാണ് കുറ്റപത്രമോ കുറ്റവിചാരണയോ കൂടാതെ സ്വദേശാഭിമാനിയെ നാടുകടത്തിയത്. ഒരു സാധാരണ പൗരനു ലഭിക്കുന്ന പരിഗണനകൾപോലും ജനസമ്മതിയുള്ള ഒരു പൗരപ്രമുഖനായ അദ്ദേഹത്തിന് നാടുകടത്തലിൻെറ കാര്യത്തിൽ ലഭിച്ചില്ല. തിരുവിതാംകൂർ രാജനീതിയുടെയും കേരളമാധ്യമചരിത്രത്തിലെയും ഒരു കറുത്ത അധ്യായമായി ആ സംഭവം.
346. കുറച്ചുകാലം മദ്രാസിനടുത്ത് പെരിമേട്ടിനു സമീപം താമസിച്ച രാമകൃഷ്ണപിള്ളയും കുടുംബവും പിന്നീട് തരവത്ത് അമ്മാളുവമ്മയുടെ ആതിഥ്യം സ്വീകരിച്ച് പാലക്കാട്ടേക്കു മാറി.
347. മലേഷ്യൻ മലയാളികൾ 1912 സെപ്തംബർ 28–ന് പാലക്കാട്ടുനടന്ന ചടങ്ങിൽവച്ച് രാമകൃഷ്ണപിള്ളയ്ക്ക് സ്വദേശാഭിമാനി എന്ന ബിരുദമുദ്ര സമർപ്പിച്ചു.
348. 1913 മെയ് മുതൽ പാലക്കാട്ട് സ്ഥിരതാമസമാക്കിയ രാമകൃഷ്ണപിള്ള കുന്നംകുളത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ആത്മപോഷിണിയുടെ പത്രാധിപത്യം ഏറ്റെടുത്തു.
349. 1915ൽ ഭാര്യ കല്യാണിക്കുട്ടിയമ്മയ്ക്ക് കണ്ണൂരിൽ ഒരു ജോലി ലഭിച്ചതിനാൽ താമസം കണ്ണൂരിലേക്കു മാറ്റി. വിശ്രമമില്ലാത്ത ജീവിതം സമ്മാനിച്ച ക്ഷയരോഗംകാരണം 1916 മാർച്ച് 28 ന് അദ്ദേഹം അന്തരിച്ചു.
350. ഇരുപത്തിയഞ്ചോളം കൃതികൾ രചിച്ച അദ്ദേഹം സാഹിത്യകാരനെന്ന നിലയിലും മലയാളഭാഷയിൽ തൻെറ സാന്നിധ്യമറിയിച്ചിട്ടുണ്ട്. കാറൽ മാർക്സിനെക്കുറിച്ച് അദ്ദേഹം എഴുതിയ കൃതിയാണ് ഒരു പ്രദേശിക ഭാഷയിൽ ഇന്ത്യയിൽ മാർക്സിനെക്കുറിച്ച് ഉണ്ടായ ആദ്യ പുസ്തകം.
351. 'വൃത്താന്ത പത്രപ്രവർത്തനം' ആ വിഷയത്തെ സംബന്ധിച്ച ഏക മലയാളഗ്രന്ഥമായി അരനൂറ്റാണ്ടുകാലം വർത്തിച്ചു.
352. രാമകൃഷ്ണപിള്ളയുടെ 'മോഹൻദാസ് ഗാന്ധി' രാഷ്ട്രപിതാവിനെക്കുറിച്ച് മലയാളത്തിലുണ്ടായ ആദ്യഗ്രന്ഥമാണ്.
353. തിരുവനന്തപുരം കേരളത്തിൻെറ തലസ്ഥാനമാകുമെന്ന് ആദ്യം പ്രവചിച്ചതും അദ്ദേഹമാണെന്നു പറയപ്പെടുന്നു.
354. കെ.രാമകൃഷ്ണപിള്ളയെക്കുറിച്ചുള്ള ഓർമകൾ വിവരിക്കുന്ന വ്യാഴവട്ടസ്മരണകൾ എന്ന കൃതി രചിച്ചത് അദ്ദേഹത്തിന്റെ ഭാര്യ ബി.കല്യാണിക്കുട്ടിയമ്മയാണ്. മെട്രിക്കുലേഷൻ ജയിച്ച, തിരുവനന്തപുരത്തെ ആദ്യ നായർ സ്ത്രീയായിരുന്നു അവർ.
355. സ്വദേശാഭിമാനി തന്റെ മകൾക്ക് ഗോമതി എന്നാണ് പേരിട്ടത്. ഗോശ്രീ(കൊച്ചി), മലബാർ, തിരുവിതാംകൂർ എന്നിങ്ങനെ മൂന്നായി കിടന്നിരുന്ന കേരളത്തിലെ പ്രദേശങ്ങളുടെ പേരിന്റെ ആദ്യക്ഷരങ്ങൾ ചേർന്നതാണ് ഈ പേര്.
356. തിരുവിതാംകൂറിലെ ആദ്യകാല കോൺഗ്രസ് നേതാക്കളിലൊരാളായിരുന്ന ബാരിസ്റ്റർ എ.കെ.പിള്ള, സ്വദേശാഭിമാനിയുടെ മരുമകനായിരുന്നു (ഗോമതിയുടെ ഭർത്താവ്).
357. സ്വാതന്ത്ര്യാനന്തരം സ്വദേശാഭിമാനിയുടെ ഭൗതികാവശിഷ്ടം കണ്ണൂരിൽനിന്ന് തിരുവനന്തപുരത്തുകൊണ്ടുവന്നു. മേയറെന്ന നിലയിൽ അത് ഏറ്റുവാങ്ങിയത് എസ്.വരദരാജൻ നായരായിരുന്നു. സ്വദേശാഭിമാനിയെ നാടുകടത്തിയ ദിവാൻ പി.രാജഗോപാലാചാരിയുടെ മകനായിരുന്നു അദ്ദേഹം.
358. മാധ്യമപ്രവർത്തനരംഗത്തെ മികവിനെ അംഗീകരിക്കാൻ കേരള സർക്കാർ നൽകുന്ന പുരസ്കാരമാണ് സ്വദേശാഭിമാനി–കേസരി പുരസ്കാരം.
359. പ്രഥമ സ്വദേശാഭിമാനി–കേസരി പുരസ്കാരത്തിന് അർഹനായത് ടി.വേണുഗോപാൽ.

## പൊയ്കയിൽ യോഹന്നാൻ
## (1879–1939)

360. പത്തനംതിട്ടയിലെ ഇരവിപേരുരിൽ 1879 ഫെബ്രുവരി 17ന് പറയസമുദായത്തിൽ കുമാരൻ (പൊയ്കയിൽ യോഹന്നാൻ) ജനിച്ചു. മന്നിക്കൽ പൊയ്കയിൽ കണ്ടന്റെയും ളേച്ചിയുടെയും മൂന്നാമത്തെ സന്താനമായിരുന്നു അദ്ദേഹം.
361. ദ്രാവിഡനായ ദളിതൻ എന്ന ആശയം ഉയർത്തിപ്പിടിച്ച സാമൂഹിക പരിഷ്കർത്താവാണ് പൊയ്കയിൽ യോഹന്നാൻ.
362. കുമാരൻ എന്നായിരുന്നു ബാല്യകാലനാമം. ക്രിസ്തുമതസ്ഥനായ അദ്ദേഹത്തിന് യോഹന്നാൻ എന്ന പേരു ലഭിച്ചു.
363. ദളിത് വിഭാഗക്കാർ അസ്പൃശ്യരായി കണക്കാക്കപ്പെട്ടിരുന്ന ആ കാലഘട്ടത്തിൽ അവരെ സംഘടിപ്പിക്കുന്നതിനായി യോഹന്നാൻ മുൻകൈയെടുത്തു. അതിനായി മാർത്തോമ ചർച്ചിൽ ചേർന്നു. എന്നാൽ, മെച്ചപ്പെട്ട പരിഗണനയ്ക്കായി അദ്ദേഹം ബ്രദറൻ മിഷനിൽ ചേർന്നു.
364. 1909–ൽ യോഹന്നാൻ ക്രിസ്തുമതംവിട്ട് സ്വന്തമായി ദളിത് വിമോചന പ്രസ്ഥാനം ആരംഭിച്ചു. അതാണ് പ്രത്യക്ഷ രക്ഷാ ദൈവ സഭ. അതിനുശേഷം അദ്ദേഹം പൊയ്കയിൽ അപ്പച്ചൻ അഥവാ കുമാരഗുരുദേവൻ എന്നറിയപ്പെട്ടു. ക്രൈസ്തവ, അക്രൈസ്തവ ദളിത് വിഭാഗങ്ങൾക്ക് തന്റെ സംഘടയിൽ അംഗത്വത്തിന് കുമാരഗുരുദേവൻ അവസരമൊരുക്കി.
365. പ്രത്യക്ഷ രക്ഷാ ദൈവ സഭയുടെ ആസ്ഥാനം ഇരവിപേരൂർ ആയിരുന്നു.
366. തിരുവല്ലയ്ക്കടുത്തുള്ള അമരക്കുന്നും നെയ്യാറ്റിൻകരയ്ക്കടുത്തുള്ള ഉദിയൻകുളങ്ങരയും പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ ഉപകേന്ദ്രങ്ങളായിരുന്നു.
367. തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിലായി 125 ഏക്കറോളം ഭൂമി പ്രത്യക്ഷ രക്ഷാ ദൈവസഭയ്ക്കുവേണ്ടി വാങ്ങി. സ്കൂളുകളും വ്യവസായ പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. 1921–ലും 1931–ലും പൊയ്കയിൽ അപ്പച്ചനെ ശ്രീമൂലം പ്രജാസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു.
368. അധ:സ്ഥിതർക്ക് വിദ്യാഭ്യാസ–തൊഴിൽ അവസരങ്ങൾക്കുവേണ്ടി അദ്ദേഹം പ്രജാസഭയിൽ വാദിച്ചു. ദളിതരുടെ ഉന്നമനത്തിനായി നിരവധി എയ്ഡഡ് സ്കൂളുകളും തുടങ്ങി.
369. 1939 ജൂൺ 29ന് പൊയ്കയിൽ അപ്പച്ചൻ അന്തരിച്ചു.

# കേരള നവോത്ഥാനം

## ആറാട്ടുപുഴ വേലായുധപ്പണിക്കർ (1825–1874)

151. കല്ലിശ്ശേരിയിൽ വേലായുധ ചേകവർ എന്ന് യഥാർഥനാമമുള്ള ആറാട്ടുപുഴ വേലായുധപ്പണിക്കർ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ ആറാട്ടുപുഴയിൽ 1825–ൽ ജനിച്ചു. കളരിപ്പയറ്റ്, ആയുർവേദം, ജ്യോതിഷം എന്നിവയിൽ നിപുണരായിരുന്നു അദ്ദേഹത്തിന്റെ പൂർവികർ.
152. ബാല്യത്തിൽത്തന്നെ അച്ഛനമ്മമാരെ നഷ്ടപ്പെട്ട വേലായുധപ്പണിക്കർക്ക് കളരിയുടെയും സംസ്കൃതത്തിന്റെയും പാഠങ്ങൾ പകർന്നുകൊടുത്തത് മുത്തച്ഛനായിരുന്നു.
153. താഴ്ന്ന ജാതിക്കാരെ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുവദിക്കാതിരുന്ന അക്കാലത്ത് മംഗലത്ത് എന്ന സ്ഥലത്ത് പണിക്കരുടെ നേതൃത്വത്തിൽ ഒരു ക്ഷേത്രം നിർമിക്കുകയും അവിടെ ശിവപ്രതിഷ്ഠ നടത്തുകയും ചെയ്തു (1852).
154. 1853–ൽ തണ്ണീർമുക്കം ചെറുവാരണം കരയിൽ രണ്ടാമത്തെ അവർണ ശിവക്ഷേത്രം സ്ഥാപിക്കപ്പെട്ടു. സവർണർ ഇതിനെതിരെ ശക്തമായി പ്രതിഷേധിച്ചു.
155. ക്ഷേത്രാചാരവിധികൾ പഠിക്കാനായി അദ്ദേഹം ഗോവയിൽപോയിരുന്നു.
156. അച്ചിപ്പുടവ സമരത്തിന് നേതൃത്വം നൽകിയത് വേലായുധപ്പണിക്കരാണ്. അക്കാലത്ത് സവർണർക്കുമാത്രമേ മനോഹരമായ വസ്ത്രങ്ങൾ ധരിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ.
157. സവർണസ്ത്രീകൾ ധരിക്കുന്ന കണങ്കാൽവരെ എത്തുന്ന ഇരട്ടത്തുണി അറിയപ്പെട്ടിരുന്നത് അച്ചിപ്പുടവ എന്നാണ്. കായംകുളത്തിനടുത്ത് പന്നിയൂരിൽ അച്ചിപ്പുടവ ഉടുത്തുനടന്ന ഒരു ഈഴവയുവതിയുടെ പുടവ സവർണർ വലിച്ചുകീറിക്കളഞ്ഞു.
158. ഇതറിഞ്ഞ പണിക്കർ ഏതാനും ഈഴവയുവതികളെ അച്ചിപ്പുടവ ഉടുപ്പിച്ച് പന്നിയൂരിൽ പരേഡ് ചെയ്യിച്ചു. തുടർന്ന് എല്ലാ സ്ത്രീകൾക്കും മാന്യമായ വസ്ത്രം ധരിക്കുന്നതിനുള്ള അവകാശത്തിനായി പണിക്കർ ആറാട്ടുപുഴയിലും പരിസരത്തും പണിമുടക്ക് നടത്തി. കൃഷിയടക്കമുള്ള ജോലികളിൽനിന്ന് ഈഴവരടക്കമുള്ള പിന്നാക്കജാതിക്കാർ മാറിനിന്നു.
159. കാര്യങ്ങൾ പന്തിയല്ലെന്നുകണ്ട സവർണർ ഒത്തുതീർപ്പിനു തയ്യാറാവുകയും ആ പ്രദേശങ്ങളിലെ സ്ത്രീകൾക്ക് അച്ചിപ്പുടവ ഉടുക്കാൻ അവസരം ലഭിക്കുകയും ചെയ്തു.
160. വേലായുധപ്പണിക്കർക്ക് കഥകളി വളരെ ഇഷ്ടമായിരുന്നു. അക്കാലത്ത് അവർണരെ കഥകളി കാണുന്നതിനോ പരിശീലിക്കുന്നതിനോ അനുവദിച്ചിരുന്നില്ല.
161. ക്ഷേത്രകലയായ കഥകളിയെ താൻ സ്ഥാപിച്ച മംഗലം ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ പരിശീലിപ്പിക്കാൻ പണിക്കർ തീരുമാനിച്ചു.
162. കഥകളി വിദഗ്ധനും തന്റെ കൂട്ടുകാരനുമായ അമ്പലപ്പുഴ മാധവക്കുറുപ്പിന്റെ സഹായത്തോടെ ഈഴവയുവാക്കളെ പരിശീലിപ്പിച്ച് അരങ്ങേറ്റം നടത്തി. ഇത് സവർണമേൽക്കോയ്മയ്ക്കേറ്റ കനത്ത അടിയായി. അവർ ദിവാന് പരാതി നൽകി. പണിക്കരുടെ വാദങ്ങൾ അംഗീകരിക്കപ്പെടുകയും അവർക്കും കഥകളി അവതരിപ്പിക്കാൻ അനുമതി ലഭിക്കുകയും ചെയ്തു.
163. അവർണ സ്ത്രീകൾക്ക് അക്കാലത്ത് സ്വർണാഭരണങ്ങളണിയാൻ അവകാശമുണ്ടായിരുന്നില്ല. പന്തളത്ത് ഒരു അവർണയുവതി പൊന്നിൻ മൂക്കുത്തി ധരിച്ച് ചന്തയിൽ എത്തി. ഇതുകണ്ട സവർണപ്രമാണിമാർ മൂക്കുത്തി വലിച്ചുപറിച്ചുകളഞ്ഞു.ഇതറിഞ്ഞ വേലായുധപ്പണിക്കർ അടുത്തദിവസം സ്വർണമൂക്കുത്തികളുമായി പന്തളം ചന്തയിലെത്തി അവർണയുവതികളെ വിളിച്ചുകൂട്ടി മൂക്കുത്തി ധരിക്കാൻ ആവശ്യപ്പെട്ടു. അവർ മൂക്കിൽ ധരിച്ചിരുന്ന ഈർക്കിലും പിച്ചളക്കമ്പികളും മാറ്റി പൊൻമൂക്കുത്തി ധരിച്ചു. അവ പറിച്ചെടുത്തു കളയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ എന്ന് പണിക്കർ വെല്ലുവിളിച്ചു. ആരും മുന്നോട്ടുവന്നില്ല.
164. ആറാട്ടുപുഴയിൽ ഒരു സ്കൂളും വായനശാലയും അദ്ദേഹം സ്ഥാപിച്ചു.
165. ഇപ്രകാരം ജാതിവ്യവസ്ഥയ്ക്കെതിരെ പോരാടിയ വേലായുധപ്പണിക്കർ 1874–ൽ 49–മത്തെ വയസ്സിൽ ഒരു ബോട്ടുയാത്രയ്ക്കിടെ ഇരുട്ടിന്റെ മറവിൽ വധിക്കപ്പെട്ടു.

## സി.കൃഷ്ണൻ (1867–1938)

166. കേരളീയ നവോത്ഥാനത്തിൽ നിസ്തുലമായ പങ്കുനിർവഹിച്ച സാമൂഹിക പരിഷ്കർത്താവായിരുന്നു സി.കൃഷ്ണൻ.
167. കോഴിക്കോട്ടുനിന്ന് 1913–1938 കാലയളവിൽ പ്രസിദ്ധീകരിച്ചിരുന്ന, അധസ്ഥിതരുടെ ബൈബിൾ എന്നറിയപ്പെട്ട മിതവാദി പത്രത്തിന്റെ ഉടമയുമായിരുന്നു അദ്ദേഹം.
168. (വ്യാപാരിയായിരുന്ന ടി.ശിവശങ്കരന്റെ ഉടമസ്ഥതയിൽ മൂർക്കോത്ത് കുമാരൻ പത്രാധിപരായ മിതവാദി ആരംഭിച്ചത് 1907–ലാണ്. പിൽക്കാലത്ത് സി.കൃഷ്ണൻ അത് വാങ്ങുകയായിരുന്നു)
169. തൃശ്ശൂർ ജില്ലയിൽ 1867 ജൂൺ പതിനൊന്നിനാണ് സി.കൃഷ്ണൻ ജനിച്ചത്. ചാവക്കാട്ട് മുല്ലശ്ശേരിയിൽ ചങ്ങരംകുമരത്ത് പാറനും പൂവത്തുംകടവിൽ ഉണ്ണൂലിയുമായിരുന്നു മാതാപിതാക്കൾ.
170. സ്വാതന്ത്ര്യം, മതേതരത്വം, ജനാധിപത്യം , സാമൂഹിക നീതി എന്നീ ആശയങ്ങളിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന അദ്ദേഹം മനുഷ്യരുടെ അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പോരാടി.
171. 1912 മുതൽ എസ്എൻഡിപി യോഗത്തിന്റെ നേതൃസ്ഥാനത്തുണ്ടായിരുന്ന സി.കൃഷ്ണൻ ശ്രീനാരായണഗുരുവിന് ഉറച്ച പിന്തുണ നൽകിയിരുന്നു.
172. ശിവഗിരിയിൽ നടന്ന എസ്എൻഡിപി യോഗത്തിന്റെ ഒമ്പതാം വാർഷിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് സി.കൃഷ്ണനായിരുന്നു.
173. കോഴിക്കോട് തളി ക്ഷേത്രത്തിലേക്കുള്ള വഴിയിൽ അവർണർക്ക് ഏർപ്പെടുത്തിയിരുന്ന വിലക്കിനെ വിഗണിച്ചുകൊണ്ട് 1917 നവംബർ ഒന്നിന് അതുവഴി നടന്നത് ഏറെ ഒച്ചപ്പാടുണ്ടാക്കിയ സംഭവമായിരുന്നു.
174. ശക്തമായ മുഖപ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും സി.കൃഷ്ണൻ അവർണ സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി പോരാടി. താലികെട്ടുകല്യാണം, തിരണ്ടുകുളി, പുളികുടി, ശൈശവവിവാഹം, ലഹരിപദാർഥങ്ങളുടെ ഉപയോഗം മുതലായവയെ അദ്ദേഹം ശക്തമായി വിമർശിച്ചു.
175. സ്ത്രീകളുടെ സ്വാതന്ത്ര്യസംരക്ഷണത്തിനും സി.കൃഷ്ണനും മിതവാദിയും പ്രത്യേക പരിഗണന നൽകി. അദ്ദേഹത്തിന്റെ ‘മിസ്ട്രസ്സുമാരുടെ സങ്കടങ്ങൾ’ എന്ന ലേഖനം സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ചിന്തിപ്പിച്ചു.
176. അടിച്ചമർത്തപ്പെട്ടവരുടെ വിദ്യാഭ്യാസമായിരുന്നു സി.കൃഷ്ണൻ ശ്രദ്ധചെലുത്തിയ മറ്റൊരു വിഷയം. ബാലപ്രബോധിനി സംസ്കൃത പാഠശാല സ്ഥാപിച്ച് അദ്ദേഹം താഴ്ന്ന സമുദായക്കാർക്ക് സംസ്കൃതപഠനത്തിന് അവസരമൊരുക്കി.
177. മനുഷ്യരുടെ കഷ്ടപ്പാടുകൾക്ക് വലിയൊരളവുവരെ കാരണം മദ്യമാണെന്ന് വിലയിരുത്തിയ അദ്ദേഹം അതിന്റെ നിരോധനത്തിനുവേണ്ടി നിലകൊണ്ടു.
178. പിൽക്കാലത്ത് സി.കൃഷ്ണൻ ജസ്റ്റിസ് പാർട്ടിയിൽ അംഗമായി. പിന്നീട് അതിന്റെ കോഴിക്കോട് ശാഖയുടെ അധ്യക്ഷനായ അദ്ദേഹം മലബാർ കുടിയാൻ പ്രക്ഷോഭത്തിൽ സജീവമായി പങ്കെടുത്തു. 1930–ൽ മലബാർ ടെനൻസി ആക്ട് പാസാക്കുന്നതിന് ഗവൺമെന്റിൽ നിർണായക സമ്മർദ്ദം ചെലുത്താനും അദ്ദേഹത്തിനു കഴിഞ്ഞു.
179. അധസ്ഥിതരുടെ സാമ്പത്തിക മെച്ചപ്പെടുത്തേണ്ടതിനെക്കുറിച്ച് ജനങ്ങളെ ഉൽബോധിപ്പിച്ച അദ്ദേഹം 1909–ൽ കലിക്കറ്റ് ബാങ്ക് സ്ഥാപിച്ചു.
180. മലബാർ ഡിസ്ട്രിക്ട് ബോർഡിലും കലിക്കറ്റ് മുനിസിപ്പൽ കൗൺസിലിലും അംഗമായ അദ്ദേഹത്തെ 1930–36 കാലയളവിൽ മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്ത് അംഗമാക്കി.
181. അച്ഛന്റെ സ്മാരകമായി സി.കൃഷ്ണൻ കോഴിക്കോട്ട് പണിതതാണ് പാറൻ ഹാൾ. സ്വന്തം വസതിക്കുസമീപം പാറൻ സ്ക്വയർ എന്ന പേരിൽ ഒരു സമ്മേളന സ്ഥലവും അദ്ദേഹം നിർമിച്ചു.
182. 1925–ൽ സി.കൃഷ്ണൻ ഒരു ബുദ്ധമത സമ്മേളനം വിളിച്ചുകൂട്ടുകയും തന്റെ വീടിനു സമീപം ഒരു ബുദ്ധമതആരാധനാലയം പണികഴിപ്പിക്കുകയും ചെയ്തു.
183. 1938 നവംബറിൽ സി.കൃഷ്ണൻ അന്തരിച്ചു.

ആർ സി സുരേഷ്കുമാർ

**ആധുനികമെന്നും പരിഷ്കൃതമെന്നും അഭിമാനിക്കത്തക്കതരത്തിലുള്ള ഇന്നത്തെ സാമൂഹിക പശ്ചാത്തലം മലയാളിക്ക് സമ്മാനിച്ചത് കേരള നവോത്ഥാനമാണ്. ഒരിക്കൽ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച നാടിനെ അടിമത്തത്തിന്റെയും അനാചാരങ്ങളുടെയും ഇരുണ്ടയുഗത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും വെളിച്ചത്തിലേക്ക് നയിച്ച ഒരു കൂട്ടം മനുഷ്യരോട് നമ്മൾ എന്നും കടപ്പെട്ടിരിക്കുന്നു. ആ കെടാവിളക്കുകളിൽ ചിലരെ ഒന്നുകൂടി ഓർക്കാം ഒരു കേരളപ്പിറവിദിനം കൂടി കടന്നുപോകുമ്പോൾ......**

# നവോത്ഥാനം : ഒരു വിഹഗവീക്ഷണം

കേരളത്തിലെ നവോത്ഥാനത്തിന് നിരവധി പ്രസ്ഥാനങ്ങളും വ്യക്തികളും സംഭാവനകളർപ്പിച്ചിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ 'വെൺനീചൻ' എന്നും തിരുവിതാംകൂർ മഹാരാജാവിന്റെ ഭരണത്തെ 'അനന്തപുരത്തെ നീചൻ'എന്നും പരസ്യമായി വിളിക്കാൻ തന്റേടം കാണിച്ച വൈകുണ്ഠസ്വാമി (1809–1851) കേരളത്തിലെ നവോത്ഥാന നായകരിൽ പ്രാതഃസ്മരണീയനാണ്. മുടിചൂടുംപെരുമാൾ എന്ന് യഥാർഥപേരുള്ള അദ്ദേഹം മുത്തുക്കുട്ടി എന്നുമറിയപ്പെട്ടിരുന്നു. ഉയർന്ന ജാതിക്കാർ മാത്രമേ പെരുമാൾ എന്ന പദം പേരിൽ ഉപയോഗിക്കൂ എന്ന വഴക്കംമൂലമാണ് പേരു മാറ്റേണ്ടിവന്നത്. 'ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന് ദൈവം ഒന്ന്' എന്നതായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. കേരളത്തിലെ ആദ്യത്തെ സാമൂഹിക സംഘടനയായ സമത്വസമാജം 1836ൽ സ്ഥാപിച്ചത് വൈകുണ്ഠസ്വാമിയാണ്.


അയ്യത്താൻ ഗോപാലന്റെ ശ്രമത്തിൽ 1898ൽ കോഴിക്കോട്ട് ബ്രഹ്മസമാജത്തിന്റെ ഒരു ശാഖ ആരംഭിച്ചു. പാലക്കാട്ടെ ആലത്തൂർ സിദ്ധാശ്രമ സ്ഥാപകനായ ബ്രഹ്മാനന്ദശിവയോഗി (1852–1929) ആലത്തൂർ കേന്ദ്രമാക്കി 1907ൽ ആനന്ദമത പ്രസ്ഥാനം ആരംഭിച്ചു (പൂർവാശ്രമത്തിൽ അദ്ദേഹത്തിന്റെ പേര് കാരാട്ട് ഗോവിന്ദ മേനോൻ എന്നായിരുന്നു).

ബ്രാഹ്മണമേധാവിത്വം, പ്രാകൃതമായ ചടങ്ങുകൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരം പ്രതികരിച്ചയാളാണ് ചട്ടമ്പി സ്വാമികൾ (1855–1924). ജാതി സമ്പ്രദായത്തെ ശക്തമായി എതിർത്ത അദ്ദേഹം അദ്വൈത ദർശനം പ്രചരിപ്പിക്കുകയും ചെയ്തു. 1888ൽ അരുവിപ്പുറത്ത് ശ്രീനാരായണഗുരു നടത്തിയ ശിവപ്രതിഷ്ഠ കേരളനവോത്ഥാന ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. 'അരുവിപ്പുറം വിപ്ലവം' എന്ന് ഈ സംഭവത്തെ വിശേഷിപ്പിക്കാറുണ്ട്. കേരളത്തിലെ മതപരിഷ്കരണപ്രസ്ഥാനത്തിന് സാമൂഹികഭാവവും പ്രായോഗിക ഗതിക്രമവും സമ്മാനിച്ച മഹത്വ്യക്തിത്വങ്ങളായി ചട്ടമ്പിസ്വാമിയേയും ശ്രീനാരായണഗുരുവിനെയും ചരിത്രം വിലയിരുത്തുന്നു.


വടക്കേ മലബാറിൽ കോട്ടയത്ത് ജനിച്ച വാഗ്ഭടാനന്ദൻ (1885–1939) ആത്മവിദ്യാസംഘം സ്ഥാപിച്ച് (1920)ജാതിവ്യവസ്ഥയ്ക്കും വിഗ്രഹാരാധനയ്ക്കും എതിരെ ശബ്ദമുയർത്തി . കുഞ്ഞിക്കണ്ണൻ എന്ന് മാതാപിതാക്കൾ പേരിട്ട ഇദ്ദേഹം കുറച്ചുകാലം വി.കെ. ഗുരുക്കൾ എന്നറിയപ്പെട്ടു. ശിവാനന്ദയോഗിയിൽനിന്നാണ് വി.കെ.ഗുരുക്കൾക്ക് വാഗ്ഭടാനന്ദൻ എന്ന പട്ടം ലഭിച്ചത്.


മ ഊനത്തുൽ ഇസ്ലാംസഭ 1900 സെപ്തംബറിൽ പൊന്നാനിയിൽ സ്ഥാപിതമായി. പുതിയ മാളിയേക്കൽ പൂക്കോയ തങ്ങളാണ് ഇതിന്റെ സ്ഥാപനത്തിന് മുൻകൈ എടുത്തത്. ഇരുപതാം നൂറ്റാണ്ടിൽ കേരളീയ നവോത്ഥാനത്തിനു മുഖ്യ പങ്കുവഹിച്ച സംഘടനയാണ് എസ്.എൻ.ഡി.പി.യോഗം അഥവാ ശ്രീനാരായണ ധർമപരിപാലന യോഗം. ഈഴവർക്കു പൊതുവിൽ മതസംബന്ധമായും ലൗകികവുമായ കാര്യങ്ങളിൽ പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സംഘടന സ്ഥാപിച്ചത്. ഇതിനുവേണ്ടി അശ്രാന്ത പരിശ്രമം നടത്തിയത് തിരുവിതാംകൂർ സ്വദേശിയും മൈസൂർ സർക്കാർ സർവീസിൽ ഡോക്ടറുമായിരുന്ന പി. പൽപുവായിരുന്നു. സ്വാമി വിവേകാനന്ദന്റെ ഉപദേശമാണ് അദ്ദേഹത്തിന് അതിനു പ്രചോദനമായത്. 1903 മെയ് 15നാണ് എസ്.എൻ.ഡി.പി.യോഗം രജിസ്റ്റർ ചെയ്തത്. ശ്രീനാരായണഗുരുവായിരുന്നു ആദ്യത്തെ അധ്യക്ഷൻ. സംഘടനയുടെ ആരംഭം മുതൽ 1919 വരെ കുമാരനാശാനായിരുന്നു സെക്രട്ടറി. യോഗത്തിന്റെ മുഖപത്രമായി 1904ൽ 'വിവേകോദയം' ആരംഭിച്ചു. എം.ഗോവിന്ദനൊപ്പം കുമാരനാശാനും പത്രാധിപത്യം വഹിച്ചു.


വൈകുണ്ഠസ്വാമി


ബ്രഹ്മാനന്ദ ശിവയോഗി


വാഗ്ഭടാനന്ദൻ



ചട്ടമ്പി സ്വാമി


ശ്രീനാരായണ ഗുരു


കുമാരനാശാൻ



അയ്യൻകാളി


പൊയ്കയിൽ യോഹന്നാൻ


മന്നത്ത് പത്മനാഭൻ


വക്കം മൗലവി


സഹോദരൻ അയ്യപ്പൻ


ആഗമനാനന്ദ സ്വാമി

'കേരള നവോത്ഥാനത്തിന്റെ പിതാവ്' എന്നു വിശേഷിപ്പിക്കപ്പെട്ട ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ഈഴവസമുദായത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതി കൈവരിക്കുന്നതിനും യോഗം പ്രശംസനീയമായ സേവനം അർപ്പിച്ചു. ഡോ.പൽപു, കുമാരനാശാൻ, സി.വി.കുഞ്ഞുരാമൻ, ആർ.ശങ്കർ, ടി.കെ. മാധവൻ, വി.കെ.വേലായുധൻ തുടങ്ങിയവരുടെ ആത്മാർഥമായ പ്രവർത്തനം യോഗത്തിന്റെ പ്രവർത്തനങ്ങൾക്കു മുതൽക്കൂട്ടായി. പിൽക്കാലത്ത് അവശസമുദായ സംഘടനകൾ പലതും രൂപംകൊണ്ടത് എസ്.എൻ.ഡി.പി.യോഗത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ്. കൊല്ലത്താണ് യോഗത്തിന്റെ ആസ്ഥാനം. 'യോഗനാദം' ആണ് മുഖപത്രം .

വിവിധതലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയനായ സി.കൃഷ്ണൻ (1867–1938) അവശസമുദായങ്ങളുടെ ഉന്നമനത്തിനായി പ്രയത്നിച്ചു. അയിത്തോച്ചാടന പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിലൊരാളായ അദ്ദേഹം തീയരുടെ ബൈബിൾ എന്നു വിശേഷിപ്പിക്കപ്പെട്ട 'മിതവാദി'യുടെ കോളങ്ങളിലൂടെ അയിത്തത്തിനെതിരെ നിരന്തരം എഴുതിയിരുന്നു.

അയ്യങ്കാളിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തിനടുത്ത് വെങ്ങാനൂരിൽ 1907ൽ സാധുജനപരിപാലനസംഘം സ്ഥാപിതമായി. എസ്.എൻ.ഡി.പി. യോഗം വഴി ഈഴവർ നേടിയെടുത്ത വിദ്യാഭ്യാസ സ്വാതന്ത്ര്യം അധഃകൃതർക്കും നേടിയെടുക്കുക എന്നതായിരുന്നു ഈ സംഘടനയുടെ ആദ്യലക്ഷ്യം. ഭരണധികാരികൾക്ക് നിവേദനങ്ങൾ സമർപ്പിച്ചും സവർണഹിന്ദുക്കളിലൂടെയുള്ള സംഘർഷങ്ങളിലൂടെയും അവർ ലക്ഷ്യം കണ്ടു. പുലയസ്ത്രീകൾ കല്ലുമാല ഉപേക്ഷിക്കുക, പ

രിഷ്കൃതരീതിയിൽ വസ്ത്രധാരണം ചെയ്യുന്നതിന് അവകാശം ലഭിക്കുക തുടങ്ങിയ ആചാരപരിഷ്കരണങ്ങൾ ലക്ഷ്യമിട്ട് അധ:കൃതർക്കിടയിൽ സംഘടന പ്രവർത്തിച്ചു. തിരുവിതാംകൂറിൽ മാത്രമല്ല, ക്രമേണ കൊച്ചിയിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. സംഘടനയുടെ മുഖപത്രമായി 'സാധുജനപരിപാലിനി' ആരംഭിച്ചു.ചെമ്പംതറ കാളിച്ചോതി കറുപ്പൻ ആയിരുന്നു പത്രാധിപർ. അയ്യങ്കാളിയുടെ മരണശേഷം 1942ൽ തിരുവനന്തപുരത്തുവച്ച് ടി.ടി.കേശവൻ ശാസ്ത്രി പ്രസിഡന്റായി സമസ്ത തിരുവിതാംകൂർ പുലയർ മഹാസഭ സ്ഥാപിതമായി. സാധുജനപരിപാലനസംഘം അതിൽ ലയിച്ചു. അയ്യങ്കാളിയുടെ മകൾ തങ്കമ്മയെയാണ് കേശവൻ ശാസ്ത്രി വിവാഹം ചെയ്തിരുന്നത്.

നമ്പൂതിരിമാരുടെ ഇടയിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുകയായിരുന്നു 1908 മാർച്ചിൽ ചെറുമുക്ക് വൈദികന്റെ ഭവനത്തിൽവച്ച് ശിവരാത്രിദിവസം രൂപംകൊണ്ട കേരളത്തിൽ യോഗക്ഷേമസഭയുടെ മുഖ്യലക്ഷ്യം. 'നമ്പൂതിരിയെ മനുഷ്യനാക്കുക'എന്നതായിരുന്നു സഭയുടെ മുദ്രാവാക്യം. നമ്പൂതിരി സമുദായത്തിന്റെ വിവാഹരീതി പരിഷ്കരിക്കുന്നതിനും അവരുടെ വനിതകളുടെ പാരതന്ത്ര്യങ്ങൾ ഇല്ലാതാക്കുന്നതിനും ഈ സംഘടന കാര്യമായ സേവനം ചെയ്തു. ഇ.എം.എസ്. നമ്പൂതിരിപ്പാട്, വി.ടി.ഭട്ടതിരിപ്പാട് തുടങ്ങിയവർ ഈ പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളാണ്. 1911ൽ യോഗക്ഷേമം മാസികയും 1920ൽ ഉണ്ണി നമ്പൂതിരി മാസികയും സംഘടനയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചു. യോഗക്ഷേമസഭയുടെ ആഭിമുഖ്യത്തിലുള്ള വിദ്യാഭ്യാസ പരിഷ്കരണപരിപാടികൾക്കു പണം സമ്പാദിക്കാനായി വി.ടി.യുടെ നേതൃത്വത്തിൽ 1931ൽ (കൊല്ലവർഷം 1106 മീനം 23) തൃശ്ശൂരിൽനിന്ന് വടക്കോട്ട് ഒരു യാചനായാത്ര നടത്തി. ഈ യാത്ര കൊണ്ട് പ്രവർത്തനത്തിനു സഹായകമായ കുറേ പണം നേടി.

ക്രിസ്തുമതം സ്വീകരിച്ച അയിത്തജാതിക്കാരായ 'പുതുക്രിസ്ത്യാനി'കളെ നയിക്കാൻ കുമാരഗുരുദേവൻ എന്ന പൊയ്കയിൽ യോഹന്നാൻ (1879–1939) സ്ഥാപിച്ചതാണ് പ്രത്യക്ഷ രക്ഷാ ദൈവസഭ(1909). അധ:സ്ഥിതരിലെ പതിനാലോളം അവാന്തരവിഭാഗങ്ങളെ ഒരുമിച്ചുകൊണ്ടുവരാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു. സാധുജനപരിപാലനസംഘത്തിന്റെ പ്രവർത്തനങ്ങളുമായും ഈ സംഘടന സഹകരിച്ചു പ്രവർത്തിച്ചിരുന്നു. തിരുവല്ലയിലെ ഇരവിപേരൂരായിരുന്നു ആസ്ഥാനം. തിരുവല്ലയിലെ അമരക്കുന്നും നെയ്യാറ്റിൻകരയ്ക്കടുത്തുള്ള ഉദിയൻകുളങ്ങരയും സംഘടനയുടെ ഉപകേന്ദ്രങ്ങളായിരുന്നു. തെക്കൻ കേരളത്തിൽ ദൈവസഭ നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു.

തിരുവിതാംകൂറിൽ പറയസമുദായത്തിന്റെ ക്ഷേമത്തിനായി 1912ൽ ബ്രഹ്മപ്രത്യക്ഷ സാധുജന പരിപാലന സംഘം കാവാരിക്കുളം കണ്ടൻ കുമാരൻ സ്ഥാപിച്ചു. 'പറയൻ' എന്ന ജാതിപ്പേരുമാറ്റി, തമിഴ്നാട്ടിലെ ശിവഭക്തരായ പറയർക്കുള്ള 'സാംബവർ' എന്ന പേര് അനുവദിക്കണമെന്ന് 1918ൽ തിരുവിതാംകൂർ രാജാവായ ശ്രീമൂലം തിരുനാൾ മഹാരാജാവിന് നിവേദനം സമർപ്പിച്ചു. രാജാവ് അംഗീകരിച്ചതിനെത്തുടർന്ന് 1919ൽ പാഴൂർ രാമൻ ചേന്നന്റെ നേതൃത്വത്തിൽ സാംബവർ സംഘം രൂപം കൊണ്ടു.

അരയസമുദായത്തെ സംഘടിപ്പിച്ച് ശക്തമാക്കുന്നതിനുവേണ്ടി കെ.പി.കറുപ്പൻ (1885–1938) എറണാകുളത്തെ തേവരയിൽ വാല സമുദായ പരിഷ്കാരിണിസഭയും (1910) ആനാപ്പുഴയിൽ കല്യാണദായിനിസഭയും(1912) വൈക്കത്ത് വാല സേവാസമിതിയും രൂപവൽക്കരിക്കാൻ നേതൃത്വം നൽകി. ഇടക്കൊച്ചിയിൽ ജ്ഞാനോദയം സഭ, എങ്ങണ്ടിയൂരിൽ അരയവംശോദ്ധാരണീ മഹാസഭ, കുമ്പളത്ത് സന്മാർഗ പ്രദീപപ്രഭ, പറവൂരിൽ സമുദായ സേവിനി തുടങ്ങിയവയും സ്ഥാപിക്കാൻ കറുപ്പൻ മുൻകൈയെടുത്തു. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും വിവിധ പേരുകളിലും രൂപത്തിലും നടത്തിയിരുന്ന സമുദായോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപമുണ്ടാക്കാൻ യത്നിക്കുകയും അരയവംശോദ്ധാരണി എന്ന പേരിലുള്ള കേന്ദ്രസംഘടന രൂപവത്കരിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുകയും ചെയ്തു.

കൊച്ചി പുലയ മഹാസഭ ഉദ്ഘാടനം ചെയ്യപ്പെട്ടത് 1913 മെയ് 25നാണ്. കൃഷ്ണാതി ആശാൻ സംഘടനയുടെ പ്രസിഡന്റും പി.സി.ചാഞ്ചൻ സെക്രട്ടറിയുമായി. പുലയരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും അനാചാരങ്ങൾ തുടച്ചുനീക്കുന്നതിനും സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനും സംഘടന ഊന്നൽ നൽകി.

നായർ സമുദായത്തിന്റെ ഉദ്ധാരണം ലക്ഷ്യമിട്ട് 1914 ഒക്ടോബർ 31ന് ചങ്ങനാശ്ശേരി പെരുന്നയിൽ മന്നത്തു പദ്മനാഭന്റെ വസതിയിൽ നായർ സർവീസ് സൊസൈറ്റിയുടെ ആദ്യരൂപമായ നായർ സമുദായ ഭൃത്യജന സംഘം രൂപംകൊണ്ടു. ഗോപാലകൃഷ്ണ ഗോഖലെയുടെ സെർവന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റിയുടെ മാതൃകയിലാണ് സംഘടന സ്ഥാപിച്ചത്. കെ.കേളപ്പനായിരുന്നു ആദ്യ പ്രസിഡന്റ്. മന്നത്ത് പദ്മനാഭൻ ആദ്യ സെക്രട്ടറിയായി. മന്നം രംഗത്തു വരുന്നതിനുമുമ്പ് നായർ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച രണ്ടു വ്യക്തികളാണ് സി.വി.രാമൻ പിള്ളയും സി.കൃഷ്ണ പിള്ളയും. 'മലയാളിസഭ'യെന്നും പിന്നീട് 'കേരളീയ നായർ സംഘടന' എന്ന പേരിലും അറിയപ്പെട്ടിരുന്ന സംഘടനയിലാണ് അവർ പ്രവർത്തിച്ചിരുന്നത്. മന്നത്ത് പദ്മനാഭനും ആദ്യകാലത്ത് കേരളീയ നായർ സംഘടനയുമായി സഹകരിച്ചു പ്രവർത്തിക്കുകയാണ് ചെയ്തത്. കപ്പന കണ്ണൻ മേനോന്റെ സഹായത്തോടെ മന്നം തൃശ്ശൂരിലെ വടക്കാഞ്ചേരിയിൽ 'ഉത്തര കേരള നായർ സമാജം' സ്ഥാപിച്ചു. തിരുവനന്തപുരം, ചങ്ങനാശ്ശേരി, തൃശ്ശൂർ ,മലബാർ എന്നീ പ്രദേശങ്ങളിലെ നായർ സംഘടനകളെ സുസംഘടിതമാക്കി നായർ ഭൃത്യജനസംഘത്തിൽ ലയിപ്പിച്ച് പ്രവർത്തനം സമസ്തകേരളാടിസ്ഥാനത്തിലാക്കി. 1915ലാണ് നായർ ഭൃത്യജനസംഘം നായർ സർവീസ് സൊസൈറ്റിയായി മാറിയത്. ഈ പേരു നിർദ്ദേശിച്ചത് കെ.പരമുപിള്ളയാണ്.

ജാതിവ്യത്യാസം ഇല്ലാതാക്കുക, നായർ സമുദായത്തിൽ പ്രചാരത്തിലുള്ള താലികെട്ടു കല്യാണം, തിരണ്ടുകുളി തുടങ്ങിയ അനാചാരങ്ങൾ അവസാനിപ്പിക്കുക, സമുദായത്തെ കൂട്ടുകുടുംബ സമ്പ്രദായത്തിൽനിന്ന് രക്ഷിക്കുക എന്നിവയായിരുന്നു സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ. കോട്ടയം ജില്ലയിലെ കറുകച്ചാലിലാണ് എൻ.എസ്.എസിന്റെ ആദ്യ സ്കൂൾ സ്ഥാപിച്ചത് (1915).കെ.കേളപ്പനായിരുന്നു ഹെഡ്മാസ്റ്റർ. ആദ്യ എൻ.എസ്.എസ്. കോളേജ് തുടങ്ങിയത് 1947 ജൂലായിൽ പെരുന്നയിലാണ്. ടി.കെ.നാരായണയ്യരായിരുന്നു ആദ്യ പ്രിൻസിപ്പൽ.

എൻ.എസ്.എസിന്റെ മുഖപത്രമായി 1919ൽ കറുകച്ചാലിൽനിന്ന് 'സർവീസ്' മാസിക പ്രസിദ്ധീകരണമാരംഭിച്ചു. നായർ സമുദായത്തിൽ ഉപജാതി വ്യത്യാസങ്ങളില്ലാതാക്കുന്നതിലും നായർ റഗുലേഷന് അനുകൂലമായ അഭിപ്രായം സംഘടിപ്പിക്കുന്നതിലും 'സർവീസ്' പങ്കുവഹിച്ചു. ചങ്ങനാശ്ശേരി പെരുന്നയിലാണ് എൻ.എസ്.എസ്. ആസ്ഥാനം. എൻ.എസ്.എസ് രൂപം നൽകിയ രാഷ്ട്രീയപ്രസ്ഥാനമാണ് എൻ.ഡി.പി. (നാഷണൽ ഡമോക്രാറ്റിക് പാർട്ടി). വിദ്യാലയങ്ങളും കലാലയങ്ങളും ആശുപത്രികളും ഹോസ്റ്റലുകളുമായി പടർന്നുപന്തലിച്ചിട്ടുള്ള എൻ.എസ്.എസ്. ഇന്ന് കേരളത്തിൽ ഏറ്റവും വലിയ കോർപ്പറേറ്റ് മാനേജുമെന്റുകളിലൊന്നാണ്. സംഭാവനകൾ സ്വീകരിച്ചും ഉൽപന്നപ്പിരിവുനടത്തിയുമാണ് മന്നം സംഘടനയെ ഇത്തരത്തിൽ വളർത്തിയത്. ഉൽപന്നപിരിവിന് വീടുവീടാന്തരം കയറിയിറങ്ങുമ്പോൾ പാടാനായി പന്തളം കെ.പി.രാമൻപിള്ള രചിച്ചതാണ് 'അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കി' എന്ന പ്രസിദ്ധമായ പ്രാർഥനാഗാനം.

ഈഴവരുടെ അഭിവൃദ്ധിക്കായി ശ്രമിച്ചിട്ടുള്ള മറ്റൊരു സംഘടനയാണ് സഹോദര സമാജം. സഹോദരൻ അയ്യപ്പനാണ് 1917ൽ ഈ സംഘടന സ്ഥാപിച്ചത്. കൊച്ചിയിലെ ചെറായിയിൽ പുലയരോടൊപ്പമിരുന്ന് 'മിശ്രഭോജനം' നടത്തിക്കൊണ്ടാണ് അദ്ദേഹം ഈ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. ഈഴവസമുദായത്തിലെ യാഥാസ്ഥിതികരും ഉൽപതിഷ്ണുക്കളും തമ്മിലുള്ള സംഘർഷത്തിന് ഈ സംഘടനയുടെ രൂപവൽക്കരണം തുടക്കം കുറിച്ചു. യാഥാസ്ഥിതികർ അയ്യപ്പനെ 'പുലയൻ അയ്യപ്പൻ' എന്നു വിളിച്ചു പരിഹസിച്ചു. സഹോദരസമാജത്തിന്റെ മുഖപത്രമായി മട്ടാഞ്ചേരിയിൽ ആരംഭിച്ചതാണ് 'സഹോദരൻ' മാസിക. ശ്രീനാരായണ ഗുരുവിന്റെ 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന് ഉപദേശിച്ചപ്പോൾ, സഹോദരൻ അയ്യപ്പൻ ഗുരുവിന്റെ ആശിർവാദത്തോടെതന്നെ അതിനെ ഭേദഗതി ചെയ്ത് 'ജാതി വേണ്ടാ മതം വേണ്ടാ ദൈവം വേണ്ടാ മനുഷ്യന്' എന്ന് നിലപാട് മുന്നോട്ടുവച്ചു.

വി.ടി. ഭട്ടതിരിപ്പാട് (1896–1982) നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെയും സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടിയും ശബ്ദമുയർത്തി. മുസ്ലിങ്ങൾക്കിടയിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കാനും അനാചാരങ്ങൾ അവസാനിപ്പിക്കാനും മുൻകൈ എടുത്ത സാമൂഹിക പരിഷ്കർത്താവാണ് വക്കം അബ്ദുൾ ഖാദർ മൗലവി (1873–1932). അദ്ദേഹം 1923ൽ സ്ഥാപിച്ച 'കേരള മുസ്ലിം ഐക്യ സംഘം' മുസ്ലിം സമുദായത്തെ ബാധിക്കുന്ന മതപരവും സാമുദായികവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദിയായി പ്രവർത്തിച്ചു.

ജാതിധ്വംസനത്തിലും ഹരിജനോദ്ധാരണത്തിലും കാലടി രാമകൃഷ്ണാശ്രമത്തിലെ ആഗമാനന്ദസ്വാമികൾ എന്ന കൃഷ്ണൻ നമ്പ്യാതിരി (1896–1961) മികച്ച സേവനം അർപ്പിച്ചു.

കേരളത്തിലെ ആദ്യത്തെ തൊഴിലാളി സംഘടനയായ തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ (1922) സ്ഥാപകരിലൊരാളായ വാടപ്പുറം പി.കെ.ബാവ (1884–1969) തൊഴിലാളികളുടെ പുരോഗതിക്കായി ജീവിതം അർപ്പിച്ച വ്യക്തിയാണ്.

# നവോത്ഥാന നായകർ

## ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് (1909–1998)

1909 ജൂലായ് 14ന് പെരിന്തൽമണ്ണയ്ക്കടുത്ത് ഏലംകുളം മനയ്ക്കലാണ് ഏലംകുളം പരമേശ്വരൻ നമ്പൂതിരിയുടെയും വിഷ്ണുദത്ത അന്തർജനത്തിന്റെയും നാലാമത്തെ മകനായി ഇ.എം.എസ്. എന്ന ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട് ജനിച്ചത്.

ചെറുപ്പത്തിൽ കുഞ്ചു എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് പരമ്പരാഗത രീതിയിലുള്ള വിദ്യാഭ്യാസമാണ് ബാല്യകാലത്ത് ലഭിച്ചത്.

പെരിന്തൽമണ്ണ സ്കൂളിൽ മൂന്നാം ഫാറത്തിലാണ് ശങ്കരന്റെ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചത്.

നമ്പൂതിരി സമുദായത്തിൻെറ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന യോഗക്ഷേമസഭയുടെ യുവജനവിഭാഗത്തിനു നേതൃത്വം നൽകിയ അദ്ദേഹത്തെ വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി. എന്നീവർ സ്വാധീനിച്ചു.

1926–ൽ പാശുപതം മാസികയിലാണ് ഇ.എം.എസിന്റെ ആദ്യ ലേഖനം പ്രസിദ്ധീകരിക്കുന്നത്.

1927–ൽ ഇ.എം.എസ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു. പുരോഗമനപരമായ ആശയങ്ങൾ അദ്ദേഹത്തിന് ആവേശമായിരുന്നു.

വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിൽ ഇ.എം.എസ്. ഒരു ചെറിയ വേഷത്തിൽ അഭിനയിച്ചിരുന്നു.

1931–ൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ഇന്റർമീഡിയറ്റ് പഠനം ഉപേക്ഷിച്ചു.

ജവഹർലാൽ നെഹ്റു എന്ന അദ്ദേഹത്തിന്റെ ആദ്യ പുസ്തകം പുറത്തുവന്നത് 1931–ലാണ്.

1932 ജനുവരി 17–നാണ് ഇ.എം.എസ്. ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടത്.

1932–ൽ കേരളത്തിലെ കോൺഗ്രസ് ഡിക്ടേറ്റർ എന്ന പദവി സ്വീകരിച്ചു.

കേരള കൃഷീവലസംഘം രൂപവത്കരിച്ച അദ്ദേഹം 1934 മാർച്ചിൽ അതിൻെറ സെക്രട്ടറിയായി.

ഇ.എം.എസിന്റെ ജീവിതത്തിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ള വ്യക്തികളാണ് എ.കെ.ജിയും പി.കൃഷ്ണപിള്ളയും.

1934ൽത്തന്നെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ഇ.എം.എസ്. സ്ഥാപകാംഗമായി.

1934–ൽ ഇ.എം.എസ്. കോൺഗ്രസ് കേരളഘടകത്തിന്റെ സെക്രട്ടറിയായി.

1937–ൽ ഇ.എം.എസ്. മദ്രാസ് നിയമസഭാംഗമായി.

1937–ൽ കോഴിക്കോട്ട് രഹസ്യയോഗം ചേർന്ന് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകം രൂപവത്കരിച്ചു. 1939–ൽ കണ്ണൂരിലെ പിണറായിയിൽ പാർട്ടിയുടെ രൂപവത്കരണം പ്രഖ്യാപിച്ചു.

ഇ.എം.എസ്., പി.കൃഷ്ണപിള്ള, എൻ.സി.ശേഖർ, കെ.ദാമോദരൻ എന്നിവരാണ് ഈ യോഗത്തിൽ പങ്കെടുത്ത പ്രമുഖർ.

കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകരിലൊരാളായ അദ്ദേഹം 1941 മുതൽ അതിൻെറ കേന്ദ്രകമ്മിറ്റി അംഗമായി.

1952 –ലെ തിരഞ്ഞെടുപ്പിൽ കോഴിക്കോട് മണ്ഡലത്തിൽ കെ.പി.കുട്ടികൃഷ്ണൻനായരോട് പരാജയപ്പെട്ടതാണ് ഇ.എം.എസ്. പൊതുതിരഞ്ഞെടുപ്പിൽ വിജയിക്കാത്ത ഏക അവസരം.

1957ൽ നീലേശ്വരം മണ്ഡലത്തിൽ ജയിച്ച ഇ.എം.എസ്. കേരള സംസ്ഥാനത്തിൻെറ ആദ്യ മുഖ്യമന്ത്രിയായി. ഏഷ്യയിൽ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽവന്ന ആദ്യ കമ്യുണിസ്റ്റ് ഭരണാധികാരിയാണദ്ദേഹം.

ജന്മിത്വം അവസാനിപ്പിച്ച് കുടിയാന് അവൻ പണിയെടുക്കുന്ന മണ്ണിൽ അവകാശം നൽകുന്ന കുടിയൊഴിപ്പിക്കൽ



വിരുദ്ധ നിയമമാണ് ഇ.എം.എസ്. സർക്കാർ ആദ്യമായി പാസാക്കിയത്.

വിമോചനസമരത്തെത്തുടർന്ന് 1959 ജൂലൈ 31 രാഷ്ട്രപതി ഇ.എം.എസ്. മന്ത്രിസഭയെ പിരിച്ചുവിട്ടു. ഇന്ത്യയിലാദ്യമായി ഭരണഘടനയുടെ 356-ാം അനുച്ഛേദത്തിന്റെ പ്രയോഗത്തിലൂടെ അധികാരം നഷ്ടപ്പെട്ട മുഖ്യമന്ത്രിയാണദ്ദേഹം.

പട്ടാമ്പി മണ്ഡലത്തിൽനിന്ന് 1960,1967, 1970 വർഷങ്ങളിലും ആലത്തൂരിൽനിന്ന് 1977-ലും അദ്ദേഹം കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

1960-64 കാലത്ത് പ്രതിപക്ഷനേതാവായ അദ്ദേഹം 1962-ൽ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയ ജനറൽ സെക്രട്ടറിയായി.

1964ൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ അദ്ദേഹം ഇടതു കമ്യൂണിസ്റ്റ് പാർട്ടിയുടെ (സി.പി.ഐ. എം.) നേതാവായി.

1967ൽ വീണ്ടും കേരള മുഖ്യമന്ത്രിയായി. (1967-69). ഈ മന്ത്രിസഭ ഘടകകക്ഷികളുടെ അനൈക്യം മൂലം 1969 ഒക്ടോബർ 24 ന് നിലം പതിച്ചു.

1967-ൽ നിലവിൽവന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആദ്യ അധ്യക്ഷൻ ഇ.എം.എസ്. ആയിരുന്നു.

1978-ൽ സി.പി.എം. ജനറൽ സെക്രട്ടറിയായ ഇ.എം.എസ്. 1992 വരെ ആ പദവിയിൽ തുടർന്നു. അന്തരിക്കുംവരെ പൊളിറ്റ്ബ്യൂറോ അംഗമായിരുന്നു അദ്ദേഹം.

കേരളം മലയാളികളുടെ മാതൃഭൂമി, ഗാന്ധിയും ഗാന്ധിസവും, ദ നാഷണൽ ക്വസ്റ്റ്യൻ ഇൻ കേരള, ഇന്ത്യാ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം, ഇന്ത്യ അണ്ടർ കോൺഗ്രസ് റൂൾ, കേരള എസ്റ്റർഡേ, ദി എക്കണോമിക്സ് ആൻറ് പൊളിറ്റിക്സ് ഓഫ് ദി സോഷ്യലിസ്റ്റ് പാറ്റേൺ എന്നീ കൃതികൾ ഇ.എം.എസ്. രചിച്ചു. പ്രഭാതം, ദേശാഭിമാനി, നവയുഗം, ജനയുഗം, നവജീവൻ, ചിന്ത തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഇ.എം.എസ്.ന്റെ നേതൃത്വത്തിലാണ് ആരംഭിച്ചത്.

1998 മാർച്ച് 19ന് ഇ.എം.എസ്.അന്തരിച്ചു.

കേരള നിയമസഭയിൽ കർഷക ബന്ധബിൽ അവതരിപ്പിച്ചത് ഇ.എം.എസ്. മുഖ്യമന്ത്രിയായിരിക്കെയാണ്.

ഇ.എം.എസ്., കേസരി ബാലകൃഷ്ണപിള്ള, എം.പി. പോൾ, കെ.ദാമോദരൻ എന്നിവർ ചേർന്നു രൂപംനൽകിയ ജീവൽ സാഹിത്യ പ്രസ്ഥാനമാണ് പുരോഗമന സാഹിത്യ പ്രസ്ഥാനമായി മാറിയത്.

സുരേന്ദ്രൻ, എസ്.പരമേശ്വരൻ, പി.എസ്. ചെറിയാൻ, കെ.കെ. വാസുദേവൻ എന്നിവ ഇ.എം.എസിന്റെ തൂലിക നാമങ്ങളാണ്.

കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം പ്രതിപക്ഷനേതാവ് സ്ഥാനം വഹിച്ചത് ഇ.എം.എസ്. ആണ്.

തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യത്തെ കേരള മുഖ്യമന്ത്രിയും ഇ.എം.എസാണ്.

സി.പി.എം. സ്റ്റേറ്റ് കമ്മിറ്റി സ്ഥാപിച്ച ഇ.എം.എസ്. അക്കാദമി തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിലാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം പ്രതിപക്ഷനേതാവ്,കേരളത്തിൽ ഏറ്റവും കൂടുതൽകാലം തുടർച്ചയായി പ്രതിപക്ഷനേതാവ് എന്നീ വിശേഷണങ്ങൾ ഇ.എം.എസിനു സ്വന്തമാണ്.

കേരള നിയമസഭയുടെ വളപ്പിൽ പ്രതിമ സ്ഥാപിക്കപ്പെട്ട ആദ്യ മുഖ്യമന്ത്രി ഇ.എം.എസാണ്.

നെയ്ത്തുകാരൻ എന്ന സിനിമയുടെ പ്രതിപാദ്യം ഇ.എം.എസിന്റെ ജീവിതമാണ്.

1910 ൽ തിരുവിതാംകൂർ സർക്കാർ കണ്ടുകെട്ടിയ സ്വദേശാഭിമാനി പ്രസ് തിരികെ നൽകിയത് ഇ.എം.എസ്. മുഖ്യമന്ത്രിയായിരിക്കെയാണ്.

എം.മുകുന്ദന്റെ കേശവന്റെ വിലാപങ്ങൾ എന്ന നോവലിന്റെ പ്രമേയം ഇ.എം.എസിന്റെ ജീവിതമാണ്.

## സി.കേശവൻ (1891-1969)

നിർഭയത്വത്തിന്റെയും ആദർശശുദ്ധിയുടെയും പര്യായമായ ഭരണകർത്താവ്- തിരുവിതാംകൂറിലെ അവകാശ സമരങ്ങളുടെ മുന്നണിപ്പോരാളിയും എസ്.എൻ.ഡി.പി. പ്രസ്ഥാനത്തിന്റെ അമരക്കാരനും തിരു-കൊച്ചി മുഖ്യമന്ത്രിയുമായിരുന്ന സി.കേശവനെ കേരള ചരിത്രം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്.

സമൂഹത്തിന്റെ അടിത്തട്ടിൽനിന്ന് ഉയർ



ന്നുവന്ന് പൊതുപ്രവർത്തകൻ എന്നതിനൊപ്പം എഴുത്തുകാരൻ, വാഗ്മി എന്നീ നിലകളിലും കഴിവു തെളിയിച്ച ഈ നേതാവ് അഭിനേതാവും ഗായകനും കൂടിയായിരുന്നു.

മലയാളനാട്ടിൽ പിന്നാക്ക വിഭാഗത്തിൽ നിന്ന് മുഖ്യമന്ത്രിക്കസേരയിലെത്തിയ (തിരുകൊച്ചിയിൽ) ആദ്യ വ്യക്തി എന്ന വിശേഷണവും സിംഹള സിംഹം എന്ന അപരനാമത്തിനുടമയായ സി.കേശവന് സ്വന്തമാണ്.

കൊല്ലത്ത് മയ്യനാട്ടാണ് 1891 മെയ് 23-ന് സി.കേശവൻ ജനിച്ചത്. നെയ്ത്തുകാരായിരുന്ന കുഞ്ചനും ചക്കിയുമായിരുന്നു മാതാപിതാക്കൾ.

എഴുത്തുകാരനും ശ്രീനാരായണപ്രസ്ഥാനത്തിന്റെ സാരഥിയും സാമൂഹിക പരിഷ്കർത്താവുമായിരുന്ന സി.വി.കുഞ്ഞുരാമൻ അമ്മാവനായിരുന്നു. ഈഴവ സമുദായം അടിമത്തത്തിൽനിന്ന് ഉയർത്തെഴുന്നേൽക്കുന്ന കാലമായിരുന്നു അത്.

വിദ്യാഭ്യാസത്തിലൂടെ ഉയരണമെന്നുള്ള നേതാക്കളുടെ ആഹ്വാനം കേശവന്റെ മാതാപിതാക്കളെയും സ്വാധീനിച്ചു. അതുകൊണ്ട് അവർ മകനെ നെയ്ത്തുജോലിക്ക് അയയ്ക്കാതെ വെള്ളമണൽ സ്കൂളിൽ ചേർത്തു. കൊല്ലം സെന്റ് അലോഷ്യസ് സ്കൂളിലും തുടർന്ന് സർക്കാർ സ്കൂളിലും കേശവൻ പഠനം തുടർന്നു.

1913-ൽ സ്കൂൾ ഫൈനൽ കഴിഞ്ഞ് കേശവൻ എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്നു. കൊച്ചിയിൽ ഈഴവരുടെ സ്ഥിതി മോശമായതിനാൽ കേശവന് ജാതിയുടെ പേരിൽ പല അപമാനങ്ങളും സഹിക്കേണ്ടിവന്നു.

1916-ൽ ഇന്റർ പരീക്ഷ പൂർത്തിയാക്കി മയ്യനാട്ട് മടങ്ങിയെത്തി. തുടർന്ന് സി.വി. കുഞ്ഞുരാമന്റെയും ടി.സി.രാമന്റെയും ഒപ്പം സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിയായി.

ശാസ്താംകോവിലിലെ സ്കൂളിൽ പ്രധാനാധ്യാപകനായി ചുമതലയേറ്റ അദ്ദേഹം പിന്നീട് പാലക്കാട് ബാസൽ സ്കൂളിൽ ബോട്ടണി അധ്യാപകനായി. ഇവിടെ ചെലവഴിച്ച എട്ടുമാസക്കാലത്ത് ക്രിസ്തുമതവും വിവേകാനന്ദ തത്വങ്ങളും അദ്ദേഹത്തെ ആകർഷിച്ചു.

തിരികെ എത്തിയ കേശവൻ തിരുവനന്തപുരത്ത് ബിരുദപഠനത്തിനുചേർന്നു. 1920-ൽ അദ്ദേഹം സി.വി.കുഞ്ഞുരാമന്റെ മകളും തന്റെ മുറപ്പെണ്ണുമായ വാസന്തിയെ വിവാഹം കഴിച്ചു.

തുടർന്ന് മാവേലിക്കര സ്കൂളിൽ പ്രധാനാധ്യാപകനായ കേശവൻ സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടു തുടങ്ങി.

അധ്യാപക ജോലിയുപേക്ഷിച്ച് ബർമയിൽ സ്വദേശവസ്ത്രം പ്രചരിപ്പിക്കാനായി പോയി. എങ്കിലും അതിൽ വിജയിക്കാതെ മടങ്ങിയെത്തി. തുടർന്ന് ശ്രീനാരായണഗുരുവുമായി പരിചയപ്പെട്ട കേശവൻ, ഗുരുവിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരത്ത് ലോ കോളേജിൽ ചേർന്നു.

നിയമബിരുദം നേടി കൊല്ലം കോടതിയിൽ വക്കീലായ സി.കേശവന് ഇ.വി.കൃഷ്ണപിള്ളയെയും ടി.എം.വർഗീസിനെയും സുഹൃത്തുക്കളായി ലഭിച്ചു.

തിരുവിതാംകൂറിൽ ചിത്തിര തിരുനാൾ മഹാരാജാവ് നടപ്പാക്കിയ ഭരണപരിഷ്കാരങ്ങളിൽ ഈഴവർ, ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ തുടങ്ങിയ പിന്നോക്ക ജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി നിയമസഭയിലും ഉദ്യോഗങ്ങളിലും അർഹമായ പ്രാതിനിധ്യം ലഭിക്കാത്തത് ഈ സമുദായങ്ങളെ നിരാശരാക്കി.

അവർ ഈ അനീതിയ്ക്കെതിരെ പോരാടാൻ സംയുക്ത രാഷ്ട്രീയ സഭയ്ക്കു രൂപം നൽകി (ഇത് പിന്നീട് 1933-ൽ സംയുക്ത രാഷ്ട്രീയ സമിതി എന്ന പേരു സ്വീകരിച്ചു). എൻ. വി. ജോസഫ്, ടി. എം. വർഗീസ്, പി. കെ. കുഞ്ഞ് തുടങ്ങിയവർക്കൊപ്പം സി.കേശവനും സമരത്തിന്റെ മുൻനിരയിൽ നിലകൊണ്ടു.

1935 മെയ് മാസത്തിൽ നടത്തിയ കോഴഞ്ചേരി പ്രസംഗത്തിന്റെ പേരിൽ രാജ്യദ്രോഹക്കുറ്റമാരോപിച്ച് ജൂൺ ഏഴിന് കേശവനെ അറസ്റ്റുചെയ്തു. ടി.എം.വർഗീസാണ് അദ്ദേഹത്തിനുവേണ്ടി കേസ് വാദിച്ചത്.

ജയിലിലടയ്ക്കപ്പെട്ട കേശവൻ 1937 ആഗസ്ത് 25-ന് മോചിതനായി. അദ്ദേഹത്തിന് സ്വീകരണം നൽകാൻ ആലപ്പുഴയിൽ സംഘടിപ്പിച്ച അതിഗംഭീരയോഗത്തിൽ പങ്കെടുത്തു നടത്തിയ പ്രസംഗത്തിന്റെ പേരിൽ ടി.എം.വർഗീസിന് ശ്രീമൂലം അസംബ്ലിയിലെ ഡപ്യൂട്ടി പ്രസിഡന്റ് സ്ഥാനം നഷ്ടമായി. കൗമുദി പത്രമാരംഭിച്ച് കേശവൻ അതിലൂടെ സർക്കാരിനെതിരെ ആഞ്ഞടിച്ചു.

ഉത്തരവാദ ഭരണത്തിനുവേണ്ടിയുള്ള സ്റ്റേറ്റ് കോൺഗ്രസിന്റെ സമരത്തിലും പട്ടംതാണുപിള്ളയ്ക്കും ടി.എം.വർഗീസിനും ഒപ്പം സി.കേശവനും മുൻനിരയിൽ ഉണ്ടായിരുന്നു.

1948 മാർച്ചിൽ പട്ടം താണുപിള്ള രൂപവൽക്കരിച്ച തിരുവിതാംകൂറിലെ പ്രഥമ ജനകീയ മന്ത്രിസഭയിൽ ടി.എം.വർഗീസിനൊപ്പം കേശവനും മന്ത്രിയായി. പട്ടത്തിന്റെ പല നടപടികളോടും ഇരു മന്ത്രിമാരും വിയോജിച്ചു.

പട്ടത്തിനുശേഷം അധികാരത്തിൽവന്ന പറവൂർ ടി.കെ.നാരായണപിള്ളയാണ് തിരു-കൊച്ചിയിലെ ആദ്യ മന്ത്രിസഭയ്ക്ക് നേതൃത്വം നൽകിയത്. ആ മന്ത്രിസഭ രാജിവച്ചപ്പോൾ 1951 മാർച്ച് മൂന്നിന് സി.കേശവൻ തിരു-കൊച്ചി മുഖ്യമന്ത്രിയായി.

ശബരിമല ക്ഷേത്രത്തിനു തീപിടിച്ച അവസരത്തിൽ ഒരമ്പലം നശിച്ചാൽ അത്രയും അന്ധവിശ്വാസം നശിക്കും എന്ന അദ്ദേഹത്തിന്റെ പ്രസ്താവന ഏറെ വിവാദങ്ങൾക്കു വഴി തെളിച്ചു.

സി.കേശവന്റെ 'ഭഗവാൻ കാറൽ മാർക്സ്' പ്രയോഗവും കേരള രാഷ്ട്രീയത്തിൽ ചർച്ചാവിഷയമായി.

1952-ൽ പുതിയ തിരഞ്ഞെടുപ്പ് സമാഗതമായതോടെ മന്ത്രിസഭയെ പിരിച്ചുവിട്ടു.

ക്രമേണ കേശവൻ സജീവ രാഷ്ട്രീയത്തിൽ നിന്നുമകന്നു. ഇളയ മകൻ ഭദ്രന്റെയും ജീവിതകാലം മുഴുവൻ താങ്ങായി ഒപ്പമുണ്ടായിരുന്ന ഭാര്യയുടെയും മരണം അദ്ദേഹത്തെ ഉലച്ചുകളഞ്ഞു. 1969 ജൂലായ് ഏഴിന് അദ്ദേഹം വിടപറഞ്ഞു.

സി.കേശവൻ രചിച്ച ഉജ്ജ്വലമായ ആത്മകഥയാണ് 'ജീവിതസമരം'.

സി.കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ കൊല്ലത്താണ്.

## ഡോ.വേലുക്കുട്ടി അരയൻ (1894-1961)

പൊതു പ്രവർത്തനം, ശാസ്ത്രം,സാഹിത്യം,പത്രപ്രവർത്തനം എന്നിവയിലെല്ലാം ശോഭിച്ച ബഹുമുഖ പ്രതിഭയായിരുന്നു ഡോ. വേലുക്കുട്ടി അരയൻ. ആയുർവേദം, അലോപ്പതി, ഹോമിയോ എന്നീ വൈദ്യശാസ്ത്ര രീതികളിൽ പ്രാവീണ്യം നേടിയ ഭിഷഗ്വരൻ എന്ന നിലയിലും അദ്ദേഹം മികവാർന്ന പ്രവർത്തനത്തിനുടമയായാണ്.

ആലപ്പാട് വേലായുധൻ വൈദ്യരുടെയും പനമൂട്ടിൽ വെളുത്ത കുഞ്ഞമ്മയുടെയും മകനായി 1894 മാർച്ച് പതിനൊന്നിനാണ് വേ



ലുക്കുട്ടി അരയൻ ജനിച്ചത്.

പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വേലുക്കുട്ടി അരയൻ ആയുർവേദം പഠിച്ചു. പതിനെട്ട് വയസ്സായപ്പോഴേക്കും ആയുർവേദം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ അദ്ദേഹം അവഗാഹം നേടിക്കഴിഞ്ഞിരുന്നു.

തുടർന്ന് വേലുക്കുട്ടി അരയൻ മദ്രാസിൽ അലോപ്പതി പഠനത്തിനുചേർന്നു. അതോടൊപ്പം നിയമവും മത്സ്യബന്ധനം സംബന്ധിച്ച കാര്യങ്ങളും പഠിക്കാനും അദ്ദേഹം സമയം കണ്ടെത്തി.

അലോപ്പതി പഠനത്തിനുശേഷം കൽക്കട്ടയിലെ ഹോമിയോ മെഡിക്കൽ കോളേജിൽ ചേർന്ന അദ്ദേഹം ഒന്നാം റാങ്കോടെ ബിരുദം നേടി. തുടർന്ന് സ്വദേശത്തേക്ക് മടങ്ങിയ അദ്ദേഹം ഡോക്ടറായി പ്രാക്ടീസ് ആരംഭിച്ചു.

തന്റെ സമുദായത്തോടും രാജ്യത്തോടുമുള്ള പ്രതിബദ്ധത അദ്ദേഹം മറന്നില്ല. അരയസമുദായത്തിന്റെ ഉന്നമനത്തിനും അതി

നെ ചൂഷണത്തിൽനിന്നും അടിച്ചമർത്തലിൽ നിന്നും മോചിപ്പിക്കുന്നതിനു വേണ്ടിയും അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു.

നിരവധി സാമൂഹിക പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും അദ്ദേഹം സ്ഥാപിച്ചു. 1908–ൽ തന്റെ പതിനാലാമത്തെ വയസ്സിൽ ജന്മഗ്രാമമായ കരുനാഗപ്പള്ളിയിൽ ചെറിയഴീക്കൽ വിജ്ഞാനസന്ദായിനി ഗ്രന്ഥശാലയുടെ സ്ഥാപനത്തോടുകൂടിയാണ് വേലുക്കുട്ടി അരയന്റെ സംഭവബഹുലമായ പൊതുജീവിതം തുടങ്ങുന്നത്.

പതിമൂന്നാം വയസ്സിൽ രചിച്ച കിരാതാർജുനീയമാണ് ഡോ. വേലുക്കുട്ടി അരയന്റെ അച്ചടിക്കപ്പെട്ട ആദ്യ രചന.

വേലുക്കുട്ടി അരയന്റെ നേതൃത്വത്തിലാണ് 1916–ൽ ചെറിയഴീക്കൽ അരയവംശപരിപാലനയോഗം രൂപവത്കരിക്കപ്പെട്ടത്. ഈ സംഘടന പിൽക്കാലത്ത് സമസ്ത കേരളീയ അരയ മഹാജനയോഗമായി വളർന്നു.

1917–ൽ വേലുക്കുട്ടി അരയൻ തുടങ്ങിയ അരയൻ എന്ന മാസിക പിന്നീട് പ്രതിവാര പത്രമായി. അരയ സമുദായത്തിന്റെ ജിഹ്വയായിരുന്നു ഈ പ്രസിദ്ധീകരണം.

1922–ൽ അദ്ദേഹം അരയ സ്ത്രീജന മാസിക ആരംഭിച്ചു. സ്ത്രീജനങ്ങളുടെ ഉന്നമനവും അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളിൽപ്പെട്ടിരുന്നു.

1920–ൽ തിരുവിതാംകൂർ രാഷ്ട്രീയ മഹാസഭ എന്ന ജാതിമത നിരപേക്ഷ സംഘടനയ്ക്ക് രൂപം നൽകിയതിൽ വേലുക്കുട്ടി ഡോക്ടർ മുഖ്യ പങ്കുവഹിച്ചു. വൈക്കം സത്യാഗ്രഹത്തിലും അദ്ദേഹം ഭാഗഭക്കായി.

1924–ൽ സ്ഥാപിതമായ തിരുവിതാംകൂർ അവർണ ഹിന്ദുമഹാസഭയുടെ ജനറൽ സെക്രട്ടറിയായും വേലുക്കുട്ടി അരയൻ പ്രവർത്തിച്ചു.


ഡോ.വേലുക്കുട്ടി അരയന്റെ പ്രഥമ ട്രേഡ് യൂണിയൻ സംരംഭമാണ് 1931–ൽ രൂപവത്കൃതമായ അഖില തിരുവിതാംകൂർ നാവികത്തൊഴിലാളി സംഘം. ട്രേഡ് യൂണിയൻ രംഗത്തുള്ള പ്രവർത്തനം അദ്ദേഹത്തെ കമ്യൂണിസ്റ്റ് പാർട്ടിയുമായി അടുപ്പിക്കുകയും തുടർന്ന് അതിൽ അംഗമാകുകയും ചെയ്തു.

ഡോ.വേലുക്കുട്ടി അരയൻ വിഭാവനം ചെയ്ത ശാസ്ത്രീയ പദ്ധതികളുടെ പേരിലും സ്മരണീയനാണ്. 1952–ൽ അദ്ദേഹം തിരു–കൊച്ചി സർക്കാരിനു സമർപ്പിച്ച തീരദേശ പുനർ നിർമാണ പദ്ധതി (ലാൻഡ് റിക്ലമേഷൻ സ്കീം) അവയിലൊന്നാണ്.

തീരദേശം വാരികയും കലാകേരളം, ചിരി, സമാധാനം എന്നീ മാസികകളും അദ്ദേഹം ആരംഭിച്ചു. സാഹിത്യത്തിന്റെ മിക്ക ശാഖകളിലും വിഹരിച്ച് നിരവധി മികച്ച കൃതികളാൽ കൈരളിയെ സമ്പന്നമാക്കിയ ഈ സാമൂഹിക വിപ്ലവകാരി 1969 മെയ് 31–ന് അന്തരിച്ചു.

## ടി.ആർ.കൃഷ്ണസ്വാമി അയ്യർ (1890–1935)

തിരുവില്വാമലയ്ക്കടുത്തുള്ള പഴയന്നൂർ ബ്രാഹ്മണ ഗ്രാമത്തിൽ 1890–ൽ ടി.ആർ.കൃഷ്ണസ്വാമി അയ്യർ ജനിച്ചു.



പഴയന്നൂരിലെയും തിരുവനന്തപുരം മഹാരാജാസ് കോളേജിലെയും വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം ചെന്നൈ ലോ കോളേജിൽ നിയമം പഠിച്ചു.

1923 മെയ് രണ്ടിന് പാലക്കാട് ജില്ലയിലെ അകത്തേത്തറയിൽനടന്ന കോൺഗ്രസ് സമ്മേളനത്തിനുശേഷം അവിടെ ഒരു മിശ്രഭോജനം സംഘടിപ്പിച്ചു. ഇക്കാരണത്താൽ അദ്ദേഹത്തിന് സ്വസമുദായം ഭ്രഷ്ട് കൽപിച്ചു.

തുടർന്ന് ഭാര്യയോടും മക്കളോടുമൊപ്പം പരിസരപ്രദേശത്തുതന്നെ ഹരിജന വിദ്യാർഥികൾക്കായി ശബരി ആശ്രമം സ്ഥാപിച്ച് അവിടെ താമസമാക്കി.

ഗാന്ധിയൻ പരിപാടികളായ ഹരിജനോദ്ധാരണം, ഹിന്ദി പ്രചാരണം, ഖാദി പ്രചാരണം, അയിത്തോച്ചാടനം എന്നിവയിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

1925–ൽ ഗാന്ധിജി വൈക്കം സത്യാഗ്രഹസമയത്ത് അവിടെ സന്ദർശിച്ചപ്പോൾ രാജഗോപാലാചാരി, മഹാദേവ് ദേശായി, രാംദാസ് ഗാന്ധി എന്നിവർക്കൊപ്പം കൃഷ്ണസ്വാമി അയ്യരും ഉണ്ടായിരുന്നു.

ഉപ്പു സത്യാഗ്രഹസമയത്ത് (1930) കെ. കേളപ്പൻ കോഴിക്കോടുനിന്ന് പയ്യന്നൂർക്ക് ഉപ്പുസത്യാഗ്രഹജാഥ നടത്തിയപ്പോൾ പാലക്കാടുനിന്ന് ഒരു സംഘത്തെ അവിടേക്ക് നയിച്ചത് കൃഷ്ണസ്വാമി അയ്യരായിരുന്നു. 1930 മെയ് 12–ന് കോഴിക്കോട് കടപ്പുറത്ത് ഉപ്പു നിയമം ലംഘിച്ച സത്യാഗ്രഹികളെ പൊലീസ് ക്രൂരമായി മർദ്ദിച്ചു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, പി.കൃഷ്ണപിള്ള, ആർ.വി.ശർമ, കെ.മാധവൻ നായർ എന്നിവർക്കൊപ്പം കൃഷ്ണസ്വാമി അയ്യരും കഠിനതടവിനു ശിക്ഷിക്കപ്പെട്ടു. 1935–ൽ കൃഷ്ണസ്വാമി അയ്യർ അന്തരിച്ചു.

## പണ്ഡിറ്റ് കറുപ്പൻ (1885–1938)

പഴയ കൊച്ചിരാജ്യത്ത് എറണാകുളത്ത് ചേരാനല്ലൂരിൽ 1885 മെയ് 24ന് കറുപ്പൻ ജനിച്ചു.



പിതാവ് പാപ്പു, മാതാവ് കൊച്ചുപെണ്ണ്.

ജാതിഭേദത്തിന്റെ അർത്ഥശൂന്യത സാഹിത്യത്തിലൂടെ ആവിഷ്കരിച്ച കേരളത്തിലെ ആദ്യത്തെ സാമൂഹിക പരിഷ്കർത്താവാണ് പണ്ഡിറ്റ് കറുപ്പൻ.

അഴിക്കൽ വേലു വൈദ്യന്റെയടുത്ത് ഔപചാരിക വിദ്യഭ്യാസം ആരംഭിച്ചു.

വിദ്യാകേന്ദ്രമെന്ന നിലയിൽ അക്കാലത്ത് പ്രശസ്തമായിരുന്ന കൊടുങ്ങല്ലൂരിൽ പഠനം നടത്തിയ കാലം പണ്ഡിറ്റ് കറുപ്പന്റെ ജീവിതത്തിലെ സുപ്രധാന ഘട്ടമാണ്.

നിരവധി വിദ്യാലയങ്ങളിൽ അദ്ദേഹം അധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1925ൽ കറുപ്പനെ കൊച്ചിൻ ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്തു.

കറുപ്പന്റെ ശ്രമഫലമായി ഗവൺമെന്റ് അധഃസ്ഥിതരുടെ ക്ഷേമത്തിനായി പുതിയ വകുപ്പിന് രൂപം നൽകി. കറുപ്പൻ ആ വകുപ്പിന്റെ അസിസ്റ്റന്റ് പ്രൊട്ടക്ടറായി നിയമിതനായി.

അസിസ്റ്റന്റ് പ്രൊട്ടക്ടർ എന്ന നിലയിൽ കറുപ്പൻ നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചു. അധഃസ്ഥിതർക്കിടയിലെ അന്ധവിശ്വാസം ദൂരീകരിക്കാൻ ആചാരഭൂഷണം എന്ന കൃതി രചിച്ചു.

ഫിഷറീസ് സ്കൂളുകൾ സ്ഥാപിക്കാനും കറുപ്പൻ മുൻകൈയെടുത്തു.

കേരള ലിങ്കൺ എന്നാണ് പണ്ഡിറ്റ് കറുപ്പന്റെ അപരനാമം.

1931–ൽ കറുപ്പൻ വെർണാക്കുലർ എഡ്യുക്കേഷന്റെ സൂപ്രണ്ടായി നിയമിതനായി. 1935–ൽ മഹാരാജാസ് കോളേജിൽ അധ്യാപകനായി.

ഇക്കാലയളവിൽ മദ്രാസ് സർവകലാശാലയുടെ ബോർഡ് ഓഫ് എക്സാമിനേഷൻസ് ചെയർമാനായും എറണാകുളം മുനിസിപ്പൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചു.

പണ്ഡിറ്റ് കറുപ്പന് കവിതിലകൻ ബഹുമതിനൽകിയത് കൊച്ചിരാജാവാണ്.

കേരളവർമ വലിയ കോയിത്തമ്പുരാൻ വിദ്വാൻ ബഹുമതി നൽകി.

കറുപ്പൻ അധഃസ്ഥിതരുടെ ക്ഷേമത്തിനായി പ്രസ്ഥാനങ്ങൾ രൂപവത്കരിച്ചു.

തേവരയിൽ വാലസമുദായ പരിഷ്കാരിണിസഭയും കൊടുങ്ങല്ലൂരിലെ ആനാപ്പുഴയിൽ കല്യാണദായിനിസഭയും വൈക്കത്ത് വാല സേവാസമിതിയും രൂപവൽക്കരിക്കാൻ നേതൃത്വം നൽകി.ഇക്കൊച്ചിയിൽ ജ്ഞാനോദയം സഭ, എങ്ങണ്ടിയൂരിൽ അരയവംശോദ്ധാരണി മഹാസഭ, കുമ്പളത്ത് സന്മാർഗ പ്രദീപപ്രഭ, പറവൂരിൽ സമുദായസേവിനി തുടങ്ങിയവയും സ്ഥാപിക്കാൻ കറുപ്പൻ മുൻകൈയെടുത്തു.

തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും വിവിധ പേരുകളിലും രൂപത്തിലും നടത്തിയിരുന്ന സമുദായോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപമുണ്ടാക്കാൻ യത്നിക്കുകയും അരയവംശോദ്ധാരണി എന്ന പേരിലുള്ള കേന്ദ്രസംഘടന രൂപവത്കരിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുകയും ചെയ്തു.

കൊച്ചിൻ പുലയമഹാസഭയുടെ രൂപവത്കരണത്തിനും കറുപ്പൻ മാർഗനിർദ്ദേശം പകർന്നു.

കൊച്ചി പുലയ മഹാസഭ ഉദ്ഘാടനം ചെയ്യപ്പെട്ടത് 1913 മെയ് 25നാണ് . എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്കൂളായിരുന്നു വേദി. ഈ യോഗത്തിൽ അധ്യക്ഷത വഹിച്ചത് പ്രമുഖ എഴുത്തുകാരനായ ടി.കെ. കൃഷ്ണമേനോൻ ആയിരുന്നു.

കൃഷ്ണാതി ആശാൻ സംഘടനയുടെ പ്രസിഡന്റും പി.സി.ചാഞ്ചൻ സെക്രട്ടറിയുമായി. 1926–ൽ ചാഞ്ചൻ കൊച്ചി നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു.

പുലയരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും അനാചാരങ്ങൾ തുടച്ചുനീക്കുന്നതിനും സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനും പുലയ മഹാസഭ ഊന്നൽ നൽകി.

പ്ലൂരിസി എന്ന അസുഖം കാരണം 1938 മാർച്ച് 23ന് കറുപ്പൻ അന്തരിച്ചു.

സമകാലിക ജാതി വ്യവസ്ഥയെ വിമർശിച്ചുകൊണ്ട് പണ്ഡിറ്റ് കറുപ്പൻ രചിച്ച കൃതിയാണ് ജാതികുമ്മി.

മദ്രാസ് ഗവർണറുടെ ബഹുമാനാർഥം കൊച്ചിരാജാവ് സംഘടിപ്പിച്ച ഉദ്യാന വിരുന്നിൽ അവഗണിക്കപ്പെട്ടതിൽ മനംനൊന്ത് രചിച്ചതാണ് ഉദ്യാനവിരുന്ന്.

ചട്ടമ്പിസ്വാമികൾ സമാധിയായപ്പോൾ അനുശോചിച്ചുകൊണ്ട് രചിച്ചതാണ് സമാധി സങ്കൽപം.

കറുപ്പന്റെ മറ്റൊരു പ്രശസ്ത രചനയാണ് ബാലാകലേശം. 1919–ൽ കൊച്ചി മഹാരാജാവിന്റെ ഷഷ്ടി പൂർത്തിയോടനുബന്ധിച്ചാണ് ഇത് രചിച്ചത്.



## ശുഭാനന്ദഗുരുദേവൻ (1882–1950)

അസ്പൃശ്യതയുടെയും അടിമത്തത്തിന്റെയും ദുസ്സ്വാധീനങ്ങളിൽനിന്ന് അധഃസ്ഥിത വിഭാഗങ്ങളെ മോചിപ്പിക്കുന്നതിനും ദൈവത്തിന്റെ സർവസൃഷ്ടികളും സമമാണെന്ന തത്ത്വം സാധാരണ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനും പരിശ്രമിച്ച സന്ന്യാസിവര്യനാണ് ശുഭാനന്ദഗുരുദേവൻ.

1882 ഏപ്രിൽ 28ന് ബുധനൂർ വില്ലേജിൽ സാംബവ സമുദായത്തിൽ ഇട്ട്യാത്തിയുടെയും കൊച്ചുനീലിയുടെയും മകനായി ജനിച്ച പാപ്പൻകുട്ടിയാണ് പിൽക്കാലത്ത് ശുഭാനന്ദഗുരുദേവനായി മാറിയത്.

1927മെയ് മാസത്തിൽ 480 അനുയായികളുമായി മാവേലിക്കരയിൽനിന്ന് ശിവഗിരിയിലേക്ക് ശുഭാനന്ദഗുരുദേവൻ തീർഥാടന ജാഥ നടത്തി.

1930–ൽ ആലുമ്മൂട്ടിൽ എ.കെ.ഗോവിന്ദദാസിന്റെ രക്ഷാധികാരത്വത്തിൽനടന്ന മത മഹാസമ്മേളനത്തിൽ ശുഭാനന്ദഗുരുദേവൻ പങ്കെടുത്തു.

1934–ൽ കേരള സന്ദർശനത്തിനെത്തിയ ഗാന്ധിജിയെ മാവേലിക്കരയിൽ സ്വീകരിച്ചത് ശുഭാനന്ദഗുരുദേവനാണ്. ശുഭാനന്ദഗുരുദേവന്റെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ മതിപ്പ് തോന്നിയ ഗാന്ധിജി അതിനുള്ള പ്രവർത്തനങ്ങളിൽ തന്റെ പിന്തുണ പ്രഖ്യാപിക്കുകയും സാമ്പത്തികമായ സഹായങ്ങൾക്ക് ക്രമീകരണമേർപ്പെടുത്തുകയും ചെയ്തു.


യാതന അനുഭവിക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ രാജാവിന്റെ ശ്രദ്ധയിൽപ്പെടുത്തുക എന്ന ലക്ഷ്യവുമായി 1934–ൽ മഹാരാജാവിനെക്കാണാൻ അനുയായികൾക്കൊപ്പം തിരുവനന്തപുരത്തെത്തിയ ശുഭാനന്ദഗുരുദേവന് മുറജപക്കാലമായതിനാൽ കൊട്ടാരത്തിൽ പ്രവേശിക്കാൻ അനുമതി നിഷേധിച്ചു. എന്നാൽ, രാജാവിനെ കാണാതെ തിരികെപ്പോകില്ല എന്ന നിലപാടിൽ ശുഭാനന്ദഗുരുദേവൻ ഉറച്ചുനിന്നു. തുടർന്ന് രാജാവ് അനുമതി നൽകുകയും ശുഭാനന്ദഗുരുദേവൻ തന്റെ ദൗത്യം പൂർത്തിയാക്കുകയും ചെയ്തു.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പോരാടുന്നതിന് ശുഭാനന്ദഗുരുദേവൻ 1932–ൽ ആത്മബോധോദയ സംഘം രൂപവത്കരിച്ചു.

ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശുഭാനന്ദഗുരുദേവൻ അനുയായികൾക്കൊപ്പം പദയാത്രയായി തിരുവനന്തപുരത്തെത്തി 1935 നവംബർ പത്തിന് മഹാരാജാവിന് നിവേദനം സമർപ്പിച്ചു. 1950–ൽ ശുഭാനന്ദഗുരുദേവൻ സമാധിയായി.

## കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് (1896–1981)

തൃശ്ശൂർ ജില്ലയിലെ അടാട് ഗ്രാമത്തിലെ കുറൂർ മനയ്ക്കൽ അഷ്ടമൂർത്തി നമ്പൂതിരിപ്പാടിന്റെയും ഉമാ അന്തർജനത്തിന്റെയും മകനായി 1896 ഫെബ്രുവരി ആറിന് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് ജനിച്ചു. കുറു



രിന്റെ സഹോദരനായ ദാമോദരൻ നമ്പൂതിരിപ്പാട് യോഗക്ഷേമസഭയുടെ സ്ഥാപകരിലൊരാളാണ്. തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിൽ ഋഗ്വേദപഠനമാരംഭിച്ച കുറൂർ ഏഴുവർഷം വേദപഠനം തുടർന്നു. വേദപഠനം കഴിഞ്ഞ് ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങി. 1918-ൽ പാലക്കാട്ടെ നൂറണി ഹൈസ്കൂളിൽ ചേർന്ന അദ്ദേഹത്തിന് സ്കൂൾ ഫൈനൽ പരീക്ഷയെഴുതാൻ കഴിഞ്ഞില്ല. അപ്പോഴേക്കും മഹാത്മാ ഗാന്ധിയിൽ ആകൃഷ്ടനായിക്കഴിഞ്ഞിരുന്ന അദ്ദേഹം 1920 -ൽ നിസ്സഹകരണ പ്രസ്ഥാനത്തൽ ചേർന്നതോടെയാണ് പഠനം പാതിവഴിയിൽ നിന്നുപോയത്. തുടർന്നുള്ള അരനൂറ്റാണ്ടുകാലം കുറൂർ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ സജീവമായി. ദേശീയ പ്രസ്ഥാനത്തിലെ പ്രമുഖ നേതാക്കളുമായി സുദൃഢമായി വ്യക്തിബന്ധം അദ്ദേഹം പുലർത്തിയിരുന്നു.

ലോകമാന്യൻ എന്ന പത്രത്തിലെ ലേഖനങ്ങളിൽ അധികൃതർ രാജ്യദ്രോഹം കണ്ടെത്തിയതിന്റെ പേരിൽ 1921-ൽ കുറൂർ ആദ്യമായി തടവനുഭവിച്ചു. ആറുമാസത്തെ ശിക്ഷ കഴിഞ്ഞ് വീട്ടിൽ തിരികെയെത്തിയ അദ്ദേഹത്തിന്, മിശ്രഭോജനം നടത്തിയതിന്റെ പേരിൽ, സമുദായം ഭ്രഷ്ട് കൽപിച്ചു. 1923-ൽ ആരംഭിച്ച മാതൃഭൂമിയുടെ പ്രിന്റർ ആന്റ് പബ്ലിഷർ ആയി ആജീവനാന്തകാലം കുറൂർ പ്രവർത്തിച്ചു.


1924-25 ലെ വൈക്കം സത്യാഗ്രഹ സമരത്തിന്റെ വിശദാംശങ്ങൾ ഗാന്ധിജിയുമായി ചർച്ചചെയ്യാൻ ടി.കെ.മാധവനൊപ്പം കുറൂരും പോയി. വൈക്കം സത്യാഗ്രഹ സമരവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് രണ്ടു മാസത്തെ തടവുശിക്ഷ ലഭിച്ചു. ഗുരുവായൂർ സത്യാഗ്രഹത്തിലും കുറൂർ സജീവ സാന്നിധ്യമായിരുന്നു. കോൺഗ്രസിന്റെ സംസ്ഥാന-ദേശീയ നേതൃത്വത്തിലേക്കുയർന്ന കുറൂർ നിരവധി തവണ കെ.പി.സി.സി. സെക്രട്ടറിയാവുകയും ചെയ്തു. 1931-ലാണ് കുറൂർ വിവാഹിതനായത്. തെക്കേകുറുപ്പത്തെ ടി.സി.കൊച്ചുകുട്ടിയമ്മയായിരുന്നു വധു. പിന്നീട് എക്കാലവും കുറൂരിന്റെ പ്രവർത്തനങ്ങൾക്ക് അവർ ഉറച്ചപിന്തുണ പകർന്നിരുന്നു.

1930-ലെ ഉപ്പുസത്യാഗ്രഹസമയത്ത് കുറൂർ ക്രൂരമർദ്ദനത്തിനിരയായി. ഏഴുമാസം കണ്ണൂർ ജയിലിൽ തടവനുഭവിച്ച അദ്ദേഹത്തിന് അവിടെയും കൊടിയ മർദ്ദനമേറ്റു. ഇത് കുറൂരിന്റെ കേൾവിശക്തിയെയും ബാധിച്ചു. നിയമലംഘന പ്രസ്ഥാനത്തിലെ പങ്കാളിത്തത്തിനും അദ്ദേഹം ജയിലിൽ പോയി. 1932-നുശേഷം ഒരു ദശകത്തോളം അദ്ദേഹം സജീവ രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിൽക്കുകയുണ്ടായി. 1945-ൽ വീണ്ടും സജീവ രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം അക്കൊല്ലം തൃശ്ശൂരിൽചേർന്ന കൊച്ചീ രാജ്യപ്രജാമണ്ഡലത്തിന്റെ വാർഷിക യോഗത്തിൽ സ്വാഗതസംഘാധ്യക്ഷനായി പ്രവർത്തിച്ചു. രാജ്യപ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിച്ച അദ്ദേഹം പിൽക്കാലത്ത് കേരള നിയമസഭയിൽ അംഗമാകുകയും ചെയ്തു. ഖാദിപ്രസ്ഥാനത്തിന്റെ പ്രചാരണത്തിനും കുറൂർ അശ്രാന്തപരിശ്രമത്തിലേർപ്പെട്ടു. കുറൂരിന്റെ ശ്രമഫലമായിട്ടാണ് തൃശ്ശൂരിൽ ജവാഹർ ബാലഭവൻ രൂപംകൊണ്ടത്. തൃശ്ശൂരിലെത്തുന്ന അഖിലേന്ത്യനേതാക്കൾക്ക് കുറൂരിന്റെ ഭവനം പലപ്പോഴും ആതിഥേയത്വം പകർന്നു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാഷ്ട്രീയ പ്രവർത്തകർ മലബാറിലെ സമരകേന്ദ്രങ്ങളിലേക്ക് പോകുമ്പോൾ, കുറൂർമനയുടെ വകയായി തൃശ്ശൂരിലുണ്ടായിരുന്ന ഭരതീഭൂഷണം എന്ന വീടും ഒരു ഇടത്താവളംപോലെ പ്രവർത്തിച്ചു.

1981 ഓഗസ്റ്റ് 31-ന് കുറൂർ അന്തരിച്ചു.

## പി.കെ. ചാത്തൻ മാസ്റ്റർ (1920-1988)

ഇരിങ്ങാലക്കുടയ്ക്കടുത്ത് മാടായിക്കോണത്ത് പുലയസമുദായത്തിൽ 1920-ലാണ് പി.കെ. ചാത്തൻ മാസ്റ്റർ ജനിച്ചത്. ഇരിങ്ങാലക്കുടയിൽ ഹൈസ്കൂൾ പഠനം കഴിഞ്ഞ് എറണാകുളം മഹാരാജാസിൽ ചേർന്നെങ്കിലും കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കുറച്ചുകാലം പ്രൈമറി സ്കൂൾ അധ്യാപകനായി സേവനമനുഷ്ഠിച്ച അദ്ദേഹം മാസ്റ്റർ എന്ന അപരനാമത്തിലറിയപ്പെട്ടു. പിന്നീട് ചാത്തൻ മാസ്റ്റർ കർഷക



ത്തൊഴിലാളിയായ ദളിതരെ സംഘടിപ്പിച്ച് സമസ്ത കൊച്ചി പുലയമഹാസഭ സംഘടിപ്പിച്ചു. കമ്യൂണിസ്റ്റ് നേതാക്കളായ പി. കെ. കുമാരന്റെയും കെ.വി.കെ. വാര്യരുടെയും സ്വാധീനമാണ് അദ്ദേഹത്തെ കമ്യൂണിസ്റ്റ് പക്ഷത്തിലെത്തിച്ചത്. കൂടൽമാണിക്യക്ഷേത്ര നിരത്തു തുറന്നുകിട്ടാനുള്ള പ്രക്ഷോഭത്തിലും പാലിയം സത്യഗ്രഹത്തിലും ആവേശത്തോടെ പങ്കെടുത്ത ചാത്തൻ 1954ൽ തിരു-കൊച്ചി നിയമസഭാംഗമായി. 1957ൽ ചാലക്കുടിയിൽനിന്ന് വിജയിച്ച അദ്ദേഹം പ്രഥമ ഇ.എം.എസ്.മന്ത്രിസഭയിൽ ഹരിജനക്ഷേമം-തദ്ദേശസ്വയംഭരണ വകുപ്പുകളുടെ മന്ത്രിയായി. 1970-ലെ തിരഞ്ഞെടുപ്പിൽ കിളിമാനൂരിലെ പ്രതിനിധാനം ചെയ്ത് നിയമസഭാംഗമായ അദ്ദേഹം 1977-ലെ തിരഞ്ഞെടുപ്പിലും വിജയിച്ചു. 1988 ഏപ്രിൽ 22-ന് അന്തരിച്ചു.

# കേരള നവോത്ഥാനം

## I

1. 'കേരള ലിങ്കൺ' എന്നറിയപ്പെട്ടത്
എ) കെ.ദാമോദരൻ
ബി) ബേബി ജോൺ
സി) എം.എൻ.ഗോവിന്ദൻനായർ
ഡി) പണ്ഡിറ്റ് കറുപ്പൻ
2. ചെറുപ്പകാലത്ത് 'കുമാരൻ' എന്ന പേരിൽ അറിയപ്പെട്ടത്?
(എ) ഡോ. പൽപ്പു
(ബി) അയ്യങ്കാളി
(സി) പൊയ്കയിൽ യോഹന്നാൻ
(ഡി) ആഗമാനന്ദൻ
3. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ മുസ്ലീങ്ങളുടെ ഐക്യം വിഭാവനം ചെയ്തുകൊണ്ട് 'മുസ്ലിം ഐക്യ സംഘം' സ്ഥാപിച്ചതാര്?
(എ) വക്കം മൗലവി
(ബി) കെ.എം.സീതി
(സി) മുഹമ്മദ് അബ്ദുറഹ്മാൻ
(ഡി) തങ്ങൾകുഞ്ഞ് മുസല്യാർ
4. കേരളത്തിലെ 'സാക്ഷരതയുടെ പിതാവ്' എന്നറിയപ്പെടുന്നത്:
(എ) ചട്ടമ്പി സ്വാമികൾ



(ബി) കുമാരനാശാൻ
(സി) കുര്യാക്കോസ് ഏലിയാസ് ചാവറ
(ഡി) മന്നത്ത് പത്മനാഭൻ
5. 'തിരുവിതാംകൂർ ഈഴവസഭ'യുടെ സ്ഥാപകൻ:
(എ) കുമാരനാശാൻ
(ബി) ശ്രീനാരായണഗുരു
(സി) ഡോ. പൽപ്പു (ഡി) ടി.കെ.മാധവൻ
6. ഏതു വർഷമാണ് തൈക്കാട് അയ്യ അന്തരിച്ചത്?
(എ) 1909 (ബി) 1924
(സി) 1928 (ഡി) 1932
7. ആലത്തൂരിൽ സിദ്ധാശ്രമം സ്ഥാപിച്ചതാര്?
(എ) വാഗ്ഭടാനന്ദൻ
(ബി) ആഗമാനന്ദൻ
(സി) ബ്രഹ്മാനന്ദ ശിവയോഗി
(ഡി) തൈക്കാട് അയ്യ
8. കുമ്പളത്തെ 'സന്മാർഗ പ്രദീപസഭ'യ്ക്ക് രക്ഷാധികാരിയായിരുന്നത്:
(എ) കുമാരനാശാൻ
(ബി) ആലത്തൂർ ശിവയോഗി
(സി) പണ്ഡിറ്റ് കറുപ്പൻ
(ഡി) വി.ടി.ഭട്ടതിരിപ്പാട്
9. ഏത് വർഷമാണ് ശ്രീനാരായണഗുരു രണ്ടാം പ്രാവശ്യം ശ്രീലങ്ക സന്ദർശിച്ചത്?
(എ) 1926 (ബി) 1927
(സി) 1928 (ഡി) 1928
10. 'പന്മന ആശ്രമം' ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ആഗമാനന്ദൻ
(ബി) തൈക്കാട് അയ്യ
(സി) ചട്ടമ്പിസ്വാമികൾ
(ഡി) വാഗ്ഭടാനന്ദൻ

### ഉത്തരം

1. (ഡി) പണ്ഡിറ്റ് കറുപ്പൻ
* കേരള മാർക്സ് എന്നറിയപ്പെട്ട കെ.ദാമോദരൻ കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാല സാരഥികളിലൊരാളാണ്.
* കേരള കിസിംജർ എന്നറിയപ്പെട്ടത് റവല്യൂഷണറി സോഷ്യലിസ്റ്റ് പാർടി നേതാവായിരുന്ന ബേബി ജോൺ ആണ്. രാഷ്ട്രീയ പ്രശ്നങ്ങൾ സമവായത്തിലെത്തിക്കാൻ അദ്ദേഹം പുലർത്തിയ നയതന്ത്രജ്ഞതയാണ് ഈ അപരനാമത്തിനർഹനാക്കിയത്. സമാധാന നൊബേലിനർഹനായി അമേരിക്കൻ നയതന്ത്രജ്ഞനായിരുന്നു ഹെൻറി കിംസിംജർ.
* കേരള ക്രൂഷ്ഷേവ് എന്നറിയപ്പെട്ട എം.എൻ.ഗോവിന്ദൻ നായർ, കേരളത്തിൽ കമ്യൂണിസ്റ്റ് പാർടി 1957ൽ അധികാരത്തിൽ വന്നപ്പോൾ പാർടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്നു. കമ്യൂണിസ്റ്റ് പാർടി 1964ൽ സിപിഎം, പിഐ എന്നിങ്ങനെ രണ്ടായി പിളർന്നപ്പോൾ സിപിഎം കേരള ഘടകത്തെ ഇഎംഎസും സിപിഐ കേരള ഘടകത്തെ എം എന്നും ആണ് നയിച്ചത്. സി.അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ (1967–69) ഭവനനിർമാണവകുപ്പുമന്ത്രിയായ അദ്ദേഹമാണ് ലക്ഷംവീട് പദ്ധതി ആവിഷ്കരിച്ചത്.
* അമേരിക്കൻ അടിമത്തം അവസാനിപ്പിച്ച (1863) പ്രസിഡന്റാണ് എബ്രഹാം ലിങ്കൺ. അധ:സ്ഥിതരുടെ ഉന്നമനത്തിനായി പണ്ഡിറ്റ് കറുപ്പൻ നടത്തിയ അശ്രാന്ത പരിശ്രമം അദ്ദേഹത്തെ 'കേരള ലിങ്കൺ' എന്ന വിശേഷണത്തിനർഹനാക്കിത്തീർത്തു.
2. (സി) പൊയ്കയിൽ യോഹന്നാൻ
3. (എ) വക്കം മൗലവി
* നിയമസഭയിൽ സ്പീക്കർ സ്ഥാനം വഹിക്കെ അന്തരിച്ച മുസ്ലിംലീഗ് നേതാവാണ് കെ.എം.സീതി
* രണ്ടാം ലോകമഹായുദ്ധാനന്തരം മോചിതരായ കേരളത്തിലെ അവസാനത്തെ രാഷ്ട്രീയത്തടവുകാരിലൊരാളായ മുഹമ്മദ് അബ്ദുറഹ്മാൻ അറിയപ്പെട്ടിരുന്നത്. കേരളത്തിലെ സുഭാഷ്ചന്ദ്രബോസ് എന്നായിരുന്നു.
* കേരളത്തിൽ സ്വകാര്യമേഖലയിൽ സ്ഥാപിതമായ ആദ്യ എഞ്ചിനിയറിങ് കോളേജ് (കൊല്ലം) അറിയപ്പെടുന്നത് തങ്ങൾക്കുഞ്ഞ് മുസല്യാരുടെ പേരിലാണ്.
4. (സി) കുര്യാക്കോസ് ഏലിയാസ് ചാവറ
* ഓരോ പള്ളിക്കും ഒപ്പം ഒരു പള്ളിക്കൂടം എന്ന ആശയം മുന്നോട്ടുവച്ചത് ചാവറയച്ചനാണ്.
* കേരളത്തിൽ വിദ്യാഭ്യാസമേഖലയിലെ ഏറ്റവും വലിയ കോർപറേറ്റ് സംരംഭമായി എൻഎസ്എസിന്റെ വിദ്യാലയങ്ങളെ വളർത്തിയെടുത്തത് മന്നത്ത് പത്മനാഭനാണ്.
5. (സി) ഡോ. പൽപു
* ഈഴവ സമുദായാംഗങ്ങളെ സംഘടിപ്പിക്കുന്നതിനായി പരിശ്രമിച്ച ആദ്യത്തെ നേതാവാണ് ഡോ. പൽപു.
6. (എ) 1909
7. (സി) ബ്രഹ്മാനന്ദ ശിവയോഗി
* പാലക്കാട് ജില്ലയിലാണ് ആലത്തൂർ.
8. (സി) പണ്ഡിറ്റ് കറുപ്പൻ
9. (എ) 1926
* വിദ്യാനന്ദൻ, സുഗുണാനന്ദൻ എന്നീ ശിഷ്യന്മാർക്കൊപ്പമാണ് ഗുരു ശ്രീലങ്കയിലെ കൊളംബോ തുറമുഖത്തിറങ്ങിയത്.
10. (സി) ചട്ടമ്പിസ്വാമികൾ

## I

1. ഇംഗ്ലീഷുകാരുടെ ഭരണത്തെ 'വെൺനീചൻ' എന്നും തിരുവിതാംകൂറിലെ ഭരണത്തെ' അനന്തപുരിയിലെ നീചൻ' എന്നും വിശേഷിപ്പിച്ചതാര്?
എ) ശ്രീനാരായണഗുരു
ബി) തൈക്കാട് അയ്യ
സി) അയ്യാ വൈകുണ്ഠർ
ഡി) അയ്യങ്കാളി
2. ശ്രീനാരായണഗുരുവിന്റെ ആദ്യത്തെ സന്യാസശിഷ്യൻ?
എ) ശിവലിംഗദാസ സ്വാമികൾ
ബി) ബോധാനന്ദ സ്വാമികൾ
സി) ആനന്ദതീർഥ സ്വാമികൾ
ഡി) സത്യാനന്ദ സ്വാമികൾ
3. ആരുടെ ഉപദേശപ്രകാരമാണ് 1924 ഏപ്രിൽ ഒന്നിന് വൈക്കം സത്യാഗ്രഹം താൽക്കാലികമായി നിർത്തിവച്ചത്?
എ) ശ്രീനാരായണഗുരു
ബി) മഹാത്മാഗാന്ധി
സി) ടി.കെ.മാധവൻ
ഡി) വിനോബാ ഭാവെ
4. 'ദർശനമാല'യുടെ കർത്താവ്:
എ) ചട്ടമ്പിസ്വാമികൾ
ബി) തൈക്കാട് അയ്യ
സി) ആലത്തൂർ ശിവയോഗി
ഡി) ശ്രീനാരായണഗുരു
5. രവീന്ദ്രനാഥ് ടാഗോറിന് ആദരം അർപ്പിച്ചുകൊണ്ട് 'ദിവ്യകോകിലം' എന്ന കവിത രചിച്ചതാര്?
എ) ശ്രീനാരായണഗുരു
ബി) ഡോ. പൽപ്പു
സി) കുമാരനാശാൻ
ഡി) പണ്ഡിറ്റ് കറുപ്പൻ
6. ചട്ടമ്പിസ്വാമികളുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് 'സമാധിസങ്കൽപം' എന്ന കൃതി രചിച്ചതാര്?
എ) അയ്യങ്കാളി
ബി) ശ്രീനാരായണഗുരു
സി) പണ്ഡിറ്റ് കറുപ്പൻ
ഡി) കുമാരനാശാൻ
7. മലയാളകവിതയിൽ കാൽപ്പനികവസന്തത്തിന് തുടക്കം കുറിച്ച കൃതി:
(എ) വീണപൂവ് (ബി) കരുണ
(സി) ലീല (ഡി) രമണൻ
8. ശ്രീനാരായണഗുരുവിന്റെ ജീവിതം പ്രമേയമായ 'ഗുരു' എന്ന നോവൽ രചിച്ചതാര്?
(എ) കെ.സുരേന്ദ്രൻ



(ബി) ആർ.സുകുമാരൻ
(സി) ഒ.വി.വിജയൻ
(ഡി) കരുണാകരഗുരു
9. പ്രകടമായ ബുദ്ധമത സ്വാധീനം പുലർത്തുന്ന മലയാളകവി:
(എ) ചങ്ങമ്പുഴ (ബി) കുമാരനാശാൻ
(സി) വള്ളത്തോൾ (ഡി) ഉള്ളൂർ
10. ആരുമായി ചേർന്നാണ് മന്നത്ത് പത്മനാഭൻ 'ഹിന്ദുമഹാമണ്ഡലം' സ്ഥാപിച്ചത്?
(എ) സി.കേശവൻ (ബി) ആർ.ശങ്കർ
(സി) പട്ടം താണുപിള്ള
(ഡി) പനമ്പിള്ളി ഗോവിന്ദമേനോൻ

### ഉത്തരം

1. (സി) അയ്യാ വൈകുണ്ഠർ
* 1837ൽ സ്വാതി തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് വൈകുണ്ഠസ്വാമികളെ അറസ്റ്റുചെയ്ത് തിരുവനന്തപുരത്ത് ശിങ്കാരത്തോപ്പ് ജയിലിൽ പാർപ്പിച്ചു.
2. (എ) ശിവലിംഗദാസ സ്വാമികൾ
* ഇദ്ദേഹത്തിന്റെ യഥാർഥപേര് കുഞ്ചു അയ്യപ്പൻപിള്ള
3. (ബി) മഹാത്മാഗാന്ധി
* 1924 ഏപ്രിൽ ഏഴിന് സത്യാഗ്രഹം വീണ്ടും തുടങ്ങി.
4. (ഡി) ശ്രീനാരായണഗുരു
* അദ്വൈതവേദാന്ത തത്ത്വങ്ങൾ വളരെ വ്യക്തമായി ആവിഷ്കരിച്ചിരിക്കുന്ന കൃതിയാണ് ദർശനമാല.
5. (സി) കുമാരനാശാൻ
* 1922ൽ ടാഗോർ ശിവഗിരി സന്ദർശിച്ചപ്പോൾ ശ്രീനാരായണഗുരുവുമായി നടത്തിയ സംഭാഷണം തത്സമയം പരിഭാഷപ്പെടുത്തിയത് കുമാരനാശാനാണ്.
6. (സി) പണ്ഡിറ്റ് കറുപ്പൻ
7. (എ) വീണപൂവ്
* ഒരു പൂവിന്റെ ജനനംമുതൽ അവസാനം വരെയുള്ള കാര്യങ്ങളിലൂടെ മനുഷ്യജീവിതത്തിന്റെ നൈമിഷികതയെയാണ് വീണപൂവിൽ ആശാൻ ആവിഷ്കരിച്ചിരിക്കുന്നത്.
8. (എ). കെ.സുരേന്ദ്രൻ
* ശ്രീനാരായണഗുരുവിന്റെ ജീവിതത്തിന്റെ ചലച്ചിത്രാവിഷ്കാരമായ 'യുഗപുരുഷൻ' സംവിധാനം ചെയ്തത് ആർ.സുകുമാരൻ. ഈ സിനിമയിൽ ശ്രീനാരായണഗുരുവിന്റെ വേഷം ചെയ്തത് തമിഴ്നടൻ തലൈവാസൽ വിജയ്.
9. (ബി) കുമാരനാശാൻ
* ബുദ്ധമതാർധാധിഷ്ഠിതമായ ആശാന്റെ രചനകളാണ് ചണ്ഡാലഭിക്ഷുകിയും (1922) കരുണയും (1923). വാസവദത്ത എന്ന വാരസുന്ദരിക്ക് ബുദ്ധശിഷ്യനായ ഉപഗുപ്തനോട് തോന്നുന്ന ആസക്തിയാണ് കരുണയിലെ പ്രമേയം. മാതംഗി എന്ന ചണ്ഡാല യുവതിക്ക് ബുദ്ധശിഷ്യനായ ആനന്ദഭിക്ഷുവിനോട് തോന്നുന്ന അഭിനിവേശമാണ് ചണ്ഡാലഭിക്ഷുകിയിലെ പ്രമേയം.
10. (ബി) ആർ.ശങ്കർ
എസ്എൻഡിപി സാരഥിയും കോൺഗ്രസ് നേതാവുമായിരുന്നു ആർ.ശങ്കർ.

## III

1. അവർണസമുദായങ്ങളുടെ ഉന്നമനത്തിനായി അക്കൂട്ടത്തിൽ ത്തന്നെയുള്ള ആത്മീയപരിവേഷമുള്ള ഒരാളെ മുൻനിർത്തി പ്രവർത്തിക്കാൻ ഡോ. പൽപ്പുവിനെ ഉപദേശിച്ചതാര്?



(എ) രാജറാം മോഹൻറോയ്
(ബി) ശ്രീരാമകൃഷ്ണപരമഹംസൻ
(സി) സ്വാമി വിവേകാനന്ദൻ
(ഡി) സരോജിനി നായിഡു

2. 'ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത് എന്നുപദേശിച്ചത്.
(എ) അയ്യാ വൈകുണ്ഠർ
(ബി) തൈക്കാട് അയ്യ
(സി) അയ്യങ്കാളി
(ഡി) ശ്രീനാരായണഗുരു

3. ചട്ടമ്പിസ്വാമികളുടെ ഓമനപ്പേരായിരുന്നത്:
(എ) കുഞ്ഞൻ (ബി) നാണു
(സി) സുബ്രഹ്മണ്യൻ (ഡി) അയ്യൻ

4. 1814ൽ നകലപുരത്ത് ജനിച്ച സാമൂഹിക പരിഷ്കർത്താവ്:
(എ) അയ്യാ വൈകുണ്ഠർ
(ബി) തൈക്കാട് അയ്യ
(സി) ശ്രീനാരായണഗുരു
(ഡി) അയ്യങ്കാളി

5. 1916ൽ ശ്രീനാരായണഗുരു തിരുവണ്ണാമലയിൽ സന്ദർശിച്ച മഹദ്വ്യക്തിത്വം:
(എ) സ്വാമി വിവേകാനന്ദൻ
(ബി) ദയാനന്ദ സരസ്വതി
(സി) രമണ മഹർഷി
(ഡി) രവീന്ദ്രനാഥ് ടാഗോർ

6. ബ്രഹ്മാനന്ദ ശിവയോഗി ജനിച്ച വർഷം:
(എ) 1852 (ബി) 1856
(സി) 1861 (ഡി) 1875

7. താഴെപ്പറയുന്നവരിൽ ഏത് സംഘടനയാണ് പൊയ്കയിൽ യോഹന്നാൻ സ്ഥാപിച്ചത്?
(എ) പ്രത്യക്ഷ രക്ഷാ ദൈവസഭ
(ബി) സാംബവസംഘം
(സി) സാധുജനപരിപാലനസംഘം
(ഡി) അരയ മഹാസഭ

8. ബോധേശ്വരൻ, പെരുനെല്ലി കൃഷ്ണൻ വൈദ്യൻ, വെളുത്തേരി കേശവൻ വൈദ്യൻ, കുമ്പളത്തു ശങ്കുപ്പിള്ള എന്നിവർ ആരുടെ ഗൃഹസ്ഥാശ്രമികളായ ശിഷ്യൻമാരായിരുന്നു?
(എ) തൈക്കാട് അയ്യ
(ബി) ചട്ടമ്പിസ്വാമികൾ
(സി) അയ്യാ വൈകുണ്ഠർ
(ഡി) ആഗമാനന്ദൻ

9. കുമാരനാശാൻ ജനിച്ച വർഷം:
(എ) 1878 (ബി) 1873
(സി) 1885 (ഡി) 1889

10. 'ശ്രീഭട്ടാരകൻ' എന്നും അറിയപ്പെട്ടതാര്?
(എ) അയ്യാ വൈകുണ്ഠർ
(ബി) തൈക്കാട് അയ്യ
(സി) ശ്രീനാരായണഗുരു
(ഡി) ചട്ടമ്പിസ്വാമികൾ

## ഉത്തരം

1. (സി) സ്വാമി വിവേകാനന്ദൻ
* സ്വാമി വിവേകാനന്ദന്റെ ഉപദേശപ്രകാരമാണ് അരുവിപ്പുറത്ത് ആത്മീയപ്രവർത്തനങ്ങളിൽ മുഴുകിക്കഴിഞ്ഞിരുന്ന ശ്രീനാരായണഗുരുവിനെ മുൻനിർത്തി എസ്എൻഡിപി യോഗം സ്ഥാപിക്കാൻ ഡോ. പൽപ്പു പരിശ്രമിച്ചത്.

2. (ഡി) ശ്രീനാരായണഗുരു
* സാമൂഹികോന്നമനത്തെ തടസ്സപ്പെടുത്തിയിരുന്ന ജാതിയുടെ മതിൽക്കെട്ടുകൾ തകർക്കാൻ പരിശ്രമിച്ച ശ്രീനാരായണഗുരു 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ഉദ്ബോധനത്തിലൂടെ മാനവസഹവർത്തിത്വത്തിന്റെ മഹത്ത്വം ഉദ്ഘോഷിച്ചു.

3. (എ) കുഞ്ഞൻ
* പിൽക്കാലത്ത് വിദ്യാധിരാജ കുഞ്ഞൻ പിള്ള എന്നും അറിയപ്പെട്ടു.

4. (ബി) തൈക്കാട് അയ്യ

5. (സി) രമണമഹർഷി
* തമിഴ്നാട്ടിലാണ് തിരുവണ്ണാമല ശ്രീനാരായണഗുരു അങ്ങോട്ടുചെന്ന് സന്ദർശിച്ച മഹദ്വ്യക്തിയാണ് രമണമഹർഷി.

6. (എ) 1852
* ബ്രഹ്മാനന്ദ ശിവയോഗിയുടെ പൂർവാശ്രമത്തിലെ പേര് കാരാട്ട് ഗോവിന്ദ മേനോൻ എന്നായിരുന്നു.

7. (എ) പ്രത്യക്ഷരക്ഷാദൈവസഭ
* 1909ൽ ക്രിസ്തുമതം വിട്ടു പൊയ്കയിൽ യോഹന്നാൻ സ്വന്തമായി ആരംഭിച്ച ദളിത് വിമോചനപ്രസ്ഥാനമാണ് പ്രത്യക്ഷ രക്ഷാ ദൈവസഭ അതിനുശേഷം അദ്ദേഹം പൊയ്കയിൽ അപ്പച്ചൻ അഥവാ കുമാരഗുരുദേവൻ എന്നറിയപ്പെട്ടു. ക്രൈസ്തവ, അക്രൈസ്തവ, ദളിത് വിഭാഗങ്ങൾക്ക് തന്റെ സംഘടനയിൽ അംഗത്വത്തിന് കുമാരഗുരുദേവൻ അവസരമൊരുക്കി.

8 (ബി) ചട്ടമ്പിസ്വാമികൾ
* പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ പിതാവാണ് കേശവപിള്ള എന്ന് യഥാർഥപേരുള്ള ബോധേശ്വരൻ.
* ജയ ജയ കോമള കേരളധരിണി..... എന്നു തുടങ്ങുന്നതും 'കേരളഗാനം' എന്നറിയപ്പെടുന്നതുമായ പാട്ട് അദ്ദേഹമാണ് രചിച്ചത്.
* തിരുവിതാംകൂറിൽ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കളിലൊരാളായിരുന്നു കുമ്പളത്ത് ശങ്കുപ്പിള്ള. തന്റെ ആത്മകഥയിൽ അദ്ദേഹം ചട്ടമ്പിസ്വാമികളുമായുള്ള ഊഷ്മളമായ ആത്മബന്ധത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

9. (ബി) 1873
* തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ 1873 ഏപ്രിൽ 12നാണ് കുമാരനാശാന്റെ ജനനം. നാരായണനും കാളിയമ്മയുമായിരുന്നു മാതാപിതാക്കൾ.

10. (ഡി) ചട്ടമ്പിസ്വാമികൾ

## IV

1. ശിവഗിരി തീർഥാടനത്തിന്റെ ആശയം ശ്രീനാരായണഗുരു അംഗീകരിച്ച വർഷം
(എ) 1927 (ബി) 1928
(സി) 1926 (ഡി) 1925

2. കുര്യാക്കോസ് ഏലിയാസ് ചാവറ ജനിച്ച വർഷം
(എ) 1805 (ബി) 1809
(സി) 1856 (ഡി) 1861

3. അവർണർക്ക് ആരാധന നടത്തുന്നതിന് 1888ൽ ശ്രീനാരായണഗുരു ശിവപ്രതിഷ്ഠ നടത്തിയ സ്ഥലം:
(എ) മരുത്വാമല (ബി) ചെമ്പഴന്തി



(സി) അരുവിപ്പുറം (ഡി) വർക്കല

4. ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്ന് ഗാന്ധിജി, ടാഗോർ തുടങ്ങിയ സമുന്നത വ്യക്തികളുടെ അഭ്യർഥന നിരസിച്ച ക്ഷേത്രട്രസ്റ്റി ആരായിരുന്നു?
(എ) സാമൂതിരിപ്പാട്
(ബി) തിരുവിതാംകൂർ രാജാവ്
(സി) കൊച്ചീരാജാവ്
(ഡി) പാലിയത്തച്ചൻ

5. കൊച്ചി മഹാരാജാവ് 'കവിതിലകൻ' ബഹുമതി നൽകിയാർക്കാണ്?
(എ) കുമാരനാശാൻ
(ബി) ആലത്തൂർ ശിവയോഗി
(സി) സഹദേവൻ അയ്യപ്പൻ
(ഡി) പണ്ഡിറ്റ് കറുപ്പൻ

6. ആദ്യകാലത്ത് വാഗ്ഭടാനന്ദഗുരുദേവനെ സ്വാധീനിച്ച സാമൂഹിക പരിഷ്കർത്താവ് ആര്?
(എ) ശ്രീനാരായണഗുരു
(ബി) ചട്ടമ്പിസ്വാമികൾ
(സി) ആഗമാനന്ദൻ
(ഡി) തൈക്കാട് അയ്യ

7. താഴെപ്പറയുന്നവരിൽ ആരാണ് വൈക്കം സത്യാഗ്രഹത്തിന്റെ ആദ്യദിവസത്തെ സത്യാഗ്രഹികളിൽ ഉൾപ്പെടാത്തത്?
(എ) കുഞ്ഞപ്പി
(ബി) ബാഹുലേയൻ
(സി) ഗോവിന്ദപ്പണിക്കർ
(ഡി) ടി.കെ.മാധവൻ

8. കുമാരനാശാൻ അന്തരിച്ച വർഷം:
(എ) 1924 (ബി) 1928
(സി) 1922 (ഡി) 1923

9. ആരുടെ ബാല്യകാല നാമമായിരുന്നു 'മുത്തുക്കുട്ടി'?
(എ) ചട്ടമ്പിസ്വാമികൾ
(ബി) അയ്യാ വൈകുണ്ഠർ
(സി) ശ്രീനാരായണഗുരു
(ഡി) വാഗ്ഭടാനന്ദൻ

10. വക്കം മൗലവിയുമായി നേരിട്ട് ബന്ധമില്ലാത്ത പ്രസിദ്ധീകരണമേത്?
(എ) ദീപിക (ബി) അൽ-ഇസ്ലാം
(സി) മുസ്ലീം (ഡി) അൽ-അമീൻ

## ഉത്തരം

1. (ബി) 1928
* പ്രശസ്തകവി മൂലൂർ എസ്.പത്മനാഭപ്പണിക്കരാണ് ശിവഗിരി തീർഥാടനം എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് എന്ന് കരുതപ്പെടുന്നു. ഇത് ശ്രീനാരായണഗുരുവിന്റെ മുമ്പാകെ അവതരിപ്പിക്കുവാൻ അദ്ദേഹം വല്ലഭശ്ശേരി ഗോവിന്ദൻ വൈദ്യരെയും ടി.കെ. കിട്ടൻ റൈറ്ററെയും ചുമതലപ്പെടുത്തി.
* ശിവഗിരി തീർഥാടനം ഡിസംബർ 30 മുതൽ ജനുവരി ഒന്നുവരെയാണ്. പത്തനംതിട്ടയിലെ ഇലവുംതിട്ടയിൽ നിന്നാണ് ആദ്യ തീർഥാടകസംഘം പുറപ്പെട്ടത്. തീർഥാടകർക്കായി ഗുരു നിഷ്കർഷിച്ചിരിക്കുന്ന വസ്ത്രത്തിന്റെ നിറം മഞ്ഞയാണ്.
* മൂലൂർ സ്മാരകം- ഇലവുംതിട്ട
* സരസകവി എന്നറിയപ്പെട്ടത്- മൂലൂർ

2. (എ) 1805
* 1805 ഫെബ്രുവരി പത്തിന് കുട്ടനാട്ടിലെ കൈനകരിയിലാണ് ചാവറയച്ചൻ ജനിച്ചത്. പാരമ്പര്യരീതിയിലുള്ള വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം പള്ളിപ്പുറം സെമിനാരിയിൽ വിദ്യാർഥിയായി. 1829ൽ പൗരോഹിത്യം സ്വീകരിച്ചു.

3. (സി) അരുവിപ്പുറം
* കേരളത്തിന്റെ തെക്കേയറ്റത്തുള്ള നദിയായ നെയ്യാറിന്റെ തീരത്താണ് അരുവിപ്പുറം.
* ബ്രാഹ്മണർ ചെയ്തിരുന്ന പ്രതിഷ്ഠാകർമം ഒരു ഈഴവസമുദായാംഗം ചെയ്തതിനെ യാഥാസ്ഥിതികർ ചോദ്യം ചെയ്തു. 'നാം പ്രതിഷ്ഠിച്ചത് നമ്മുടെ ശിവനെയാണ്' എന്നായിരുന്നു നാരായണഗുരുവിന്റെ മറുപടി. ഈ സംഭവം 'അരുവിപ്പുറം വിപ്ലവം' എന്നും വിശേഷിപ്പിക്കപ്പെട്ടു.

4. (എ) സാമൂതിരിപ്പാട്
* സാമൂതിരിപ്പാടിന്റെ ആസ്ഥാനം കോഴിക്കോടായിരുന്നു.

5. (ഡി) പണ്ഡിറ്റ് കറുപ്പൻ
* പണ്ഡിറ്റ് കറുപ്പന് 'വിദ്വാൻ' ബഹുമതി നൽകിയത് കേരളവർമ വലിയകോയി



ത്തമ്പുരാനാണ്.
* 'കേരള കാളിദാസൻ' എന്നറിയപ്പെട്ടത് കേരളവർമ വലിയകോയിത്തമ്പുരാനാണ് 'മേഘദൂതം' രചിച്ച കാളിദാസന്റെ മാതൃകയിൽ അദ്ദേഹം രചിച്ച സന്ദേശകാവ്യമാണ് 'മയൂരസന്ദേശം'.

6. (എ) ശ്രീനാരായണഗുരു
* ബ്രഹ്മാനന്ദശിവയോഗിയും വാഗ്ഭടാനന്ദനെ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ, പിൽക്കാലത്ത് അദ്ദേഹം ബ്രഹ്മാനന്ദശിവയോഗിയിൽ നിന്ന് അകന്നു.

7. (ഡി) ടി.കെ.മാധവൻ
* കുഞ്ഞപ്പി എന്ന പുലയസമുദായാംഗവും ബാഹുലേയൻ എന്ന ഈഴവയുവാവും ഗോവിന്ദപ്പണിക്കർ എന്ന നായരുമായിരുന്നു ആദ്യ ദിവസത്തെ സത്യാഗ്രഹികൾ. ഓരോ ദിവസവും സവർണരും അവർണരും ഉൾപ്പെടുന്ന മൂന്നുപേർ 'അവർണർക്കു പ്രവേശനമില്ല' എന്ന ബോർഡിന്റെ പരിധികടന്ന് ക്ഷേത്രത്തിലേക്ക് പോകുക എന്നതായിരുന്നു സമരമുറ.

8. (എ) 1924.

9. (ബി) അയ്യാ വൈകുണ്ഠർ
* കന്യാകുമാരി ജില്ലയിലെ നാഗർകോവിലിനടുത്ത് സ്വാമിത്തോപ്പിൽ പൊന്നു നാടാരുടെയും വെയിലാളുടെയും മകനായി 1809ലാണ് വൈകുണ്ഠസ്വാമികൾ ജനിച്ചത്.

10. (ഡി) അൽ-അമീൻ
* കോഴിക്കോട്ടുനിന്ന് ഈ പത്രം 1924ൽ പ്രസിദ്ധീകരണമാരംഭിച്ചത് മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബാണ്.

## V

1. ശ്രീനാരായണ ധർമസംഘത്തിന്റെ ആസ്ഥാനം?
(എ) ശിവഗിരി (ബി) കൊല്ലം
(സി) അരുവിപ്പുറം (ഡി) ചെമ്പഴന്തി

2. പണ്ഡിറ്റ് കറുപ്പന്റെ രക്ഷാധികാരത്വത്തിൽ പ്രബുദ്ധ ചന്ദ്രോദയം സഭ ഏത് സംഘം ആസ്ഥാനമാക്കിയാണ് പ്രവർത്തിച്ചത്?
(എ) വടക്കൻ പറവൂർ (ബി) തേവര
(സി) ഇടക്കൊച്ചി (ഡി) വാരാപ്പുഴ

3. ശ്രീനാരായണഗുരു ശിവഗിരിയിൽ ശാരദാ പ്രതിഷ്ഠ നടത്തിയ വർഷം:
(എ) 1912 (ബി) 1914
(സി) 1924 (ഡി) 1928

4. ഏത് സാമൂഹിക പരിഷ്കർത്താവിന്റെ പൂർവികരാണ് ടിപ്പുവിന്റെ മലബാർ ആക്രമണസമയത്ത് തമിഴ്നാട്ടിലേക്ക് കുടിയേറിയത്?
(എ) ചട്ടമ്പിസ്വാമികൾ
(ബി) തൈക്കാട് അയ്യ
(സി) വൈകുണ്ഠസ്വാമികൾ
(ഡി) ശ്രീനാരായണഗുരു

5. ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും മഹാനായ കേരളീയനായി പരിഗണിക്കപ്പെടുന്നത്:
(എ) മന്നത്ത് പദ്മനാഭൻ
(ബി) ചട്ടമ്പിസ്വാമികൾ
(സി) ബ്രഹ്മാനന്ദശിവയോഗി
(ഡി) ശ്രീനാരായണഗുരു

6. 'മാംസനിബദ്ധമല്ല രാഗം' എന്നുദ്ഘോഷിക്കുന്ന കുമാരനാശാന്റെ കൃതിയേത്?
(എ) വീണപൂവ് (ബി) കരുണ
(സി) ലീല (ഡി) നളിനി

7. വാഗ്ഭടാനന്ദ ഗുരുദേവന്റെ യഥാർഥപേര്:
(എ) കുഞ്ഞിക്കണ്ണൻ (ബി) സുബ്ബരായൻ
(സി) അയ്യപ്പൻ (ഡി) മുത്തുക്കുട്ടി

8. ഡോ. പൽപ്പുവിന്റെ ജീവിതം ആധാരമാക്കി പുസ്തകം രചിച്ചത്:
(എ) കുമാരനാശാൻ
(ബി) ടി.കെ.മാധവൻ
(സി) സി.കേശവൻ
(ഡി) വാഗ്ഭടാനന്ദൻ

9. വർക്കലക്കുന്നിന് 'ശിവഗിരി' എന്ന പേരു നൽകിയത്:
(എ) ഡോ. പൽപ്പു
(ബി) ശ്രീനാരായണഗുരു
(സി) അയ്യങ്കാളി
(ഡി) ചട്ടമ്പിസ്വാമികൾ

10. 1915 ഏപ്രിൽ 17ന് ടി.കെ.മാധവൻ ആരം

ഭിച്ച പത്രം:
(എ) വിവേകോദയം (ബി) പൗരധ്വനി
(സി) മിതവാദി (ഡി) ദേശാഭിമാനി

### ഉത്തരം

1. (എ) ശിവഗിരി
* ശങ്കർ സെക്രട്ടറിയായി 1949ൽ രജിസ്റ്റർ ചെയ്ത എസ്എൻ ട്രസ്റ്റിന്റെ ആസ്ഥാനം കൊല്ലമാണ്.
2. (എ) വടക്കൻ പറവൂർ
3. (എ) 1912
* അഷ്ടകോൺ ആകൃതിയിൽ നിർമിച്ചിരിക്കുന്ന ക്ഷേത്രത്തിൽ വാഗ്ദേവതയായ സരസ്വതി വെളുപ്പ് നിറത്തിലുള്ള താമരയിൽ ഇരിക്കുന്നതായിട്ടാണ് പ്രതിഷ്ഠ. നിവേദ്യവും അഭിഷേകവും ഇല്ല എന്നത് ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയാണ്. പ്രതിഷ്ഠാ സ്ഥാപന കമ്മിറ്റിയുടെ അധ്യക്ഷൻ ഡോ. പൽപ്പുവും സെക്രട്ടറി കുമാരനാശാനുമായിരുന്നു.
4. (ബി) തൈക്കാട് അയ്യ
* വെള്ളാള സമുദായത്തിലാണ് തൈക്കാട് അയ്യ ജനിച്ചത്. അച്ഛന്റെ പേര് മുത്തുകുമാരൻ. രുക്മിണി അമ്മാളായിരുന്നു മാതാവ്.
* സുബ്ബരായൻ എന്ന ചെറുപ്പകാല നാമമുണ്ടായിരുന്ന തൈക്കാട് അയ്യ ജനിച്ചത് തമിഴ്നാട്ടിലെ നകലപുരത്താണ്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മലബാറിൽ നിന്ന് പാലായനം ചെയ്ത അദ്ദേഹത്തിന്റെ പൂർവികരുടെ കുലദൈവം സുബ്രമണ്യനായിരുന്നു.
5. (ഡി) ശ്രീനാരായണഗുരു
* ഇരുപതാം നൂറ്റാണ്ടിലെയും രണ്ടാം സഹസ്രാബ്ദത്തിലെയും ഏറ്റവും മഹാനായ ഭാരതീയൻ മഹാത്മാഗാന്ധിയാണ്.
* ഭാരതചരിത്രത്തിലെ ഏറ്റവും മഹാൻ ശ്രീബുദ്ധനാണ്.
6. (സി) ലീല
* 1914ൽ പ്രസിദ്ധീകൃതമായ ലീലയിലെ പ്രധാന കഥാപാത്രങ്ങൾ മദനനും ലീലയുമാണ്.
7. (എ) കുഞ്ഞിക്കണ്ണൻ
* വടക്കേ മലബാറിൽ കണ്ണൂരിലെ പാട്യം ഗ്രാമത്തിലാണ് വയലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ ജനിച്ചത്.
8. (ബി) ടി.കെ.മാധവൻ
* ഹരിദാസി, ക്ഷേത്രപ്രവേശനം എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റുകൃതികൾ.
9. (ബി) ശ്രീനാരായണഗുരു
* 1928 സെപ്തംബർ 20ന് (കന്നിമാസം അഞ്ചാം തീയതി) ശ്രീനാരായണഗുരു സമാധിയായതും ശിവഗിരിയിൽ വച്ചാണ്.
10. (ഡി) ദേശാഭിമാനി
* 1930ൽ ഇതിന്റെ പ്രസിദ്ധീകരണം നിലച്ചു. ഇപ്പോൾ കേരളത്തിൽ സി.പി.എമ്മിന്റെ മുഖപത്രമായി പ്രസിദ്ധീകരിക്കുന്ന 'ദേശാഭിമാനി' പ്രസിദ്ധീകരണമാരംഭിച്ചത് 1942ൽ കോഴിക്കോട്ട് നിന്നാണ്. എം.എസ്.ദേവദാസായിരുന്നു ആദ്യ പത്രാധിപർ.
* സി.പി.ഐ കേരള ഘടകത്തിന്റെ മുഖപത്രമാണ് 'ജനയുഗം'.

### VI

1. 1913–1914ൽ ശ്രീനാരായണഗുരു സ്ഥാപിച്ചത്?
(എ) അരുവിപ്പുറം ക്ഷേത്രം
(ബി) ആലുവ അദ്വൈതാശ്രമം
(സി) ശിവഗിരി ശാരദാപ്രതിഷ്ഠ
(ഡി) വെല്ലൂർ മഠം
2. ശ്രീനാരായണ ധർമസംഘം രജിസ്റ്റർ ചെയ്ത വർഷം:
(എ) 1925 (ബി) 1926
(സി) 1927 (ഡി) 1928
3. 'മോക്ഷേപ്രദീപം' രചിച്ചത്
(എ) ചട്ടമ്പിസ്വാമികൾ
(ബി) ശ്രീനാരായണഗുരു
(സി) ബ്രഹ്മാനന്ദ ശിവയോഗി
(ഡി) വൈകുണ്ഠസ്വാമികൾ
4. കേരളം സന്ദർശിച്ചപ്പോൾ 'ഇവിടം ഒരു ഭ്രാന്താലയം' എന്ന് അഭിപ്രായപ്പെട്ടതാര്?
(എ) സ്വാമി വിവേകാനന്ദൻ
(ബി) മഹാത്മാഗാന്ധി
(സി) രവീന്ദ്രനാഥ് ടാഗോർ
(ഡി) സി.എഫ്.ആൻഡ്രൂസ്
5. ശ്രീനാരായണഗുരുവിന് ദിവ്യജ്ഞാനം കൈവന്ന സ്ഥലം:
(എ) മരുത്വാമല (ബി) തിരുവണ്ണാമല
(സി) ശിവഗിരി (ഡി) വടിവീശ്വരം
6. 'ഇന്ത ഉലകിലേ ഒരേ ഒരു ജാതി താൻ, ഒരേ ഒരു മതം താൻ, ഒരേ ഒരു കടവുൾ താൻ' എന്ന വചനത്തിന്റെ ഉപജ്ഞാതാവ്:
(എ) ചട്ടമ്പിസ്വാമികൾ
(ബി) ശ്രീനാരായണഗുരു
(സി) തൈക്കാട് അയ്യ
(ഡി) അയ്യങ്കാളി
7. ഡോ. പൽപ്പു ജനിച്ച സ്ഥലം:
(എ) ചെമ്പഴന്തി (ബി) പേട്ട
(സി) കൊല്ലൂർ (ഡി) പന്മന
8. 'കേരളത്തിലെ ഇസ്ലാമിക നവോത്ഥാനത്തിന്റെ പിതാവ്' എന്നു വിശേഷിപ്പിക്കപ്പെടുന്നത്: (എ) മൊയ്തു മൗലവി
(ബി) വക്കം മൗലവി
(സി) അബ്ദുൾറഹ്മാൻ സാഹിബ്
(ഡി) പി.കെ.കുഞ്ഞ്
9. രണ്ടാം ഈഴവ മെമ്മോറിയൽ 1900ൽ ആർക്കാണ് സമർപ്പിച്ചത്?
(എ) ശ്രീമൂലം തിരുനാൾ
(ബി) കഴ്സൺ പ്രഭു
(സി) ഡഫ്റിൻ പ്രഭു
(ഡി) വിശാഖം തിരുനാൾ
10. 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്നുദ്ഘോഷിച്ച മലയാള കവി:
(എ) കുമാരനാശാൻ (ബി) വള്ളത്തോൾ
(സി) ചങ്ങമ്പുഴ (ഡി) വൈലോപ്പിള്ളി

### ഉത്തരം

1. (ബി) ആലുവ അദ്വൈതശ്രമം
* പെരിയാറിന്റെ തീരത്താണിത്. 'ഓം സാഹോദര്യം സർവത്ര' എന്ന ആശയമാണ് ആശ്രമം ഉയർത്തിപ്പിടിക്കുന്നത്. അദ്വൈതാശ്രമം ഒരു പ്രത്യേക ദേവനും സമർപ്പിക്കപ്പെട്ടിട്ടില്ല.
2. (ഡി) 1928
* തൃശ്ശൂർ കച്ചേരിയിലാണ് ശ്രീനാരായണ ധർമസംഘം രജിസ്റ്റർ ചെയ്തത്. തന്റെ സർവസ്വത്തും ധർമസംഘത്തിനായി ശ്രീനാരായണഗുരു എഴുതി വച്ചു.
* പി.നടരാജൻ (നടരാജഗുരു), ഏണസ്റ്റ് കർക്ക് (ശ്രീനാരായണഗുരുവിന്റെ ആദ്യത്തെ യൂറോപ്യൻ ശിഷ്യൻ), ബോധാനന്ദൻ, ഗോവിന്ദാനന്ദൻ, ആത്മാനന്ദൻ, സുഗുണാനന്ദഗിരി തുടങ്ങിയവരാണ് ആരംഭത്തിൽ ധർമസംഘത്തിൽ ഉണ്ടായിരുന്നത്.
3. (സി) ബ്രഹ്മാനന്ദശിവയോഗി
* തന്റെ പരിഷ്കൃതാശയങ്ങൾ വിശദമാക്കിക്കൊണ്ട് ബ്രഹ്മാനന്ദശിവയോഗി രചിച്ച പുസ്തകങ്ങളാണ് മോക്ഷപ്രദീപം, ആനന്ദസൂത്രം എന്നിവ.
4. (എ) സ്വാമി വിവേകാനന്ദൻ
* 1892ലാണ് നരേന്ദ്രനാഥ് ദത്ത എന്ന് യഥാർഥനാമമുള്ള (കുട്ടിക്കാലത്ത് വീരേശ്വർ ദത്ത എന്നും അറിയപ്പെട്ടു) സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചത്.
* കേരളക്കരയിൽ നിലനിന്നിരുന്ന അനാചാരങ്ങൾ തീണ്ടിട്ടാണ് സ്വാമി വിവേകാനന്ദൻ ഇപ്രകാരം പറഞ്ഞത്.
5. (എ) മരുത്വാമല
* തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലാണ് മരുത്വാമല.
* നിരവധി വർഷത്തെ ഏകാന്ത ജീവിതത്തിനും ധ്യാനത്തിനുമൊടുവിലാണ് ദിവ്യജ്ഞാനം കൈവന്നത്.
6. (സി) തൈക്കാട് അയ്യ
* ഇതിന്റെ മലയാള പരിഭാഷയായ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' പ്രസിദ്ധമാക്കിയത് ശ്രീനാരായണഗുരുവാണ്.
7. (ബി) പേട്ട
* സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ കാരണം അവർണരുടെ ജീവിതം യാതനാനിർഭരമായിരുന്ന ഒരു കാലഘട്ടത്തിലാണ് ഈഴവ സമുദായത്തിൽ ഡോ. പൽപു 1863 നവംബർ രണ്ടിന് ജനിച്ചത്. തിരുവനന്തപുരത്ത് പേട്ടയിൽ നെടുങ്ങോട്ട് വീട്ടിലായിരുന്നു ജനനം. അച്ഛൻ തച്ചക്കുട്ടി പൽപ്പു എന്ന മാതിക്കുട്ടി ഭഗവതി. നെടുങ്ങോട്ട് വീട്ടിൽ പപ്പമ്മ എന്ന മാതപ്പെരുമാളായിരുന്നു അമ്മ.
8. (ബി) വക്കം മൗലവി
* സാമൂഹിക പരിഷ്കരണം ലക്ഷ്യമിട്ട് വക്കം മൗലവി ആരംഭിച്ച പ്രസിദ്ധീകരണങ്ങളാണ് മുസ്ലീം, അൽ–ഇസ്ലാം, ദീപിക എന്നിവ.
9. (ബി) കഴ്സൺ പ്രഭു
* 1896ൽ ശ്രീമൂലം തിരുനാളിന് സമർപ്പിച്ച 'ഒന്നാം ഈഴവ മെമ്മോറിയൽ' എന്നറിയപ്പെട്ട നിവേദനം കൊണ്ട് ഫലമുണ്ടാകാതെ വന്നപ്പോഴാണ് തിരുവിതാംകൂർ സന്ദർശനത്തിനെത്തിയ വൈസ്രോയി കഴ്സൺ പ്രഭുവിന് രണ്ടാം നിവേദനം സമർപ്പിച്ചത്.
* 'ബ്രിട്ടീഷിന്ത്യയിലെ ഔറംഗസീബ്' എന്നറിയപ്പെട്ട കഴ്സൺ പ്രഭു, തിരുവിതാംകൂർ സന്ദർശിച്ച ആദ്യ ബ്രിട്ടീഷ് വൈസ്രോയിയാണ്. ഈ സന്ദർശനവേളയിലാണ് അദ്ദേഹം ആലപ്പുഴയെ 'കിഴക്കിന്റെ വെനീസ്' എന്നു വിശേഷിപ്പിച്ചത്.
10. (എ) കുമാരനാശാൻ
* 'സ്നേഹഗായകൻ' എന്നു വിശേഷിക്കപ്പെട്ട മലയാള കവിയാണ് കുമാരനാശാൻ.

### VII

1. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്ന സന്ദേശം ശ്രീനാരായണഗുരു ലോകത്തിന് നൽകിയത് എവിടെ വച്ചാണ്?
(എ) മരുത്വാമല
(ബി) തലശ്ശേരി
(സി) ആലുവ
(ഡി) വർക്കല
2. ബാംഗ്ലൂരിൽ ഉപരിപഠനം നടത്താൻ കുമാരനാശാന് സാമ്പത്തികസഹായം നൽകിയതാര്?
(എ) ഡോ. പൽപു
(ബി) സ്വാമി വിവേകാനന്ദൻ
(സി) ചട്ടമ്പിസ്വാമികൾ
(ഡി) തൈക്കാട് അയ്യ
3. കൊച്ചി പുലയ മഹാസഭയുടെ രൂപവത്കരണത്തിന് നേതൃത്വം നൽകിയത്:
(എ) അയ്യങ്കാളി
(ബി) പണ്ഡിറ്റ് കറുപ്പൻ
(സി) ടി.ടി.കേശവൻശാസ്ത്രി
(ഡി) അയ്യത്താൻ ഗോപാലൻ
4. 1874ൽ ഒരു ബോട്ടുയാത്രയ്ക്കിടെ ഒരു കൂട്ടം സവർണർ ആക്രമിച്ച് കൊലപ്പെടുത്തിയ സാമൂഹിക പരിഷ്കർത്താവ്:
(എ) കറുമ്പൻ ദൈവത്താൻ
(ബി) ആറാട്ടുപുഴ വേലായുധപ്പണിക്കർ
(സി) അയ്യത്താൻ ഗോപാലൻ
(ഡി) പണ്ഡിറ്റ് കറുപ്പൻ
5. 'മോക്ഷപ്രദീപഖണ്ഡനം' രചിച്ചതാര്?
(എ) ബ്രഹ്മാനന്ദശിവയോഗി
(ബി) ചട്ടമ്പിസ്വാമികൾ
(സി) ശ്രീനാരായണഗുരു
(ഡി) ആഗമാനന്ദൻ
6. ജനനദിവസവും ചരമദിനവും കേരള സർക്കാർ അവധി ദിവസമായി പ്രഖ്യാപിച്ചിട്ടുള്ള ഏകവ്യക്തി:
(എ) ചട്ടമ്പിസ്വാമികൾ
(ബി) കെ.കേളപ്പൻ
(സി) അയ്യങ്കാളി
(ഡി) ശ്രീനാരായണഗുരു
7. മഹാകാവ്യമെഴുതാതെ മഹാകവിപ്പട്ടം സ്വന്തമായ മലയാളകവി:
(എ) ഉള്ളൂർ (ബി)കുമാരനാശാൻ
(സി) വള്ളത്തോൾ (ഡി)ചങ്ങമ്പുഴ
8. വൈദേശിക സഹായം കൂടാതെ കേരളത്തിലെ ആദ്യത്തെ അച്ചടിശാല (പ്രസ്) സ്ഥാപിച്ചത്:
(എ) കുമാരനാശാൻ
(ബി) മന്നത്ത് പദ്മനാഭൻ
(സി) കുര്യാക്കോസ് ഏലിയാസ് ചാവറ
(ഡി) ചട്ടമ്പിസ്വാമികൾ
9. അലഞ്ഞുതിരിഞ്ഞുള്ള ജീവിതം അവസാനിപ്പിച്ച് സ്ഥിരമായി ഒരിടത്ത് ജീവിക്കാൻ തീരുമാനിച്ച ശ്രീനാരായണഗുരു തന്റെ പ്രവർത്തനകേന്ദ്രമായി തെരഞ്ഞെടുത്ത സ്ഥലം:
(എ) വർക്കല (ബി) തലശ്ശേരി
(സി) ആലുവ (ഡി) ചെമ്പഴന്തി
10. ബ്രിട്ടീഷ് സർക്കാർ 'റാവു സാഹേബ്' ബഹുമതി നൽകി ആദരിച്ച സാമൂഹികപരിഷ്കർത്താവ്:
(എ) പണ്ഡിറ്റ് കറുപ്പൻ
(ബി) അയ്യത്താൻ ഗോപാലൻ
(സി) വാഗ്ഭടാനന്ദൻ
(ഡി) കുമാരനാശാൻ

### ഉത്തരം

1. (സി) ആലുവ
* ആലുവയിലെ സർവമതസമ്മേളനത്തിൽ (1924) വച്ചാണ് ഗുരുദേവൻ ഈ സന്ദേശം നൽകിയത്.
2. (എ) ഡോ. പൽപു
* മൈസൂർ ഗവൺമെന്റ് മെഡിക്കൽ സർവീസിലാണ് ഡോ. പൽപ്പു സേവനമനുഷ്ഠിച്ചത്.
3. (ബി) പണ്ഡിറ്റ് കറുപ്പൻ
* പണ്ഡിറ്റ് കറുപ്പൻ ജനിച്ചത് വാല സമുദായത്തിലാണ്.
4. (ബി) ആറാട്ടുപുഴ വേലായുധപ്പണിക്കർ
* ജാതി മതഭേദങ്ങൾക്കെതിരെയുള്ള വേലായുധപ്പണിക്കരുടെ പോരാട്ടങ്ങൾ സവർണരുടെ ശത്രുതയ്ക്കിടയാക്കി. സവർണർ മാത്രം നടത്തിയിരുന്ന കഥകളി ഈഴവയുവാക്കളെ പരിശീലിപ്പിച്ച് അരങ്ങേറ്റം നടത്തി.
5. (ബി) ചട്ടമ്പിസ്വാമികൾ
* ബ്രഹ്മാനന്ദശിവയോഗിയുടെ 'മോക്ഷപ്രദീപം' എന്ന പുസ്തകത്തിനുള്ള മറുപടിയാണ് 'മോക്ഷപ്രദീപഖണ്ഡനം'.
6. (സി) ശ്രീനാരായണഗുരു
* ചിങ്ങമാസത്തിലെ ചതയദിനമാണ്. ശ്രീനാരായണഗുരു ജയന്തി. കന്നിമാസം അഞ്ചാം തീയതിയാണ് ശ്രീനാരായണഗുരുവിന്റെ സമാധിദിനം.
* മന്നത്ത് പദ്മനാഭന്റെ ജന്മദിനം നായർ സമുദായാംഗങ്ങളായ സർക്കാർ ജീവനക്കാർക്ക് നിയന്ത്രിത അവധിദിനമാണ്.
7. (ബി) കുമാരാനാശാൻ
* കുമാരനാശാൻ ഖണ്ഡകാവ്യങ്ങളാണ് രചിച്ചത്.
* എ.ആർ.രാജരാജവർമയുടെ 'മലയവിലാസ'ത്തെ (1895) മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യമായി പരിഗണിക്കുന്നുവെങ്കിലും ലക്ഷണമൊത്ത ആദ്യത്തെ മലയാള ഖണ്ഡകാവ്യം കുമാരനാശാന്റെ 'വീണപൂവ്' (1907) ആണ്.
* 1922ൽ മദ്രാസ് സർവകലാശാല കുമാരനാശാന് മഹാകവിപ്പട്ടം നൽകി.
8. (സി) കുര്യാക്കോസ് ഏലിയാസ് ചാവറ
* കേരളത്തിൽ കത്തോലിക്കാസഭയുടെ ആദ്യത്തെ ഈ സംരംഭം 1844ൽ മാന്നാനം എന്ന സ്ഥലത്താണ് ആരംഭിച്ചത്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള പത്രമായ ദീപിക 1887ൽ പ്രസിദ്ധീകരണമാരംഭിച്ചത് ഇവിടെ നിന്നാണ് 'നസ്രാണി ദീപിക' എന്നായിരുന്നു അപ്പോൾ പേര്. തൃശ്ശൂരിലെ കൂനമ്മാവിലും ചാവറയച്ചൻ പ്രസ് സ്ഥാപിച്ചിട്ടുണ്ട്.
* തലശ്ശേരിയിലെ ഇഴിക്കുന്നിലെ കല്ലച്ചിൽ നിന്ന് 1847ൽ ഹെർമൻ ഗുണ്ടർട്ട് പ്രസിദ്ധീകരിച്ച 'രാജ്യസമാചാര'മാണ് മലയാളത്തിലെ ആദ്യ പത്രം.
* കേരളത്തിൽ മലയാളം അച്ചടിച്ച ആദ്യത്തെ അച്ചടിശാല കോട്ടയം സിഎംഎസ് പ്രസ് ആണ്.
9. (എ) വർക്കല
* 1904ലാണ് ജീവിതത്തിലെ പുതിയൊരു ഘട്ടത്തിന് തുടക്കം കറിച്ചുകൊണ്ട് ഗുരു, വർക്കലയെ പ്രവർത്തനകേന്ദ്രമായി തിരഞ്ഞെടുത്തത്.
* തിരുവനന്തപുരത്തിന് 32 കി.മി വടക്കാണ് വർക്കല. ഇവിടുത്തെ റെയിൽ

വേ സ്റ്റേഷന്റെ പേര് വർക്കല-ശിവഗിരി എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ശ്രീനാരായണഗുരുവിനോടുള്ള ആദരസൂചകമായി 2005ലാണ് പേരുമാറ്റിയത്.

10. (ബി) അയ്യത്താൻ ഗോപാലൻ

* ജാത്യാചാരങ്ങളെ എതിർത്ത പുരോഗമന ചിന്താഗതിക്കാരനായ അയ്യത്താൻ ഗോപാലന്റെ സാമൂഹിക പരിഷ്ക്കരണപ്രവർത്തനങ്ങളെ മുൻനിർത്തിയാണ് ബഹുമതി നൽകിയത്.

## VIII

1. കോഴിക്കോട് ആസ്ഥാനമായി തത്ത്വപ്രകാശിക ആശ്രമം സ്ഥാപിച്ചത്:
   (എ) സഹോദരൻ അയ്യപ്പൻ
   (ബി) വാഗ്ഭടാനന്ദൻ
   (സി) ആലത്തൂർ ശിവയോഗി
   (ഡി) പണ്ഡിറ്റ് കറുപ്പൻ
2. ശ്രീനാരായണഗുരുവിനെ തൈക്കാട് അയ്യയ്ക്ക് പരിചയപ്പെടുത്തിക്കൊടുത്തത് ആരാണ്?
   (എ) ചട്ടമ്പിസ്വാമികൾ
   (ബി) അയ്യാ വൈകുണ്ഠർ
   (സി) അയ്യങ്കാളി
   (ഡി) ബ്രഹ്മാനന്ദ ശിവയോഗി
3. "ദൈവദശകം' രചിച്ചതാര്?
   (എ) വൈകുണ്ഠസ്വാമികൾ
   (ബി) കുമാരനാശാൻ
   (സി) ചട്ടമ്പിസ്വാമികൾ
   (ഡി) ശ്രീനാരായണഗുരു
4. പേട്ടയിൽ രാമൻപിള്ളയാശാന്റെ പാഠശാലയിൽ പഠിക്കുകയും ക്ലാസിലെ 'മോണിട്ടർ'-ആകുകയും ചെയ്തതാര്?
   (എ) ശ്രീനാരായണഗുരു
   (ബി) ചട്ടമ്പിസ്വാമികൾ
   (സി) അയ്യങ്കാളി
   (ഡി) അയ്യാ വൈകുണ്ഠർ
5. 'ആനന്ദസൂത്രം' രചിച്ചതാര്?
   (എ) വൈകുണ്ഠസ്വാമികൾ
   (ബി) ചട്ടമ്പിസ്വാമികൾ
   (സി) ബ്രഹ്മാനന്ദ ശിവയോഗി
   (ഡി) ശ്രീനാരായണഗുരു
6. 'ജാതികുമ്മി' രചിച്ചതാര്?
   (എ) ഡോ. പൽപ്പു
   (ബി) കുമാരനാശാൻ
   (സി) ശ്രീനാരായണഗുരു
   (ഡി) പണ്ഡിറ്റ് കറുപ്പൻ
7. 'വാദിക്കാനും ജയിക്കാനുമല്ല; അറിയാനും അറിയിക്കാനും" ഈ ലക്ഷ്യത്തോടെ 1924ൽ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ സർവമതസമ്മേളനം നടന്നത് എവിടെവച്ചാണ്?
   (എ) ചെമ്പഴന്തി (ബി) അരുവിപ്പുറം
   (സി) ആലുവ (ഡി) വർക്കല
8. പണ്ഡിറ്റ് കറുപ്പന്റെ രക്ഷാധികാരത്വത്തിൽ 'ജ്ഞാനോദയംസഭ' സ്ഥാപിച്ചത് എവിടെയാണ്?
   (എ) ആനാപ്പുഴ (ബി) തേവര
   (സി) കൊടുങ്ങല്ലൂർ (ഡി) ഇടക്കൊച്ചി
9. 'പ്രാചീനമലയാളം' രചിച്ചതാര്?
   (എ) ആഗമാനന്ദൻ
   (ബി) ശ്രീനാരായണഗുരു
   (സി) ചട്ടമ്പിസ്വാമികൾ
   (ഡി) വാഗ്ഭടാനന്ദൻ
10. ശ്രീനാരായണഗുരുവിന്റെ ശിഷ്യനായശേഷം കുമാരുവിനെ (കുമാരനാശാൻ) ഉന്നതപഠനത്തിനായി എവിടേക്കാണ് അയച്ചത്?
   (എ) ബാംഗ്ലൂർ (ബി) പൂനെ
   (സി) ഡൽഹി (ഡി) മുംബൈ

### ഉത്തരം

1. (ബി) വാഗ്ഭടാനന്ദൻ
   * അനാചാര രഹിതമായി ഒരു പുതിയ ലോകം വിഭാവനം ചെയ്ത വാഗ്ഭടാനന്ദൻ ക്ഷണമെഴുന്നേൽപ്പിൻ അനീതിയോടെതിർപ്പിൻ' എന്ന് ആഹ്വാനം ചെയ്തു.
2. (എ) ചട്ടമ്പിസ്വാമികൾ
   * അണിയൂർ ക്ഷേത്രത്തിൽ വച്ചാണ് അക്കാലത്ത് നാണുവാശാൻ എന്നറിയപ്പെട്ടിരുന്ന ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും കണ്ടുമുട്ടിയത്. ചട്ടമ്പിസ്വാമികൾ നാണുവാശാനെ തന്റെ ഗുരുവായ തൈക്കാട് അയ്യയുടെ സമീപത്തേക്ക് കൂട്ടിക്കൊണ്ടുപോയി. തൈക്കാട് അയ്യയിൽ നിന്നാണ് നാരായണഗുരു യോഗയുടെ പാഠങ്ങൾ അഭ്യസിച്ചത്.
3. (ഡി) ശ്രീനാരായണഗുരു
4. (ബി) ചട്ടമ്പിസ്വാമികൾ
   * ക്ലാസിലെ 'മോണിട്ടർ' അഥവാ 'ചട്ടമ്പി' ആയി നിയോഗിക്കപ്പെട്ടതിനാൽ അയ്യപ്പൻപിള്ള പിൽക്കാലത്ത് ചട്ടമ്പിസ്വാമികൾ എന്ന് അറിയപ്പെട്ടു.
5. (സി) ബ്രഹ്മാനന്ദശിവയോഗി
6. (ഡി) പണ്ഡിറ്റ് കറുപ്പൻ
   * സമകാലിക ജാതിവ്യവസ്ഥയെ വിമർശിച്ചുകൊണ്ട് പണ്ഡിറ്റ് കറുപ്പൻ രചിച്ച കൃതിയാണ് 'ജാതികുമ്മി'.
7. (സി) ആലുവ
   * ആലുവയിലെ അദ്വൈതശ്രമമായിരുന്നു സമ്മേളനവേദി.
8. (ഡി) ഇടക്കൊച്ചി
   * പണ്ഡിറ്റ് കറുപ്പൻ അധഃസ്ഥിതരുടെ ക്ഷേമത്തിനായി രൂപവത്കരിച്ച നിരവധി പ്രസ്ഥാനങ്ങളിലൊന്നാണ് ജ്ഞാനോദയം സഭ.
9. (സി) ചട്ടമ്പിസ്വാമികൾ
   * ബ്രാഹ്മണർക്ക് പരശുരാമൻ ദാനമായി നൽകിയ ഭൂമിയാണ് കേരളം എന്ന വാദത്തെ ഖണ്ഡിക്കുന്ന പുസ്തകമാണ് 'പ്രാചീന മലയാളം'.
10. (എ) ബാംഗ്ലൂർ
   * 1891ലാണ് കുമാരു, ശ്രീനാരായണഗുരുവിന്റെ ശിഷ്യനായത്. ബാംഗ്ലൂരിലെ ശ്രീ ചാമരാജേന്ദ്ര സംസ്കൃതകോളേജിൽ ന്യായവിദ്യാൻ എന്ന തർക്കശാസ്ത്ര കോഴ്സിനാണ് കുമാരനാശാൻ ചേർന്നത്.

## IX

1. കല്യാണദായിനിസഭയുടെ സ്ഥാപകൻ:
   (എ) ഡോ. പൽപ്പു
   (ബി) കുമാരനാശാൻ
   (സി) പണ്ഡിറ്റ് കറുപ്പൻ
   (ഡി) വാഗ്ഭടാനന്ദൻ
2. വൈക്കത്തെ സത്യാഗ്രഹികളെ ശ്രീനാരായണഗുരു സന്ദർശിച്ച വർഷം:
   (എ) 1923 (ബി) 1924
   (സി)1925 (ഡി) 1926
3. "സംഘടിച്ച് ശക്തരാകു, വിദ്യ നേടി പ്രബുദ്ധരാകൂ" എന്ന് ആഹ്വാനം ചെയ്തത്:
   (എ) അയ്യങ്കാളി (ബി) വാഗ്ഭടാനന്ദൻ
   (സി) ഡോ. പൽപ്പു
   (ഡി) ശ്രീനാരായണഗുരു
4. ഏത് വർഷമാണ് ശ്രീനാരായണഗുരു ആദ്യമായി ശ്രീലങ്ക സന്ദർശിച്ചത്?
   (എ) 1918 (ബി) 1920
   (സി) 1922 (ഡി) 1924
5. മണമ്പൂർ ഗോവിന്ദാശാന്റെ കീഴിൽ കവിത അഭ്യസിച്ചതാര്?
   (എ) വള്ളത്തോൾ
   (ബി) കുമാരനാശാൻ
   (സി) ചങ്ങമ്പുഴ (ഡി) ഉള്ളൂർ
6. തിരുവിതാംകൂർ നിയമനിർമാണസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട ആദ്യത്തെ അധഃസ്ഥിത സമുദായാംഗം:
   (എ) ടി.ടി.കേശവൻ ശാസ്ത്രി
   (ബി) പി.സി.ചാഞ്ചൻ
   (സി) പണ്ഡിറ്റ് കറുപ്പൻ
   (ഡി) അയ്യങ്കാളി
7. വി.കെ.ഗുരുക്കൾക്ക് 'വാഗ്ഭടാനന്ദൻ' എന്ന പേരു നൽകിയത്:
   (എ) ശ്രീനാരായണഗുരു
   (ബി) കുമാരനാശാൻ
   (സി) ആലത്തൂർ ശിവയോഗി
   (ഡി) അയ്യാ വൈകുണ്ഠർ
8. ഡോ. പൽപ്പു ജനിച്ച വർഷം:
   (എ) 1863 (ബി) 1856
   (സി) 1873 (ഡി) 1878
9. ജനങ്ങൾ ബഹുമാനപുരസ്സരം 'സൂപ്രണ്ട് അയ്യ' എന്നുവിളിച്ചതാരെയാണ്?
   (എ) അയ്യാ വൈകുണ്ഠർ
   (ബി) അയ്യങ്കാളി
   (സി) കൊല്ലൂർ അയ്യപ്പൻപിള്ള
   (ഡി) തൈക്കാട് അയ്യ
10. മാതാപിതാക്കൾ 'മുടിചൂടും പെരുമാൾ' എന്നു പേരിട്ട സാമൂഹികപരിഷ്കർത്താവ്:
   (എ) അയ്യാ വൈകുണ്ഠർ
   (ബി) കുമാരനാശാൻ
   (സി) ഡോ. പൽപ്പു
   (ഡി) പണ്ഡിറ്റ് കറുപ്പൻ

### ഉത്തരം

1. (സി) പണ്ഡിറ്റ് കറുപ്പൻ
2. (ബി) 1924
   * വൈക്കം സത്യാഗ്രഹകാലത്ത് സന്നദ്ധഭടന്മാർക്ക് താമസിക്കാൻ ഗുരു തന്റെ വെല്ലൂർ മഠം വിട്ടുകൊടുക്കുകയും സാമ്പത്തികസഹായത്തിനായി ശിവഗിരിയിൽ പണ്ട് ആരംഭിക്കുകയും ചെയ്തു.
3. (ഡി) ശ്രീനാരായണഗുരു
   * കാളയെപ്പോലെ പണിയെടുക്കൂ; സന്യാസിയെപ്പോലെ ജീവിക്കൂ" എന്നു പറഞ്ഞത് ഡോ. അംബേദ്കർ.
4. (എ) 1918
   * ശ്രീനാരായണഗുരു സന്ദർശിച്ച ഏക വിദേശരാജ്യമാണ് ശ്രീലങ്ക. ബോധാനന്ദൻ, സത്യവ്രതൻ, ഹനുമാൻഗിരി, രാമാനന്ദൻ, ശങ്കരാനന്ദൻ എന്നീ അനുയായികളായ സ്വാമിമാർക്കൊപ്പമാണ് ഗുരു ശ്രീലങ്കയിലെത്തിയത്. 12 ദിവസത്തിനു ശേഷം മടങ്ങി.
   * ശ്രീലങ്കയിലെ മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 'വിജ്ഞാനോദയയോഗം' സംഘടിപ്പിച്ച് സ്വാമി സത്യവ്രതനെ അവിടെ നിയോഗിച്ചു. മൂന്നു കൊല്ലത്തോളം അദ്ദേഹം അവിടെ പ്രവർത്തിച്ചു.
5. (ബി) കുമാരനാശാൻ
6. (ഡി) അയ്യങ്കാളി
   * പൊതുപ്രവർത്തനത്തിൽ തന്റെ പിൻഗാമിയായി അയ്യങ്കാളി നിശ്ചയിച്ചിരുന്നത് മരുമകനായ ടി.ടി.കേശവൻശാസ്ത്രിയെയായിരുന്നു.
   * കൊച്ചിൻ പുലയമഹാസഭയുടെ ആദ്യ സെക്രട്ടറിയായിരുന്നു പി.സി.ചാഞ്ചൻ.
7. (സി) ആലത്തൂർ ശിവയോഗി
   * ശ്രീനാരായണഗുരുവുമായും ആലത്തൂർ ശിവയോഗിയുമായും അടുപ്പം പുലർത്തിയിരുന്ന സാമൂഹിക പരിഷ്കർത്താവായിരുന്നു വാഗ്ഭടാനന്ദൻ.
8. (എ) 1863
9. (ഡി) തൈക്കാട് അയ്യ
   * തിരുവിതാംകൂർ സർക്കാരിനുകീഴിൽ സൂപ്രണ്ട്, മാനേജർ തുടങ്ങിയ ഉദ്യോഗങ്ങൾ വഹിച്ചതിനാലാണ് ഇപ്രകാരം അറിയപ്പെട്ടത്.
10. (എ) അയ്യാ വൈകുണ്ഠർ
   * 'മുടിചൂടും പെരുമാൾ' എന്നാൽ 'കിരീടം ചൂടിയ വിഷ്ണു' എന്നാണർഥം. താഴ്ന്ന ജാതിക്കാർ ഇപ്രകാരം പേരുപയോഗിക്കുന്നത് യാഥാസ്ഥിതികർ എതിർത്തതിനാൽ അയ്യാ വൈകുണ്ഠരുടെ മാതാപിതാക്കൾക്ക് കുട്ടിയുടെ പേര് 'മുത്തുക്കുട്ടി' എന്നു മറ്റേണ്ടി വന്നു.

## X

1. ചട്ടമ്പിസ്വാമികൾ ജനിച്ച സ്ഥലം:
   (എ) കൊല്ലൂർ (ബി) പന്മന
   (സി) ചെമ്പഴന്തി (ഡി) വെങ്ങാനൂർ
2. താഴെപ്പറയുന്നവയിൽ ബ്രഹ്മാനന്ദ ശിവയോഗി സ്ഥാപിച്ച സംഘടനയേത്?
   (എ) ആത്മവിദ്യാസംഘം
   (ബി) ആനന്ദമഹാസഭ
   (സി) യോഗക്ഷേമസഭ
   (ഡി) സാധുജനപരിപാലനസംഘം
3. ഏതു പേരിലുള്ള ബോട്ടിൽ സഞ്ചരിക്കവെയാണ് അതുമറിഞ്ഞ് കുമാരനാശാൻ മുങ്ങിമരിച്ചത്?
   (എ) വിക്ടോറിയ (ബി) കൈരളി
   (സി) റെഡീമർ
   (ഡി) സാവോ ഗബ്രിയേൽ
4. 'മദ്യം വിഷമാണ്. അതുണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്'– ഇപ്രകാരം ഉദ്ദേശിച്ചത്:
   (എ) തൈക്കാട് അയ്യ
   (ബി) ശ്രീനാരായണഗുരു
   (സി) വൈകുണ്ഠസ്വാമികൾ
   (ഡി) ചട്ടമ്പിസ്വാമികൾ
5. തൈക്കാട് അയ്യയുടെ യഥാർഥ പേര്:
   (എ) അയ്യപ്പൻ (ബി) ഗോവിന്ദൻ
   (സി) സുബ്ബരായൻ
   (ഡി) ബാലകൃഷ്ണൻ
6. 'അഭിനവകേരളം' എന്ന പ്രസിദ്ധീകരണം ആരംഭിച്ചതാര്?
   (എ) കുമാരനാശാൻ (ബി) വാഗ്ഭടാനന്ദൻ
   (സി) വി.ടി.ഭട്ടതിരിപ്പാട്
   (ഡി) കെ.കേളപ്പൻ
7. 'വേദാധികാരനിരൂപണ'ത്തിന്റെ കർത്താവ്:
   (എ) ശ്രീനാരായണഗുരു
   (ബി) ആഗമാനന്ദൻ
   (സി) ചട്ടമ്പിസ്വാമികൾ
   (ഡി) വാഗ്ഭടാനന്ദൻ
8. ശ്രീനാരായണഗുരുവിനെ സന്ദർശിക്കാൻ കഴിഞ്ഞത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമെന്ന് വിശേഷിപ്പിച്ച മഹാനാര്?
   (എ) ഗാന്ധിജി
   (ബി) സി.എഫ്.ആൻഡ്രൂസ്
   (സി) ചട്ടമ്പിസ്വാമികൾ
   (ഡി) രവീന്ദ്രനാഥ് ടാഗോർ
9. അധഃസ്ഥിതർക്കായി 1904ൽ അയ്യങ്കാളി എവിടെയാണ് വിദ്യാലയം സ്ഥാപിച്ചത്?
   (എ) വിഴിഞ്ഞം (ബി) വർക്കല
   (സി) കൊല്ലം (ഡി) വെങ്ങാനൂർ
10. സമത്വസമാജത്തിന്റെ സ്ഥാപകൻ:
   (എ) ഡോ. പൽപ്പു
   (ബി) ശ്രീനാരായണഗുരു
   (സി) അയ്യാ വൈകുണ്ഠർ
   (ഡി) തൈക്കാട് അയ്യ

### ഉത്തരം


1. (എ) കൊല്ലൂർ
   * തിരുവനന്തപുരം ജില്ലയിലെ കണ്ണമ്മൂലയിലെ കൊല്ലൂർ മഠത്തിലാണ് ചട്ടമ്പിസ്വാമികൾ ജനിച്ചത്.
2. (ബി) ആനന്ദമഹാസഭ
3. (സി) റെഡീമർ
   * വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ ഉൾപ്പെടുന്ന കവിത്രയത്തിൽ ആദ്യം കാലയവനിക്കുള്ളിൽ മറഞ്ഞത് (1924) കുമാരനാശാനാണ്.
4. (ബി) ശ്രീനാരായണഗുരു
   * ഈഴവസമുദായംഗങ്ങൾ കള്ള് ചെത്ത് തൊഴിലിലാണ് പ്രധാനമായും ഏർപ്പെട്ടിരുന്നത്. അതുപേക്ഷിച്ച് വിദ്യാഭ്യാസം നേടാനും വ്യാപാര വാണിജ്യങ്ങൾ നടത്തി അഭിവൃദ്ധിപ്പെടാനും ശ്രീനാരായണഗുരു ആഹ്വാനം ചെയ്തു.
5. (സി) സുബ്ബരായൻ
   * കേരളത്തിനു വെളിയിൽ ജനിച്ച അദ്ദേഹം പിൽക്കാലത്ത് തിരുവനന്തപുരം നഗരത്തിലെ തൈക്കാട് എന്ന സ്ഥലം പ്രവർത്തനകേന്ദ്രമിറക്കിയതിനാൽ "തൈക്കാട് അയ്യ' എന്നറിയപ്പെട്ടു.
6. (ബി) വാഗ്ഭടാനന്ദൻ
7. (സി) ചട്ടമ്പിസ്വാമികൾ
8. (ഡി) രവീന്ദ്രനാഥ് ടാഗോർ
   * സി.എഫ്. ആൻഡ്രൂസും ടാഗോറിനൊപ്പമുണ്ടായിരുന്നു. സന്ദർശനത്തിനെക്കുറിച്ച് പിന്നീട് ടാഗോർ എഴുതി: "ഞാൻ ലോകത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് വരികയാണ്. ഇതിനിടെ പല സിദ്ധന്മാരെയും മഹർഷിമാരെയും കണ്ടിട്ടുണ്ട്. എന്നാൽ നാരായണഗുരുവിനേക്കാൾ ആയ ഒരു മഹാത്മാവിനെ എങ്ങും കണ്ടിട്ടില്ല.
9. (ഡി) വെങ്ങാനൂർ
   * തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലാണ് വെങ്ങാനൂർ.
10. (സി) അയ്യാ വൈകുണ്ഠർ
   * കേരള ചരിത്രത്തിലെ ആദ്യത്തെ സാമൂഹികസംഘടനയെന്ന് വിശേഷിപ്പിക്കപ്പെടുന്നത് സമത്വസമാജമാണ്.

# Kerala Renaissance

1. Who is the author of the book 'Brahmarshi Sree Narayana Guru' which is selected by National Academy of Letters to translate into 23 languages including English?
   (a) T.Bhaskaran (b) Kumaranasan
   (c) Dr.Palpu (d) Natarajaguru
2. Under whose compulsion C.Kesavan joined Law College Thiruvananthapuram to study law?
   (a) Kumaranasan (b) Dr.Palpu
   (c) Sree Narayana Guru (d) C.V.Kunhiraman
3. From whom Chattampi Swami learned Marma Vidhya?
   (a) Atmananda Swamikal
   (b)Agamananda Swamikal (c) Thycaud Ayya
   (d) Ayya Vaikundar
4. C.Kesavan married Vasanthi, a school teacher, who was the daugher of the social activist:
   (a) Dr.Palpu (b) Kumaranasan
   (c) C.V.Kunhiraman (d) V.K.Velayudhan
5. The seat of Kerala State Library Council:
   (a) Thrissur (b) Thiruvananthapuram
   (c) Kochi (d) Kozhikode
6. Who was ridiculously called 'Kafur' by the conservative sect of muslims as they opposed his reformist activities?
   (a) Abdur Rehman (b) Vakkom Maulavi
   (c) Kunhahammad Haji
   (d) Thangal Kunj Musalyar
7. The motto of Kerala Sasthra Sahitya Parishad:
   (a) Knowledge is power (b) Sasthram Samoohika Viplavathinu (c) Vayichu Valaruka
   (d) Sakshara Keralam Sundara Keralam
8. The mouth piece of Kerala Grantha Sala Sangham:
   (a) Granthalokam (b) Sahityalokam
   (c) Vigyana Kairali (d) Keli
9. Name the prime minister who visited Kerala during the Liberation Struggle:
   (a) Indira Gandhi (b) Lal Bahadur Shastri
   (c) Jawaharlal Nehru (d) Morarjee Desai
10. The first member of Pulaya community to be nominated to Travancore Legislative Assembly:
    (a) T.T.Kesavan Sasthri (b) P.C.Chanchen
    (c) Pandit Karuppan (d) Ayyankali
11. In which year Dr.P.Palpu was born?
    (a) 1863 (b) 1856
    (c) 1873 (d) 1878
12. The founder of Thathva Prakashika Ashram at Kozhikode:
    (a) Alathur Sivayogi (b) Vagbhatananda
    (c) Sahodaran Ayyappan (d) None of these
13. Who was given the name 'Mudichoodum Perumal' by his parents?
    (a) Ayya Vaikundar (b) Kumaranasan
    (c) Dr.Palpu (d) Pandit Karuppan
14. Vakkom Abdul Khadir Moulavi was born in 1873 in _____ district.
    (a) Kollam (b) Kottayam
    (c) Thiruvananthapuram (d) Ernakulam
15. Jaathikkummi is the famous work of:
    (a) Dr.Palpu (b) Kumaranasan
    (c) Pandit Karuppan (d) Sree Narayana Guru



16. Who studied at the 'Patasala' of Pettayil Raman Pillai asan and became the monitor of the class?
    (a) Sree Narayana Guru (b) Ayyankali
    (c) Chattampi Swamikal (d) Ayya Vaikundar
17. "Not for argument but to know and inform others" these words were the theme of the conferece held at____ under the leadership of Sree Narayana Guru in 1924:
    (a) Aruvippuram (b) Chempazhanthi
    (c) Vaikom (d) Aluva
18. Jnanodayam Sabha' was founded under the patronage of Pandit Karuppan at:
    (a) Anappuzha (b) Kodungallur
    (c) Edakochi (d) Thevara
19. 'Prachina Malayalam' was authored by:
    (a) Sree Narayana Guru (b) Agamananda
    (c) Vagbhatananda (d) Chattampi Swamikal
20. Cochin Pulaya Maha Sabha was founded by:
    (a) Ayyankali (b) T.T.Kesavan Sasthri
    (c) Pandit Karuppan (d) None of these
21. Moksha Pradeepa Khandanam was written by:
    (a) Brahmananda Sivayogi (b) Chattampi Swamikal (c)Sree Narayana Guru
    (d) Agamananda
22. The only foreign country visited by Sree Narayana Guru:
    (a) Nepal (b) Bhutan
    (c) Burma (d) Sri Lanka
23. After becoming the disciple of Sree Narayana Guru to which place Kumaru (Kumaranasan) was sent for higher studies in Sanskrit?
    (a) Bangalore (b) Chennai
    (c) Delhi (d) Mumbai
24. Who authored 'Anandasutram'?
    (a) Sree Narayana Guru



    (b) Brahmananada Sivayogi (c) Chattampi Swamikal (d) Vaikunta Swamikal
25. The only poet in Malayalam who became 'mahakavi' without writing a 'mahakavyam':
    (a) Ulloor (b) Vallathol
    (c) Kumaranasan (d) None of these
26. In which year Sree Narayana Guru established Adwaithasramam at Aluva?
    (a) 1924 (b) 1914
    (c) 1904 (d) 1888
27. The prefix 'Mahakavi' awarded to Kumaranasan by Madras University in the year ___.
    (a) 1922 (b) 1924
    (c) 1920 (d) 1918
28. The name 'Sivagiri' was given by:
    (a) Dr.Palpu (b) Sree Narayana Guru
    (c) Ayyankali (d) Chattampi Swamikal
29. The real name of Vagbhatananda Gurudevar:
    (a) V.K.Gurukkal (b) Subbarayan
    (c) Ayyappan (d) Muthukutty
30. The work of Kumaranasan that depicts the fact 'Mamsanibhadamalla ragam' (Love is not an artifact of flesh):
    (a) Veenapoovu (b) Karuna
    (c) Leela (d) Nalini
31. Who is regared as the greatest Keralite of 20th century?
    (a) Sree Narayana Guru
    (b) Brahmananda Sivayogi
    (c) Ayyankali (d) Thycaud Ayya
32. "His grandfather Hrishikesan and his father Muthukumaran were great yogis and were migrated to Tamilnadu from Pampumkadu in Malabar during Tipu Sultan's aggression. Lord Subramanya was their family deity. At the age of 12, he received spiritual initiation from two Tamil Saints, Sachidananda Maharaj and Sri Chitti Paradeshi."-The person mentioned here is:
    (a) Ayya Vaikundar (b) Thycaud Ayya
    (c) Chattampi Swamikal (d) Karunakara Guru
33. 'I have been touring different parts of the world. During these travels, I have had the good fortune to come into contact with several saints and maharshis. But I have frankly to admit that I have never come across one who is spiritually greater than Swami Sree Narayana Guru of Kerala" Whose words are these?
    (a) Gandhiji (b) Rabindranath Tagore
    (c) Thycaud Ayya (d) Ramana Maharshi
34. The first Sanyasa disciple of Sree Narayana Guru:
    (a) Sivalinga Swamikal
    (b) Bodhananda Swamikal
    (c) Anandatheertha Swamikal (d) Kittan Writer
35. Atmopadeshasatakam was authored by:
    (a) Agamananda (b) Dr.Palpu
    (c) Kumaranasan (d) Sree Narayana Guru
36. Kumaranasan passed away in:
    (a) 1924 (b) 1928
    (c) 1922 (d) 1923
37. Vagbhatananda Gurudevar was a disciple of :
    (a) Sree Narayana Guru
    (b) Chattampi Swamikal (c) Agamananda
    (d) Thycaud Ayya
38. The novel 'Guru' depicts the life of Sree Narayana Guru is authored by:



    (a) K.Surendran (b) R.Sukumaran
    (c) O.V.Vijayan (d) Karunakara Guru
39. Which organisation inspired Ayyan Kali to establish Sadhujana Paripalana Sangham?

## കേരള നവോത്ഥാന നായകർ

### കൃഷ്ണാദിയാശാൻ (1877–1937)

* കൊച്ചി പുലയമഹാസഭ രൂപവത്കരിക്കുന്നതിന് നേതൃത്വം നൽകിയ കൃഷ്ണാദിയാശാൻ ദളിത് വിഭാഗത്തിൽനിന്നുയർന്നുവന്ന നവോത്ഥാന നായകനാണ്.
* 1877 ഒക്ടോബർ ആറിന് എറണാകുളം ജില്ലയിലെ മുളവുകാട് തുരുത്തിലെ കല്ലച്ചംമുറി വീട്ടിൽ ചാത്തന്റെയും കാളിയുടെയും ആറാമത്തെ മകനായി കൃഷ്ണാദി ജനിച്ചു. പുലയസമുദായാംഗമായതിനാൽ അദ്ദേഹത്തിന് സ്കൂളിൽ പഠിക്കാൻ കഴിഞ്ഞില്ല. എങ്കിലും അദ്ദേഹം രഹസ്യമായി സംസ്കൃതവും സംഗീതവും പഠിച്ചു.
* തന്റെ സമുദായത്തിന്റെ വിമോചനത്തിന് ഒരു സംഘടന അനിവാര്യമാണെന്ന് മനസ്സിലാക്കിയ കൃഷ്ണാദി 1913 ഏപ്രിൽ ഒന്നിന് രൂപംകൊടുത്ത പ്രസ്ഥാനമാണ് കൊച്ചി പുലയമഹാസഭ. ഇതിന്റെ മുന്നോടിയായി ഒരു യോഗംചേരാൻ സ്ഥലം ലഭിക്കാത്തതിനാൽ കായലിൽ വള്ളങ്ങൾ കൂട്ടിക്കെട്ടിയാണ് യോഗം ചേർന്നത്.
* 1913 മെയ് 13–ന് എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്കൂളിൽവച്ച് പുലയമഹാസഭയുടെ ആദ്യയോഗം ചേർന്നു. സംഘടനാ പ്രവർത്തനങ്ങൾ നടത്തിയതിന് അദ്ദേഹം നിരവധി പ്രാവശ്യം മർദ്ദനത്തിനിരയായി.
* സ്വന്തം ജാതിക്കാരെ സംസ്കൃതം പഠിപ്പിക്കാൻ ശ്രമിച്ച് അദ്ദേഹം കൃഷ്ണാദിയാശാനായി. ഹിന്ദുക്കളിൽപ്പെട്ടവർതന്നെയായ ദളിതർക്ക് ആരാധനാസ്വാതന്ത്ര്യം നിഷേധിക്കുന്നത് കൃഷ്ണാദിയാശാനെ മതവിരോധിയാക്കി.
* ഹിന്ദുമതം മനുഷ്യസ്നേഹം തൊട്ടുതീണ്ടിയിട്ടില്ലാത്ത മതമാണെമെന്ന് പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം 1918–ൽ ക്രിസ്തുമതം സ്വീകരിക്കുകയും സി.കെ.ജോൺ എന്നു പേരുമാറ്റുകയും ചെയ്തു.
* ജാതി വ്യത്യാസമില്ലാത്ത ക്രിസ്തുമതത്തിലേക്ക് നിരവധി പുലയസമുദായാംഗങ്ങളെ അദ്ദേഹം മതംമാറ്റി. എന്നാൽ, ക്രിസ്തുമതവും ദളിതരെ ദളിതരായിത്തന്നെ കാണുന്നുവെന്നത് അദ്ദേഹത്തെ നിരാശനാക്കി. 1937–ൽ കൃഷ്ണാദിയാശാൻ നിര്യാതനായി.

(a) N.S.S. (b) SNDP Yogam
(c) I.N.C. (d) Servants of India Society

40. Name the leader of renaissance who was ousted from his caste for the reason of attending the Ahmedabad Congress Session of 1921?
(a) Mannath Padmanabhan (b) T.K.Madhavan
(c) V.T.Bhatatirippad (d) Ayyankali

41. Whom Sardar K.M.Panicker called the 'Madan Mohan Malavya of Kerala'?
(a) Chattampi Swamikal (b) Mannath Padmanabhan (c) Sree Narayana Guru (d) K.Kelappan

42. Who led the starvation march?
(a) A.K.Gopalan (b) V.T.Bhatatirippad
(c) Mannath Padmanabhan (d) None of these

43. Who was known as the 'Saint without Saffron'?
(a) Thycaud Ayya (b) Ayya Vaikundar
(c) Chattampi Swamikal (d) Sree Narayana Guru

44. Name the leader related to the 'Muthukulam Speech' of 1947?
(a) C.Kesavan (b) Mannath Padmanabhan
(c) A.K.Gopalan (d) Ayyankali

45. Who gave financial aid to Kumaranasan to get education from Bangalore and Kolkata?
(a) T.K.Madhavan (b) Dr.Palpu
(c) Swami Vivekananda (d) M.Govindan

46. Who headed a deputation which submitted a memoradum signed by 23000 persons before the Regent Queen during the Vaikom Satyagraha?
(a) Mannath Padmanabhan (b) Kumaranasan
(c) T.K.Madhavan
(d) Changanassery Parameswaran Pillai

47. The mouth piece of Sadhujana Paripalana Sangham, started in 1913:
(a) Service (b) Yoganadam
(c) Vivekodayam (d) Sadhujana Paripalini

48. The Goverment of Travancore issued orders to open the approach roads to temples to all avarnas in the year:
(a) 1936 (b) 1928
(c) 1948 (d) 1937

49. Name the social reformed who had contacts with Sree Narayana Guru and Brahmananda Sivayogi:
(a) Ayyankali (b) Thycaud Ayya
(c) Vagbhatananda (d) Ayya Vaikundar


50. Who was declared as his successor by Sree Narayana Guru in 1925?
(a) Sathyavratha (b) Bodhananda
(c) Sivalingadasa (d) Prakashananda

51. Kumarakodi is the final resting place of:
(a) Kumaragurudevar (b) Kumaranasan
(c) Vagbhatananda (d) None of these

52. Who organised interdining at Kozhikode and called it "Preethibhojanam"?
(a) Kumaranasan (b) A.Ayyappan
(c) V.T.Bhatathirippad (d) Vagbhatananda

53. Ayyavazhi is related to:
(a) Thycaud Ayya (b) Sahodaran Ayyappan
(c) Ayya Vaikundar (d) None of these

54. Who proclaimed: *It is years since I left castes and religions. Yet some people think that I belong to their caste. That is not correct. I do not belong to any particular caste or religion.*
(a) Mahatma Gandhi (b) T. K. Madhavan (c) Rajaram Mohan Roy (d) Sree Narayana Guru



55. ______ a notable disciple of Sree Nârâyana Guru introduced Guru's visions and ideals to the western world.
(a) Nataraja Guru (b) Kumaranasan
(c) Chattambi Swamikal (d) K.Madhavan

56. How many people signed the Ezhava Memorial?
(a) 10000 (b) 13000
(c) 13176 (d) 10038

57. Who took initiative to establish Samastha Thiruvithamkur Pulayar Mahasabha?
(a) Ayyankali (b) T.V.Thevan
(c) C.K.Karuppan (d) T.T.Kesavan Sastri

58. The organisation in Kerala which was founded in the lines of Servants of India Society?
(a) SNDP (b) NSS
(c) Yogakshema Sabha (d) None of these

59. Which was the mouth piece of Abstention Movement?
(a) Yoganadam (b) Malayali
(c) Kerala Kesari (d) Swadeshabhimani

60. 'Yoganadam' is the publication of:
(a) NSS (b) SNDP
(c) Kalamandalam (d) None of these

61. Who suggested the name Nair Service Society?
(a) K.Paramu Pillai (b) K.Kelappan
(c) Mannath Padmanabhan (d) M.P.Manmadan

62. All are of one Self-fraternity such being the dictum to avow, In such a light how can we take life And devoid of least pity go on to eat.who said?
(a) Tilak (b) Chattambi Swamikal
(c) Rajaram Mohan Roy (d) Sree Narayana Guru

63. Who led 'Jeevasikha Jatha' during the Liberation Struggle?
(a) R.Sankar (b) Mannath Padmanabhan
(c) Panampilly Govindamenon (d) P.T.Chacko

64. Arattupuzha Velayudha Panicker is related to:
(a) Kallumala Strike (b) Oorutambalam Mutiny
(c) Achipudava Samaram (d) Malayali Memorial

65. In 1904 the then Maharajah of _____exempted Nârâyana Guru from personal appearances in court, an honour recognizing the Guru as a distinguished living personality.
(a) Kannur (b) Thalassery
(c) Travancore (d) Cochi

66. The first planned and organized agitation for denied rights in the history of Kerala:
(a) Guruvayur Satyagraha
(b) Paliyam Satyagraha (c) Kalpathy Strike
(d) Vaikom Satyagraha

67. "One caste, One religion and One God for man of the same blood and form, there is no difference animals of the same caste alone procreate Viewed thus all humanity belong to one caste"- In which book of Sree Narayana Guru these words can be seen?
(a) Darshanamala (b) Jati Mimamsa
(c) Daivadasakam (d) Nirvritipanchakam

68. "Here I met a remarkable man" About whom Swami Vivekananda made this comment on hearing the clarifications on 'Chinmudra' ?
(a) Sree Narayana Guru
(b) Chattambi Swamikal (c) Kumaranasan
(d) Dr.Palpu

69. Sree Narayana Guru used saffron colour dress for the first time during the occassion of:
(a) Visiting Ramana Maharshi
(b) First visit to Sri Lanka
(c) Second visit to Sri Lanka
(d) Vaikom Satyagraha

70. "Reminiscences of my life" is the English translation of the autobiography of:
(a) A.K.Gopalan (b) E.M.S.
(c) Mannath Padmanabhan (d) C.Kesavan

71. Bhattarakeswaram Temple is related to:
(a) Thycaud Ayya (b) Ayya Vaikuntar
(c) Sivayogi of Alathur (d) Chattambi Swamikal

72. Where Chattampi Swamikal met Swami Vivekananda?
(a) Ernakulam (b) Panmana
(c) Vadiveeswaram (d) Aniyur

73. "During my travels throughout the world, I have had the good fortune to come in contact with several saints and maharishis... But I have frankly to admit that I have never come across one who is spiritually greater than Swami Narayana Guru or a person who is at par with him in spiritual attainment." Who paid tribute in the above words after visiting Sree Narayana Guru?
(a) Mahathma Gandhi (b) Rabindranath Tagore
(c) C.F.Andrews (d) Ramana Maharshi

74. In which temple consecrated by Sree Narayana Guru installed 'flame'?
(a) Thalassery (b) Karamukku
(c) Sreekanteswaram (d) Murukkumpuzha

75. Which eminent figure of freedom movement of India accompanied Rabindranath Tagore when he visited Sree Narayana Guru?
(a) Vinoba Bhave (b) C.R.Das
(c) C.F.Andrews (d) Annie Besant

76. "If you want to speak of politics in India, you must speak through the language of religion." Who gave this advice to Dr.Palpu?
(a) Sree Narayana Guru
(b) Swami Vivekananda (c) Sarojini Naidu
(d) Chattampi Swamikal

77. After the meeting which eminent personality Sree Narayana Guru wrote 'Municharyapanchakam'(The Path of the Ascetic)?
(a) Mahathma Gandhi
(b) Rabindranath Tagore (c) Ramana Maharshi
(d) C.F.Andrews

78. "Ascetic and holy man who tried to break the Brahmin hold on the performance of religious ceremonies. Attacked caste and associated with Izhavas. Said to have taught yoga to Sree Narayana Guru" –Robin Jeffri made this comment about:
(a) Dr.Palpu (b) Thycaud Ayya



(c) Kumaranasan (d) Chattambi Swamikal

79. Who is referred to as 'Sampooranathevan' in Ayyavazhi mythology?
(a) Thycaud Ayya (b) Ayya Vaikundar
(c) Ayyankali (d) Sree Narayana Guru

80. The autobiography of Swadeshabhimani K.Ramakrishna Pillai:
(a) Ente Katha (b) Ente Jeevithasamaram
(c) Jeevithasamaram (d) *Ende Naadukadathal*

81. The name 'Nivarthana Prakshobhanam' (Abstention Movement) was coined by:
(a) C.Kesavan (b) N.V.Joseph
(c) P.K.Kunj (d) I.C.Chacko

82. Who formed an organization named Uralungal Koolivelakkarude Paraspara Sahayya Sangham(ULCCS ) as part of his social revolutionary mission to fight the caste barriers
(a) Dr.Palpu (b) Vagbhatananda
(c) Sahodaran Ayyappan (d) C.Kesavan

83. C.Kesavan became the Chief Minister of Travancore-Cochin in:
(a) 1951 (b) 1952 (c) 1953
(d) 1954

84. The teeth of Sree Narayana Guru, which is his only mortal remains, is kept at:
(a) Nerul in Navi Mumbai (b) Chempazhanthi
(c) Aluva (d) Varkala

85. The social reformer who worked as proof reader in the publication 'Mangalodayam'?
(a) Sahodaran Ayyappan (b) T.K.Madhavan
(c) EMS Namboothirippad (d) V.T.Bhatathirippad

86. Who authored the publication 'Treatment of Thiyyas in Travancore" in 1896?
(a) Kumaranasan (b) T.K.Madhavan
(c) C.Kesavan (d) Dr.Palpu

87. The leader who had to resign from the post of Deputy President of Legislative Assmebly as he had welcommed C.Kesavan on behalf of the 51 lakh people of Travancore in meeting organised to facilitate C.Kesavan after his release from jail:
(a) Pattom Thanu Pillai (b) A.J.John
(c) T.M.Varghese (d) R.Shankar

88. Who among the following was an exponent of Sivarajayoga?
(a) Thycaud Ayya (b) Ayyankali
(c) Vagbhatananda (d) Agamananda

89. Who among the following was a rationalist?
(a) Kumaranasan (b) C.Kesavan
(c) Chattampi Swamikal (d) Thycaud Ayya

90. The journal 'Sivayogavilasom' was published by:
(a) Alathur Sivayogi (b) Kumaranasan
(c) Vagbhatananda (d) Dr.Palpu

91. Who wrote a series of article in Madras standard to depict the plight of Ezhavas of Travancore with the title 'Thiruvithamkotte Theeyan'?
(a) C.Kesavan (b) Kumaranasan
(c) Narayana Guru (d) Dr.Palpu

92. Who wrote the editorial 'Save the Soul of Gandhiji' when he started fast unto death to protest against Communal Award in 1932?
(a) C.Krishnan (b) Kumaranasan
(c) C.Kesavan (d) Vagbhatananda

93. Who organised the first fisheries Conference in 1949 with a view to evolving sustainable projects and programmes for the development of the costal region and fishermen folk?
(a) Dr.Velukutty Arayan (b) Pandit Karuppan
(c) Ayyathan Gopalan (d) Karumban Daivathan

94. The book 'Christumathachedanam' was written by:
(a) Poikayil Yohannan (b) Dr.Palpu
(c) Ayyathan Gopalan (d) Chattampi Swamikal

95. The venue of Paliyam Satyagraha:
(a) Vaikom (b) Sucheendram
(c) Guruvayur (d) Chennamangalam

96. In which year Gandhiji made a visit to Kerala, that was described by him a 'pilgrimage'?
(a) 1936 (b) 1937
(c) 1938 (d) 1939

97. On whose request the proposed fast unto death by K.Kelappan was given up during Guruvayur Satyagraha?
(a) Vinoba Bhave (b) Jawaharlal Nehru
(c) C.Kesavan (d) Mahathma Gandhi

98. Name the poet who named his residence as *Kerala Varma Soudham* as a mark of respect for Kerala Varma Valiyakoyi Thampuran, who was his close friend:
(a) Vallathol
(b) Muloor Padmanabha Panicker
(c) Ulloor (d) Kumaranasan

99. Yogakshema Sabha was formed in a meeting held under the presidentship of:
(a) E.M.S. (b) V.T.Bhatatiroppad
(c) Desamangalam Sankaran Namboothirippad
(d) Arya Pallam

100. The closest disciple of Sree Narayana Guru who advised the followers of Sree Narayana Guru that they should shed the concept of Sree Narayana Guru as a God
(a) C.Kesavan (b) Dr.Palpu
(c) Vagbhatananda (d) Sahodaran Ayyappan

## Answers

1 (a) 2(c) 3 (a) 4 (c) 5(b) 6(b) 7(b) 8(a) 9(c) 10(d) 11(a) 12(b) 13(a) 14(c) 15(c) 16(c) 17(d) 18(c) 19(d) 20(c) 2 1 (b) 22(d) 23 (a) 24 (b) 25(c)2 6(b) 27(a) 28(b) 29(a) 30(c) 31(a) 32(b) 33(b) 34(a) 35(d)36(a)37(a) 38(a) 39(b) 40(c) 41(b) 42 (b) 43(c) 44 (b) 45(b) 46(d) 47 (d) 48(b)49(c) 50(b) 51(b) 52(d) 53(c) 54(d) 55(a) 56(c) 57(d) 58(b) 59(c) 60(b)61(a) 62(d) 63(b)64(c) 65(c) 66(d) 67(b)68(b) 69(b) 70(c) 71(d) 72(a) 73(b)74(b)75(c)76(b) 77 (c) 78(d)79(b)80(d) 81(d) 82(b) 83(a) 84(a) 85(d)86(d)87(c)88(a) 89(b) 90(c) 91(d) 92(d)93(a) 94(d)95(d) 96(b) 97(d) 98(b) 99(c) 100(d)